بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 5

ലക്കം 29

# ബദർ

വീക്കിലി ഖാദിയാൻ

Weekly
**BADAR Qadian**
Malayalam

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 ജൂലായ് 16/ഹി.ശം. 1399 വഫാ 16/1441 ദുൽഖഅദ് 24


## അല്ലാഹുവിന്റെ വചനം

وَلَیۡسَتِ التَّوۡبَۃُ لِلَّذِیۡنَ یَعۡمَلُوۡنَ السَّیِّاٰتِ ۚ حَتّٰۤی اِذَا حَضَرَ اَحَدَھُمُ الۡمَوۡتُ قَالَ اِنِّیۡ تُبۡتُ الۡـٰٔنَ وَلَا الَّذِیۡنَ یَمُوۡتُوۡنَ وَھُمۡ کُفَّارٌ ؕ (النساء:19)

‘ഏതൊരു കൂട്ടർ തിന്മചെയ്തുകൊണ്ടിരിക്കുകയും അങ്ങനെ അവരിൽ ഒരാൾക്ക് മരണം ആസന്നമാകുകയും ചെയ്താൽ, ‘ഞാൻ ഇപ്പോൾ പശ്ചാത്തപിച്ചു’ എന്നു പറയുകയും ചെയ്യുന്നവർക്കും അവിശ്വാസികളായിത്തന്നെ മരണമടയുന്നവർക്കും സ്വീകാര്യമായ പശ്ചാത്താപമില്ല.’(4:19)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**ഇസ്ലാമിനെ ആദരിക്കുകയും അതിന്റെ പേരിൽ അഭിമാനം കൊള്ളാതിരിക്കുകയും ചെയ്യുന്നവൻ ആരാണെങ്കിലും വേണ്ടില്ല അല്ലാഹു അവന്റെ ആദരവും അഭിമാനവും വകവെക്കുകയില്ല. അവൻ മതനിഷ്ഠയുള്ള മുസ്ലിമുമല്ല.**

**അല്ലാഹുവിന്റെ കാര്യങ്ങളെ നിസ്സാരമായി മനസ്സിലാക്കരുത്. മതപരമായ ഏകപക്ഷീയത കാരണത്താൽ സത്യത്തെ നിഷേധിക്കുകയും സമാധാനത്തിന്റെ കാലത്ത് ആരും വരേണ്ട ആവശ്യമില്ലെന്ന് പറയുകയും ചെയ്തവരെ കരുണാർഹരെന്ന് മനസ്സിലാക്കുക.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### അഹ്മദിയ്യത്ത് മുഖേന ഇസ്ലാമിനു വേണ്ടിയുള്ള പ്രതിരോധം

ഇക്കാലത്ത് അസ്ഹാബുൽ ഫീലിന്റെ(ആനപ്പട)രൂപത്തിൽ ഇസ്ലാമിന്റെ മേൽ ആക്രമണം നടന്നുകൊണ്ടിരിക്കുകയാണ്. മുസ്ലിമീങ്ങളുടെ അവസ്ഥയിൽ ഒരുപാട് ദൗർബല്യങ്ങളുണ്ട്. ഇസ്ലാം നിർധനാവസ്ഥയിലായിരിക്കുന്നു. ആനപ്പട പ്രാബല്യത്തിലാണ്. എന്നാൽ, അല്ലാഹു അതേ മാതൃക വീണ്ടും കാണിക്കാനാഗ്രഹിക്കുന്നു. പക്ഷികളെക്കൊണ്ട് അവൻ പണിയെടുപ്പിക്കും. അവർക്കെതിരിൽ നമ്മുടെ ജമാഅത്ത് എന്താണ്? അവരുടെ ഐക്യത്തിന്റേയും ശക്തിയുടേയും സമ്പത്തിന്റേയും മുന്നിൽ പേരുപോലും ഉൾക്കൊള്ളുന്നില്ല. പക്ഷേ, നമ്മൾ ആനപ്പടയുടെ സംഭവം മുന്നിൽ കാണുന്നു. സമാധാനപ്പെടുത്തുന്ന എങ്ങനെയുള്ള ആയത്തുകളാണ് ഇറക്കിയത്. എനിക്കും ഈ ഇൽഹാമുണ്ടായി. ഇതിൽനിന്ന് അല്ലാഹുവിന്റെ സഹായവും പിന്തുണയും അതിന്റെ ജോലി ചെയ്യുമെന്ന് തന്നെയാണ് വ്യക്തമായും അറിയാൻ കഴിയുന്നത്. വിശുദ്ധ ഖുർആനോടു സ്നേഹമുള്ളവർ മാത്രമേ ഇതിൽ ദൃഢമായും വിശ്വസിക്കുകയുള്ളു. വിശുദ്ധ ഖുർആനോടു സ്നേഹമില്ലെങ്കിൽ, ഇസ്ലാമിനോടു പ്രേമമില്ലെങ്കിൽ അവൻ ഇക്കാര്യങ്ങൾ എപ്പോൾ അംഗീകരിക്കാനാണ്. ഇസ്ലാമും ഈമാനും എന്നു പറയുന്നത് അല്ലാഹുവിന്റെ അഭിപ്രായത്തോടു നമ്മുടെ അഭിപ്രായം ചേർക്കുക എന്നതാണ്. ഇസ്ലാമിനെ ആദരിക്കുകയും അതിന്റെ പേരിൽ അഭിമാനം കൊള്ളാതിരിക്കുകയും ചെയ്യുന്നവൻ ആരാണെങ്കിലും വേണ്ടില്ല അല്ലാഹു അവന്റെ ആദരവും അഭിമാനവും വകവെക്കുകയില്ല. അവൻ മതനിഷ്ഠയുള്ള മുസ്ലിമുമല്ല. അല്ലാഹുവിന്റെ കാര്യങ്ങളെ നിസ്സാരമായി മനസ്സിലാക്കരുത്. മതപരമായ ഏകപക്ഷീയത കാരണത്താൽ സത്യത്തെ നിഷേധിക്കുകയും സമാധാനത്തിന്റെ കാലത്ത് ആരും വരേണ്ട ആവശ്യമില്ലെന്ന് പറയുകയും ചെയ്തവരെ കരുണാർഹരെന്ന് മനസ്സിലാക്കുക. അവരുടെമേൽ അഹോ കഷ്ടം! ഇസ്ലാം എങ്ങനെയാണ് ശത്രുക്കളുടെ വേലിയിൽ കുടുങ്ങിയിട്ടുള്ളതെന്ന് അവർ കാണുന്നില്ല. നാലുഭാഗത്തുനിന്നും അതിന്റെമേൽ ആക്രമണത്തിനുമേൽ ആക്രമണം ഉണ്ടായിക്കൊണ്ടിരിക്കുന്നു. നബി(സ) തിരുമേനിയെ നിന്ദിക്കുന്നു. പിന്നേയും പറയുന്നു ആരും വരേണ്ട ആവശ്യമില്ലെന്ന്!

### സെഡിഷൻ(sedition) നിയമംകൊണ്ട് ഇസ്ലാമിനു തന്നെയാണ് നേട്ടം

സെഡിഷൻ(sedition) നിയമംകൊണ്ട് നമുക്ക് വളരെ നേട്ടമാണ്. നമുക്കു മാത്രമേ ഫലമെടുക്കാൻ കഴിയുകയുള്ളൂ. മറ്റു മതങ്ങളെ ക്ഷയിപ്പിക്കുന്നതിന് ഇതും ഒരു മാർഗമാണ്. എന്തുകൊണ്ടെന്നാൽ നമ്മുടെ പക്കൽ യാഥാർഥ്യങ്ങളുടേയും ജ്ഞാനങ്ങളുടേയും ഖജനാവുകളുണ്ട്. നമ്മൾ അതിന്റെ ഒരിക്കലും അവസാനിക്കാത്ത ഒരു പരമ്പരതന്നെ വെക്കുന്നതായിരിക്കും. ആര്യമതക്കാർക്കോ അല്ലെങ്കിൽ പാതിരിമാർക്കോ എന്ത് ഈശ്വരീയജ്ഞാനമാണ് അവതരിപ്പിക്കാൻ കഴിയുക. പാതിരിമാർ കഴിഞ്ഞ അമ്പതുവർഷത്തിനുള്ളിൽ എന്താണ് കാണിച്ചത്. ഭാവിയിൽ തെറി പറയുകയല്ലാതെ മറ്റെന്തെങ്കിലും അവതരിപ്പിക്കാൻ കഴിയുമോ. ഹിന്ദുക്കളുടെ കൈകളിലും ആക്ഷേപങ്ങളല്ലാതെ മറ്റൊന്നുമില്ല. നാം വാദത്തോടെ പറയുകയാണ്, ഏതെങ്കിലും ആര്യസമുദായക്കാരനേയോ അല്ലെങ്കിൽ പാതിരിയേയോ തങ്ങളുടെ മതങ്ങളുടെ ശ്രേഷ്ഠതകളും സവിശേഷതകളും വിവരിക്കാൻ വിളിക്കുകയാണെങ്കിൽ നമുക്കെതിരിൽ അവർക്ക് ഒരു നിമിഷംപോലും നില്ക്കാൻ കഴിയുകയില്ല.

### പാപപരിഹാര സിദ്ധാന്തം

മതത്തിന്റെ ഒന്നാമത്തെ കല്ല് ദൈവത്തെ തിരിച്ചറിയലാണ്. അതു ശരിയാകാത്തിടത്തോളം മറ്റു കാര്യങ്ങൾ എങ്ങനെ പരിശുദ്ധമാകാനാണ്. ക്രിസ്ത്യാനി മറ്റുള്ളവരുടെ ആന്തരിക പരിശുദ്ധിയിൽ വലിയ ആക്ഷേപം ഉന്നയിക്കാറുണ്ട്. പാപപരിഹാരത്തിന്റെ ലജ്ജാഹീനമായ സിദ്ധാന്തം അംഗീകരിച്ചാണ് ആക്ഷേപം ഉന്നയിക്കുന്നത്. പാപപരിഹാരത്തിൽ വിശ്വാസമുള്ളപ്പോൾ ദൈവശിക്ഷയുടെ ഭയം പിന്നെന്തിനാണ് വെച്ചു പുലർത്തുന്നതെന്ന കാര്യം എനിക്കു മനസ്സിലാകുന്നില്ല. നമ്മുടെ പാപങ്ങളെല്ലാം മിശിഹാ പേറി എന്നതു സത്യമല്ലേ? എത്രത്തോളമെന്നാൽ അദ്ദേഹത്തെ ശപിക്കപ്പെട്ടവൻവരെയാക്കി. മൂന്നു ദിവസം ഹാവിയായിൽ വച്ചു; അതായത് പാപികളെ തള്ളിയിടുന്ന നരകം. അത്തരം അവസ്ഥയിൽ പാപങ്ങൾക്കു പകരം ശിക്ഷ കിട്ടുകയാണെങ്കിൽ പിന്നെ പാപപരിഹാരസിദ്ധാന്തംകൊണ്ടു എന്തു നേട്ടമാണുള്ളത്? പാപപരിഹാര സിദ്ധാന്തംതന്നെ ആഗ്രഹിക്കുന്നത് പാപം ചെയ്യുക എന്നാണ്! സിദ്ധാന്തത്തിന്റെ സ്വാധീനം വ്യാപകമായുണ്ടാകുന്നുവെന്നത് അടിസ്ഥാനപരമായ കാര്യമാണ്. നോക്കൂ! ഹിന്ദുക്കളുടെ പക്കൽ പശു വളരെ പവിത്രവും ബഹുമാനാർഹവുമാണ്. അത് അവരിൽ എത്രത്തോളം സ്വാധീനം ചെലുത്തുന്നുവെന്നാൽ അതിന്റെ മൂത്രവും ചാണകവും പവിത്രവും പവിത്രമാക്കുന്നതുമാണെന്ന് അവരിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. പശുവിനെ സംബന്ധിച്ച് എത്രത്തോളം ആവേശമാണ് അവരിലുള്ളതെന്നാൽ അതിന് പരിധിയൊന്നുമില്ല. ഇക്കാരണത്താലാണ് ഇക്കാര്യം അവരിൽ അടിസ്ഥാനപരമായ നിലയിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളതെന്നോർക്കുക. സിദ്ധാന്തം മാതാവെന്ന നിലയിലും കർമങ്ങൾ മക്കളെന്ന നിലയിലുമുണ്ടാകുന്നു. യേശുമിശിഹാ പാപത്തിന് പരിഹാരമാകുകയും അദ്ദേഹം വിശ്വാസികളുടെ മുഴുവൻ പാപവും പേറുകയും ചെയ്തപ്പോൾ പിന്നെ പാപം ചെയ്യാതിരിക്കാൻ എന്തു കാരണമാണുള്ളത്? അത്ഭുതകരമായ കാര്യം ക്രിസ്ത്യാനി പാപപരിഹാര സിദ്ധാന്തം വിവരിക്കുമ്പോൾ തന്റെ പ്രസംഗം ദൈവത്തിന്റെ കരുണയും നീതിയുംകൊണ്ടാണ് ആരംഭിക്കുന്നത്. എന്നാൽ, ഞാൻ ചോദിക്കട്ടെ, സയ്ദിനുപകരം ബക്കറിനു കഴുമരം കിട്ടിയപ്പോൾ അത് എവിടത്തെ നീതിയും കരുണയുമാണ്. സകല പാപവും യേശു പേറി എന്ന് അടിസ്ഥാനപരമായി നിശ്ചയിക്കപ്പെട്ടപ്പോൾ, ഇതുവരെ ജനിക്കാത്തവരുടേയും പാപം പേറി എന്നുവരുമ്പോൾ പിന്നെ

(ശേഷം പേജ് 8ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# മോക്ഷപ്രാപ്തിക്ക് മുഹമ്മദു നബി(സ)യെ വിശ്വസിക്കണ്ടേ? – 5

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

(തുടർച്ച...) (വാഗ്ദത്ത മഹ്ദീ മസീഹ്)

### നബിയെ പിൻപറ്റൽ അനിവാര്യം:

അവന് ‘*ഖുവ്വത്തെ ഈ ഥാർ*’ (സ്വന്തം താൽപര്യത്തെക്കാൾ മറ്റൊരാളുടെ താൽപര്യത്തിന് പ്രാധാന്യം നല്കൽ) പ്രദാനം[4] ചെയ്യപ്പെടും എന്നതാണ് പൂർണത. അവൻ വിശാലഹൃദയത്തോടെ എന്തൊന്നാണോ അവന്റേതായിട്ടുളളത് അല്ലാഹുവിന്റേതാണെന്ന് മനസ്സിലാക്കും. ഏതൊന്ന് കൊണ്ടാണോ അവൻ മനുഷ്യന് സേവനം ചെയ്തിരുന്നത് ആ വസ്തുക്കൾ അവന്റേതായിരുന്നുവെന്ന് ആർക്കും തോന്നാൻ അവസരം നല്കുകയില്ല. ഉദാഹരണത്തിന് ഉപകാരം ചെയ്യുന്നതിലൂടെ ചിലപ്പോൾ മനുഷ്യൻ തന്റെ ധനം മറ്റൊരാൾക്ക് നല്കിയെന്ന് ആരെയെങ്കിലും ബോധ്യപ്പെടുത്താറുണ്ട്. എന്നാൽ, ഇത് അപൂർണമായ അവസ്ഥയാണ്. ആ വസ്തു തന്റെ വസ്തുവാണെന്ന് മനസ്സിലാക്കുമ്പോഴാണ് അങ്ങനെ തോന്നുന്നത്. അതുകൊണ്ട് ആയത്ത് ഹുദല്ലിൽമുത്തഖീൻ അനുസരിച്ച് അല്ലാഹു വിശുദ്ധ ഖുർആനിൽ വിശ്വസിക്കുന്നവർക്ക് ആ സ്ഥാനത്തുനിന്ന് അഭിവൃദ്ധി നല്കുന്നതാണ്. അപ്പോൾ അവൻ തന്റെ എല്ലാ വസ്തുക്കളേയും അല്ലാഹുവിന്റേതാണെന്ന് മനസ്സിലാക്കും. മറ്റുളളവരെ ബോധ്യപ്പെടുത്തുക എന്ന രോഗവും അവന്റെ മനസിൽനിന്ന് പൊയ്പ്പോകുന്നതാണ്. മനുഷ്യകുലത്തിനോടു മാതാവിന്റെ വാത്സല്യപരമായ ഒരു സഹതാപം അവന്റെ മനസ്സിൽ ഉണ്ടാകുന്നതാണ്. എന്നല്ല, അതിനെക്കാളുപരി അവന്റേതായി മറ്റൊരു വസ്തുവും അവശേഷിക്കുകയില്ല. എല്ലാം അല്ലാഹുവിന്റേതായിത്തീരുന്നതാണ്. ഇതുണ്ടാകുന്നത് അവൻ സത്യഹൃദയത്തോടുകൂടി വിശുദ്ധഖുർആനിലും നബി(സ)തിരുമേനിയിലും വിശ്വസിക്കുമ്പോഴായിരിക്കും. ഇതുകൂടാതെ ഉണ്ടാകുകയില്ല. വിശുദ്ധ ഖുർആനേയും നബി(സ) തിരുമേനിയേയും പിന്തുടരാതെ കേവലം ശുഷ്കമായ തൗഹീദിനെ മോക്ഷത്തിനുളള നിമിത്തമായി സ്ഥാപിക്കുന്നവർ എത്രമാത്രം വഴിപിഴച്ചവരാണ്. എന്നല്ല ദൃശ്യങ്ങൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്നത് അത്തരമാളുകൾ അല്ലാഹുവിൽ സത്യമായി വിശ്വസിക്കുന്നവരല്ലെന്നാണ്. ദുൻയാവിന്റെ അത്യാർത്തിയിൽനിന്നും ആഗ്രഹങ്ങളിൽനിന്നും അവർ പരിശുദ്ധരാവുകയുമില്ല, എന്നിട്ടല്ലേ അവർ ഏതെങ്കിലും പൂർണതയിലേക്ക് അഭിവൃദ്ധിപ്പെടുന്നത്! മനുഷ്യന് സ്വയം തൗഹീദിന്റെ നിഅ്മത്ത് കരസ്ഥമാക്കാൻ കഴിയുമെന്ന കാര്യംതന്നെ തികച്ചും തെറ്റും അന്ധമായ ചിന്താഗതിയുമാണ്. എന്നല്ല തൗഹീദു കിട്ടുന്നതുതന്നെ അല്ലാഹുവിന്റെ ഗ്രന്ഥത്തിലൂടെയാണ്. സ്വന്തം നിലയിൽ എന്തൊന്നാണ് മനസ്സിലാക്കുന്നത് അത് ശിർക്കിൽനിന്ന് മുക്തമല്ല. ഇപ്രകാരംതന്നെ അല്ലാഹുവിന്റെ ഗ്രന്ഥങ്ങളിൽ വിശ്വസിക്കുന്നതിനെക്കുറിച്ചുളള മാനുഷികമായ പരിശ്രമം മനുഷ്യൻ തഖ്‌വാ അവലംബിച്ച് അവന്റെ ഗ്രന്ഥത്തിൽ വിശ്വസിക്കുക എന്ന പരിധിവരെയാണ്. ക്ഷമയോടുകൂടി അതിനെ പിൻപറ്റുക. അതിനെക്കാളുപരി മനുഷ്യനിൽ ശക്തിയില്ല. പക്ഷേ, അല്ലാഹു ഹുദല്ലിൽമുത്തഖീൻ എന്ന ആയത്തിൽ, അവന്റെ ഗ്രന്ഥത്തിലും റസൂലിലും ആരെങ്കിലും വിശ്വസിക്കുകയാണെങ്കിൽ അവൻ കൂടുതൽ സന്മാർഗത്തിന്നർഹനാകുമെന്ന് വാഗ്ദാനം ചെയ്തിരിക്കുന്നു. അല്ലാഹു അവന്റെ കണ്ണു തുറക്കുന്നതാണ്. തന്റെ ഭാഷണങ്ങളും സംബോധനകളുംകൊണ്ട് ബഹുമാനിക്കുന്നതാണ്.[5] വലിയ വലിയ അടയാളങ്ങൾ അവനെ കാണിക്കുന്നതാണ്. അങ്ങനെ തന്റെ ദൈവമുണ്ടെന്ന് ഈ ലോകത്തുതന്നെ അവൻ കാണുകയും പൂർണ തൃപ്തിയടയുകയും ചെയ്യുന്നു. നീ എന്നിൽ പരിപൂർണമായും വിശ്വസിക്കുകയാണെങ്കിൽ ഞാൻ നിന്നിൽ ഇറങ്ങുന്നതാണെന്ന് അല്ലാഹുവിന്റെ ഗ്രന്ഥം പറയുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഹദ്റത്ത് ഇമാം ജഅ്ഫർ സ്വാദിഖ്(റ) പറയുന്നു: ‘ഞാൻ ഈ ആത്മാർഥതയോടും സ്നേഹത്തോടും ഉത്സാഹത്തോടുംകൂടി അല്ലാഹുവിന്റെ ഗ്രന്ഥം പാരായണം ചെയ്തു. അങ്ങനെ അത് ഇൽഹാമിന്റെ വർണത്തിൽ എന്റെ നാവിലൂടെ പുറപ്പെടാൻ തുടങ്ങി. പക്ഷേ, ഖേദകരമെന്ന് പറയട്ടെ, അല്ലാഹുവിന്റെ ഭാഷണമെന്താണെന്നും അല്ലാഹു ആരോടെങ്കിലും സംസാരിക്കുന്നുവെന്ന് ഏതവസ്ഥയിലാണ് പറയപ്പെടുന്നതെന്നും ജനങ്ങൾ മനസ്സിലാക്കുന്നില്ല. എന്നല്ല അധികം അജ്ഞരായ ആളുകളും ‘ശയ്ത്വാനീ ഇൽഖായെ’യാണ് അല്ലാഹുവിന്റെ വചനമെന്ന് മനസ്സിലാക്കുന്നത്. അവർക്ക് ശയ്ത്വാനീയും റഹ്മാനീയുമായ ഇൽഹാം തമ്മിൽ വ്യത്യാസമില്ല. റഹ്മാനീ ഇൽഹാമിനും വഹ്‌യിക്കുമുളള ഒന്നാമത്തെ നിബന്ധന മനുഷ്യൻ കേവലം അല്ലാഹുവിന്റേതാകുകയും ശയ്ത്വാന്റെ ഒരംശവും അവനിലുണ്ടാകാതിരിക്കുകയുംചെയ്യുക എന്നതാണ്. കാരണം എവിടെയാണോ മൃതശരീരമുളളത് അവിടെ തീർച്ചയായും നായ്ക്കളും കൂട്ടമായിട്ടുണ്ടാകും. അതുകൊണ്ടാണ് *അല്ലാഹു ഹൽ ഉനബ്ബിഉക്കും അലാ മൻ തനസ്സലുശ്ശയാത്വീനു തനസ്സലു അലാ കുല്ലി അഫ്ഫാക്കിൻ അഥീം എന്ന് പറയുന്നത്.*(അശ്ശുഅ്റാ:223) എന്നാൽ, ശയ്ത്വാന്റെ അംശമൊന്നുമില്ലാത്തവന്റേയും മോശമായ ജീവിതത്തിൽനിന്ന് മരിച്ചവനെപ്പോലെ അകന്നവന്റേയും സന്മാർഗിയും കൂറുളളവനുമായവന്റേയും അല്ലാഹുവിലേക്ക് വന്നവന്റേയുംമേൽ ശയ്ത്വാന് ആക്രമണം നടത്താൻ സാധ്യമല്ല. *ഇന്ന ഇബാദീ ലയ്സലക്കും അലയ്ഹിം സുൽത്വാൻ*(ഹിജ്ർ:43) എന്ന് അല്ലാഹു പറഞ്ഞതുപോലെ. ശയ്ത്വാന്റേതായിട്ടുളളവനിലേക്കും ശയ്ത്വാന്റെ ശീലമുൾക്കൊള്ളുന്നവനിലേക്കുമാണ് ശയ്ത്വാൻ ഓടുന്നത്. കാരണം അവൻ ശയ്ത്വാന്റെ ഇരയാണ്.

അല്ലാഹുവിന്റെ ഭാഷണങ്ങൾ ഒരു പ്രത്യേക അനുഗ്രഹവും ഗാംഭീര്യവും രസാനുഭവവും ഉൾക്കൊള്ളുന്നുവെന്നത് ഓർക്കുക. എന്തുകൊണ്ടെന്നാൽ അല്ലാഹു കേൾക്കുന്നവനും അറിയുന്നവനും കരുണാമയനുമാണ്. അതുകൊണ്ട് അവൻ തന്റെ ഭക്തരും വിശ്വസ്തരും കൂറുപുലർത്തുന്നവരുമായ ദാസർക്ക് അവരുടെ അപേക്ഷകൾക്കുളള ഉത്തരം നല്കുന്നു. ഈ ചോദ്യോത്തരം മണിക്കൂറുകളോളം നീണ്ടു നിൽക്കാവുന്നതാണ്. ദാസൻ ദൈനതയുടേയും വണക്കത്തിന്റേയും വർണത്തിൽ ഒരു ചോദ്യം ചോദിക്കുമ്പോൾ അതിനുശേഷം കുറച്ചു മിനിറ്റിനുളളിൽ അവനിൽ ഒരു മയക്കം ഉണ്ടാകുകയും ആ മയക്കത്തിന്റെ പിന്നിൽ അവന് മറുപടി കിട്ടുകയും ചെയ്യുന്നു. അതുകഴിഞ്ഞ് ദാസൻ ചോദ്യമെന്തെങ്കിലും ചോദിക്കുകയാണെങ്കിൽ ക്ഷണനേരംകൊണ്ട് അവനിൽ മറ്റൊരു മയക്കം ഉണ്ടാകുന്നു. പതിവുപോലെ അതിന്റെ പിന്നിൽ മറുപടി കിട്ടുന്നു. അല്ലാഹു എത്രമാത്രം ഉദാരനും കരുണാമയനും സൗമ്യനും ആകുന്നുവെന്നാൽ, ഒരു ദാസൻ ആയിരംവട്ടം കുറച്ചു ചോദ്യങ്ങൾ ചോദിച്ചാലും മറുപടി കിട്ടുന്നതാണ്. എന്നാൽ, അല്ലാഹു പരാശ്രയരഹിതനുമാണ്. അവൻ യുക്തിജ്ഞാനത്തേയും നന്മയേയും പരിഗണിക്കാറുണ്ട്. അതുകൊണ്ട് ചില ചോദ്യങ്ങൾക്കുളള മറുപടിയിൽ ആവശ്യപ്പെട്ടതിന്റെ പ്രകടനം ഉണ്ടായിരിക്കുകയില്ല. എന്തിനറിയണം എന്ന് ചോദിക്കുകയാണെങ്കിൽ ആ മറുപടികൾ അല്ലാഹുവിൽനിന്നുളളതാണ്; ശയ്ത്വാനിൽ നിന്നുളളതല്ല. അതിനുളള മറുപടി നാമിപ്പോൾ നല്കിക്കഴിഞ്ഞു.

ശയ്ത്വാൻ ഊമയാണ്. തന്റെ ഭാഷയിൽ സാഹിത്യസമ്പുഷ്ടിയോ ഒഴുക്കോ ഉൾക്കൊള്ളുന്നില്ല. അവന് വാഗ്‌വിലാസവും അധിക അളവിലുളള കാര്യങ്ങളും പറയാൻ ശക്തി ഉണ്ടാകുകയില്ല. ഒരു ദുർഗന്ധംവമിക്കുന്ന രീതിയിൽ ഒന്നോ രണ്ടോ വാക്യം മനസ്സിൽ ഇടുന്നു. അവന് തുടക്കംമുതലെ മാധുര്യത്തോടും പ്രതാപത്തോടും സംസാരിക്കാനോ കുറച്ചുമണിക്കൂറുകൾ തുടർച്ചയായി ചോദ്യങ്ങൾക്ക് മറുപടി കൊടുത്തുകൊണ്ടിരിക്കാനോ കഴിവ് നല്കപ്പെട്ടിട്ടില്ല. അവൻ ബധിരനുമാണ്. എല്ലാ ചോദ്യങ്ങൾക്കും മറുപടി നല്കാൻ സാധിക്കുകയില്ല. അവൻ

(ശേഷം പേജ് 12ൽ)

### ഹദീഥുന്നബ്‌വി (സ):

***നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു,***
***‘എന്റെ ദാസരേ!ഞാൻ ആരേയും അക്രമിക്കുകയില്ല. നിങ്ങളും ആരേയും അക്രമിക്കരുത്. അത് നിങ്ങൾക്കു നിഷിദ്ധമാണ്.’***
***(മുസ്‌ലിം)***

**ത്വാലിബെ ദുആ**
**P.Abdul Ameer**
**Sadr, Ahmadiyya jama’ath Pathapiriyam (Kerala)**

### ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു:**
**‘എന്റെ ദാസരേ! ഞാൻ നിങ്ങൾക്ക് ധരിപ്പിച്ചിട്ടില്ലെങ്കിൽ നിങ്ങളെല്ലാം നഗ്നരാണ്. അതുകൊണ്ട് നിങ്ങളെന്നോടു വസ്ത്രം ആവശ്യപ്പെടുക. ഞാൻ നിങ്ങൾക്കു ധരിപ്പിക്കാം.’(മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama’ath Mathottam (Kerala)**

# ഖുത്ബ ജുമുഅ

**നബി(സ)തിരുമേനിയോടുള്ള സ്നേഹവും പ്രേമവും കാരണത്താൽ ആദരണീയരായ സ്വഹാബാക്കൾക്ക് തങ്ങളുടെ ജീവിതം ഒരു പ്രശ്നമായിരുന്നില്ല.**

**അശ്റമുബശ്ശറ(സ്വർഗം ലഭിക്കുമെന്നുള്ള സന്തോഷവാർത്ത ഈ ലോകത്തുതന്നെ അറിയിക്കപ്പെട്ട (പത്തുസ്വഹാബത്ത്)യിൽ പ്പെട്ട ഉൽകൃഷ്ട ബദ്രീ സ്വഹാബിമാരായ ഹദ്റത്ത് സയീദ് ബിൻ സയ്ദിന്റേയും അബ്ദുർറഹ്മാൻ ബിൻ ഔഫിന്റേയും സ്തുത്യർഹമായ ജീവചരിത്രം വിവരണം**

**ഖുത്ബ ജുമുഅ 2020 ജൂൺ 12/1399 ഇഹ്സാൻ 12**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

اَشۡهَدُ اَنۡ لَّا اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَ رَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ - بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ -
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ - الرَّحۡمٰنِ الرَّحِيۡمِ - مٰلِكِ يَوۡمِ الدِّيۡنِ -
اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ - اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ -
صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ -

ഇന്ന് ഞാൻ വിവരിക്കാൻ പോകുന്ന സ്വഹാബികളിൽ ഒരു സ്വഹാബിയുടെ പേര് സയീദ് ബിൻ സയ്ദ് എന്നാണ്. ഹദ്റത്ത് സയീദിന്റെ പിതാവിന്റെ പേര് സയ്ദ് ബിൻ അംറ് എന്നും മാതാവിന്റെ പേര് ഫാത്വിമ ബിൻത് ബഅ്ജത്ത് എന്നുമായിരുന്നു. അദിയ്യ് ബിൻ കഅ്ബ് ബിൻ ലുവയ്യ് ഗോത്രവുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. ഹദ്റത്ത് സയീദ് ബിൻ സയ്ദിന്റെ സംജ്ഞാനാമം അബുൽ അഅ്വർ എന്നായിരുന്നു. ചിലർ അബുഥൗർ എന്നും പറഞ്ഞിട്ടുണ്ട്. ഹദ്റത്ത് സയീദ് ബിൻ സയ്ദ്(റ) നല്ല പൊക്കമുള്ള, ഗോതമ്പുനിറമുള്ള ശരീരവും ഇടതിങ്ങിയ തലമുടിയോടുംകൂടിയ ആളുമായിരുന്നു. ഇദ്ദേഹം ഹദ്റത്ത് ഉമർ ബിൻ ഖത്വാബ്(റ)ന്റെ പിതൃസഹോദര പുത്രനായിരുന്നു. അദ്ദേഹത്തിന്റെ വംശ പരമ്പര നാലാം തലമുറയിൽ മുഫയ്ലിലെത്തി ഹദ്റത്ത് ഉമറു(റ)മായി ചേരുന്നു. എട്ടാം തലമുറ കഅ്ബ് ബിൻ ബിൻ ലുവയ്യിലെത്തി നബി(സ)തിരുമേനിയുമായി ചേരുന്നു.(ഉസുദുൽഗാബ വാല്യം 2, പേജ് 476, സയീദ് ബിൻ സയ്ദ്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2003)(അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 292, 294, സയീദ് ബിൻ സയ്ദ്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, 1990) (രോശൻ സിത്താരെ, ഗുലാം ബാരി സയ്ഫ്, വാല്യം 2, പേജ് 155 ൽനിന്നെടുത്തത്)

ഹദ്റത്ത് സയീദിന്റെ സഹോദരിയായ ആത്തിക്കയുടെ വിവാഹം ഹദ്റത്ത് ഉമറുമായും ഹദ്റത്ത് ഉമറിന്റെ സഹോദരിയായ ഫാത്വിമയുടെ വിവാഹം ഹദ്റത്ത് സയീദുമായുമാണ് നടന്നത്. ഹദ്റത്ത് ഉമർ(റ) ഇസ്ലാം സ്വീകരിക്കാൻ കാരണക്കാരിയായത് ഈ സഹോദരിയായിരുന്നു. ഹദ്റത്ത് സയീദിന്റെ പിതാവ് സയ്ദ് ബിൻ അംറ് ജാഹിലിയ്യാ കാലത്ത് ഏകദൈവത്തെയാണ് ആരാധിച്ചിരുന്നത്. ഹദ്റത്ത് ഇബ്റാഹീമിന്റെ മതത്തെ അന്വേഷിക്കാറുണ്ടായിരുന്നു. ഇബ്റാഹീമിന്റെ ആരാധ്യനാണ് തന്റെയും ആരാധ്യൻ എന്നും ഇബ്റാഹീമിന്റെ മതം തന്നെയാണ് തന്റെയും മതമെന്നും അദ്ദേഹം പറയുമായിരുന്നു. (ഉസുദുൽഗാബ വാല്യം 2, പേജ് 476, സയീദ് ബിൻ സയ്ദ്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2003)(ഉസുദുൽഗാബ വാല്യം 2, പേജ് 368, സയ്ദ് ബിൻ അംറ് ബിൻ നുഫയ്ൽ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2003)

അക്കാലത്തും ഏകദൈവാരാധകർ ഉണ്ടായിരുന്നു. ഇസ്ലാമിന്റെ ആഗമനത്തിനുമുമ്പേ നബി(സ)തിരുമേനിയുടെ മതമേതായിരുന്നു? എന്നും ആരെയാണ് ആരാധിച്ചിരുന്നത്? എന്നും ചില കുട്ടികൾ ചോദിക്കാറുണ്ട്. നബി(സ)തിരുമേനി ഏറ്റവും ശ്രേഷ്ഠനായ ഏകദൈവ വിശ്വാസിയും ഏകദൈവാരാധകനുമായിരുന്നു.

സയ്ദ് ബിൻ അംറ് എല്ലാവിധത്തിലുള്ള നീചകൃത്യങ്ങളിൽ നിന്നും നിഷിധ കർമങ്ങളിൽ നിന്നും വിട്ടു നിന്നിരുന്നു. ബഹുദൈവാരാധകർ അറുത്ത മാംസം കഴിച്ചിരുന്നില്ല. ഒരിക്കൽ നബി(സ)തിരുമേനിയുമായി അദ്ദേഹത്തിന്റെ കൂടിക്കാഴ്ച അവിടത്തെ നിയോഗത്തിനുമുമ്പേ നടന്നിരുന്നു. അതിന്റെ വിശദീകരണം സ്വഹീഹ് ബുഖാരിയിൽ ഇങ്ങനെ വിവരിക്കപ്പെട്ടിരിക്കുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ) പറയുന്നു: 'നബി(സ)തിരുമേനിക്ക് ദിവ്യസന്ദേശം ലഭിക്കുന്നതിനുമുമ്പേ ഒരു അവസരത്തിൽ ബൽദഖ് താഴ്വരയിൽവച്ച് അവിടന്ന് സയ്ദ് ബിൻ അംറ് ബിൻ നുഫയ്ലിനെ കണ്ടുമുട്ടി. അതായത് നബി(സ)തിരുമേനിയുടെ നുബുവ്വത്ത് വാദത്തിന് മുമ്പേയുള്ള കാര്യമാണ്. ബൽദഖ് മക്കയുടെ പടിഞ്ഞാറുഭാഗത്തുള്ള ഒരു താഴ്വരയുടെ പേരാണ്. മക്കയിലേക്ക് പോകുമ്പോൾ തൻയീം എന്ന വഴിയിലാണ്. അന്നേരം നബിയുടെ അടുക്കൽ ഭക്ഷണത്തിന്റെ ഒരു പൊതി വെക്കപ്പെട്ടു. അവിടന്ന് അതിൽനിന്ന് ഭക്ഷിക്കുവാൻ വിസമ്മതിച്ചു. സയ്ദ് പറഞ്ഞു: നിങ്ങളുടെ വിഗ്രഹങ്ങളുടെ പേരിൽ അറുക്കുന്ന മൃഗങ്ങളുടെ മാംസം ഞാൻ ഭക്ഷിക്കുകയില്ല. അല്ലാഹുവിന്റെ പേരിൽ അറുക്കപ്പെട്ടതിന്റെ മാംസം മാത്രമെ ഞാൻ ഭക്ഷിക്കുകയുള്ളു. നബി(സ)തിരുമേനി അല്ലാഹുവിന്റെ പേരിലല്ലാത്തതിന്റെ നാമത്തിൽ അറുക്കപ്പെട്ടതായിരിക്കുമെന്ന് കരുതി, സൂക്ഷ്മതയുടെ തേട്ടമനുസരിച്ച് തിന്നില്ല. അപ്പോൾ സയ്ദ് പറഞ്ഞു, ഞാനും അല്ലാഹുവിന്റെ പേരിലല്ലാത്തതിന്റെ നാമത്തിൽ അറുക്കപ്പെട്ടത് കഴിക്കാറില്ല. പിന്നീട് നിവേദനം തുടരുന്നു. സയ്ദ് ബിൻ അംറ് ഖുറയ്ശികൾ അറുത്തതിനെ ദോഷമുള്ളതായി മനസ്സിലാക്കിയിരുന്നു. അദ്ദേഹം പറയാറുണ്ടായിരുന്നു, ആടിനെ അല്ലാഹുവാണ് സൃഷ്ടിച്ചത്. അതിന് ആകാശത്തുനിന്ന് മഴ വർഷിച്ചുകൊടുത്തതും ഭൂമിയിൽ അതിനുവേണ്ടി സസ്യങ്ങൾ ഉൽപാദിപ്പിച്ചതും അല്ലാഹു തന്നെ. എന്നിട്ട് അല്ലാഹു അല്ലാത്തവരുടെ പേരിലാണോ നിങ്ങൾ അതിനെ അറുക്കുന്നത്? അതായത് അല്ലാഹു അല്ലാത്തവരുടെ പേതിൽ അറുക്കുന്നതിനെ ആക്ഷേപിച്ചിരുന്നു. അത് വളരെ വലിയ പാപമായി മനസ്സിലാക്കിയിരുന്നു.(സ്വഹീഹ് ബുഖാരി, കിതാബുൽഫളാഇൽ, മനാഖിബുൽ അൻസ്വാർ, ഹദീഥ് 3626)(ഫർഹങ്കെ സീറത്ത് പേജ് 61, സവാർ അക്കാഡമി കറാച്ചി 2003)

സയ്ദ് ബിൻ അംറ് അവിശ്വാസത്തിൽനിന്നും അന്യാരാധനയിൽനിന്നും പിന്തിരിഞ്ഞു. അദ്ദേഹം സത്യം അന്വേഷിച്ച് ദൂരെ ദൂരെയുള്ള രാജ്യങ്ങൾ യാത്രചെയ്തു. അദ്ദേഹത്തിന്റെ യാത്രയെ സംബന്ധിച്ച് മറ്റൊരു നിവേദനത്തിൽ ഇങ്ങനെ വിവരിക്കപ്പെട്ടിരിക്കുന്നു. ഇബ്നു ഉമർ(റ) പറയുന്നു: 'യഥാർഥ മതത്തെ അന്വേഷിച്ച് സയ്ദ് ബിൻ അംറ് ബിൻ നുഫയ്ൽ(റ) ശാമിലേക്ക് പുറപ്പെട്ടു; മതത്തെ സംബന്ധിച്ച് ചോദിക്കുന്നതിനും അതിനെ പിൻപറ്റുന്നതിനും വേണ്ടി. അങ്ങനെ അദ്ദേഹം ഒരു ജൂത പണ്ഡിതനെ കണ്ടുമുട്ടി. അദ്ദേഹത്തോടു അദ്ദേഹത്തിന്റെ മതത്തെ കുറിച്ച് ചോദിച്ചു, പറഞ്ഞുതരിക, ഒരുപക്ഷേ, ഞാൻ നിങ്ങളുടെ മതത്തെ സ്വീകരിക്കുമെന്ന് അദ്ദേഹം പറഞ്ഞു. യഹൂദി പറഞ്ഞു, ഞങ്ങളുടെ മതത്തിൽ വരരുത്. ഇത് വികലമായി കഴിഞ്ഞിരിക്കുകയാണ്. വന്നാൽ, താങ്കളും ദൈവകോപത്തിന്റെ പങ്കു വാങ്ങേണ്ടിവരും. സയ്ദ് പറഞ്ഞു, ഞാൻ ദൈവകോപത്തിൽനിന്ന് ഓടുകയാണ്. അല്ലാഹുവിന്റെ വെറുപ്പ് എനിക്കൊരിക്കലും സഹിക്കാൻ കഴിയുകയില്ല. അതിനുള്ള കഴിവ് എനിക്കെവിടെയാണുള്ളത്. എനിക്ക് വേറെ ഏതെങ്കിലും മതത്തെ കുറിച്ച് പറഞ്ഞു തരാമോ? ആ യഹൂദി പണ്ഡിതൻ പറഞ്ഞു: മനുഷ്യൻ ഹനീഫായിരിക്കണമെന്നാണ് ഞാനാഗ്രഹിക്കുന്നത്. സയ്ദ് ചോദിച്ചു: ഹനീഫ്(ഋജുമാനസൻ) എന്താണ്? അദ്ദേഹം പറഞ്ഞു: 'ഇബ്റാഹീമിന്റെ മതം.' അദ്ദേഹം യഹൂദിയോ നസ്റാണിയോ ആയിരുന്നില്ല. അല്ലാഹുവിനെമാത്രം ആരാധിച്ചിരുന്നു. പിന്നീട് സയ്ദ് അവിടെനിന്നു പുറപ്പെട്ടു. ഒരു ക്രൈസ്തവ പണ്ഡിതന്റെ അടുക്കൽപോയി. അദ്ദേഹത്തിനോടും ഇതുതന്നെ പറഞ്ഞു. താങ്കൾ ഞങ്ങളുടെ മതത്തിൽ ഒരിക്കലും വരരുതെന്ന് അദ്ദേഹവും പറഞ്ഞു. വന്നാൽ താങ്കൾക്ക് അല്ലാഹുവിന്റെ ശാപത്തിൽ പങ്കാളിയാകേണ്ടിവരും. സയ്ദ് പറഞ്ഞു, ഞാൻ അല്ലാഹുവിന്റെ ശാപത്തിൽനിന്ന് ഓടുകയാണ്. അല്ലാഹുവിന്റെ ശാപവും

അവന്റെ കോപവും സഹിക്കാനുള്ള ശക്തി എനിക്കില്ല. താങ്കൾക്ക് വേറെ ഏതെങ്കിലും മതത്തെ കുറിച്ച് എനിക്കു പറഞ്ഞുതരാൻ കഴിയുമോ? മനുഷ്യൻ ഹനീഫാകണമെന്നാണ് ഞാനാഗ്രഹിക്കുന്നത്. ഹനീഫ് എന്താണ് എന്ന് അദ്ദേഹം ചോദിച്ചു. അദ്ദേഹം പറഞ്ഞു: 'ഇബ്റാഹീമിന്റെ മതം.' അദ്ദേഹം യഹൂദിയോ നസ്റാണിയോ ആയിരുന്നില്ല. അല്ലാഹുവിനെമാത്രം ആരാധിച്ചിരുന്നു. ഹദ്റത്ത് സയ്ദ് ഇബ്റാഹീം (അ)നെ കുറിച്ച് അവരുടെ അഭിപ്രായം കേട്ടപ്പോൾ അവിടെനിന്ന് പുറപ്പെട്ടു. പുറത്തു കടന്നപ്പോൾ അദ്ദേഹം കൈ ഉയർത്തി ഇപ്രകാരം പ്രാർഥിച്ചു: 'അല്ലാഹുവേ! ഞാൻ ഇബ്റാഹീമിന്റെ മതത്തിലാണെന്ന് ഞാനിതാ സാക്ഷ്യം വഹിക്കുന്നു.'(സ്വഹീഹുൽ ബുഖാരി, കിതാബുൽഫളാഇൽ മനാഖിബുൽ അൻസ്വാർ, സയ്ദ് ബിൻ അംറ് ബിൻ നുഫയ്ൽ, ഹദീഥ് 3627)

സയ്ദ് ബിൻ അംറ് നബി(സ)തിരുമേനിയുടെ കാലഘട്ടം പ്രാപിച്ചുവെങ്കിലും തിരുമേനിയുടെ ദൈവനിയോഗത്തിനു മുമ്പേ മരണപ്പെട്ടു. ഹദ്റത്ത് ആമിർ ബിൻ റബീഅ വിവരിക്കുന്നു: സയ്ദ് ബിൻ അംറ് മതാന്വേഷണത്തിലായിരുന്നു. അദ്ദേഹം നസ്റാണിയ്യത്തിനേയും യഹൂദിയ്യത്തിനേയും ബിംബങ്ങളും കല്ലുകളും ആരാധിക്കുന്നതിനേയും വെറുത്തിരുന്നു. അദ്ദേഹം തന്റെ ജനതയോടു വിയോജിപ്പു പ്രകടിപ്പിച്ചു. അവരുടെ ബിംബങ്ങളെ-അതിനെയായിരുന്നു അവരുടെ പൂർവികർ ആരാധിക്കാറുണ്ടായിരുന്നത്, ഉപേക്ഷിക്കുകയാണെന്ന് പ്രകടിപ്പിച്ചു. അവർ അറുത്തത് ഭക്ഷിക്കുകയും ചെയ്തിരുന്നില്ല. അദ്ദേഹം ഒരിക്കൽ എന്നോടു ഇപ്രകാരം പറഞ്ഞു: ആമിറേ! നോക്കൂ, എനിക്കെന്റെ സമുദായത്തോട് അഭിപ്രായഭിന്നതയുണ്ട്. ഞാൻ ഇബ്റാഹിമീ മതത്തിന്റെ അനുയായിയാകുന്നു. ഏതൊന്നിനെ അദ്ദേഹം ആരാധിച്ചിരുന്നുവോ, അതായത് ഇബ്റാഹീം(അ)അതിനെ ആരാധിക്കുന്നു. അതിനുശേഷം ഇസ്മായീലിനെ പിൻപറ്റുന്നു. അവർ ആ ഖിബ്ലയിലേക്കു തിരിഞ്ഞാണ് നമസ്കരിക്കാറുണ്ടായിരുന്നത്. പക്ഷേ, ഞാൻ ഇസ്മായീൽ പരമ്പരയിൽ വരുന്ന ഒരു നബിയെ കാത്തിരിക്കുകയാണ്. എന്നാൽ, എനിക്ക് അദ്ദേഹത്തിന്റെ കാലഘട്ടം പ്രാപിക്കാനും അദ്ദേഹത്തെ സാക്ഷ്യപ്പെടുത്താനും അദ്ദേഹത്തിൽ വിശ്വസിച്ച് അദ്ദേഹം സത്യവാനാണെന്ന് സാക്ഷ്യം വഹിക്കാനും സാധിക്കുമെന്നു തോന്നുന്നില്ല. ആമിറേ! താങ്കൾ അദ്ദേഹത്തിന്റെ കാലഘട്ടം പ്രാപിച്ചാൽ അദ്ദേഹത്തിന് എന്റെ സലാം എത്തിക്കുക.' ആമിർ(റ) പറയുന്നു; പിന്നീട് നബി(സ)തിരുമേനി വെളിപ്പെട്ടപ്പോൾ ഞാൻ മുസ്ലിമാകുകയും നബി(സ)തിരുമേനിക്ക് സയ്ദ് ബിൻ അംറിന്റെ സന്ദേശമെത്തിക്കുകയും സലാം അറിയിക്കുകയും ചെയ്തു. നബി(സ)തിരുമേനി സലാമിനു മറുപടി നല്കുകയും അദ്ദേഹത്തിനു വേണ്ടി ദുആ ചെയ്യുകയും ചെയ്തു. എന്നിട്ടു പറഞ്ഞു: 'ഞാൻ സ്വർഗത്തിൽ അദ്ദേഹത്തെ മടിശ്ശീല നിറയ്ക്കുന്ന അവസ്ഥയിൽ കാണുകയുണ്ടായി." (അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, വാല്യം 3, പേജ് 290, സയീദ് ബിൻ സയ്ദ്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, 1990) (രോശൻ സിത്താരെ, ഗുലാം ബാരി സയ്ഫ്, വാല്യം 2, പേജ് 156 ൽനിന്നെടുത്തത്)

താനൊരു ഏകദൈവവിശ്വാസിയാണെന്നതിൽ സയ്ദ് വളരെ അഭിമാനം കൊണ്ടിരുന്നു. ഹദ്റത്ത് അസ്മാ ബിൻത് അബൂബക്കർ(റ) ജാഹിലിയ്യ കാലഘട്ടത്തിലെ ഒരു സംഭവം വിവരിക്കുന്നു: ഞാൻ സയ്ദ് ബിൻ അംറ് ബിൻ നുഫയ്ലിനെ കണ്ടു. കഅ്ബയിൽ ചാരിനിന്നുകൊണ്ട് അദ്ദേഹം പറയുകയായിരുന്നു, ഖുറയ്ശിലെ ആളുകളേ! അല്ലാഹുവാണ! നിങ്ങളിലാരും എന്നെക്കൂടാതെ ഇബ്റാഹീമിന്റെ മതത്തിലില്ല. സയ്ദ് പെൺമക്കളെ ജീവനോടെ കുഴിച്ചുമൂടാറുണ്ടായിരുന്നില്ലേ? അത് അറേബ്യയിലെ ചില ഗോത്രങ്ങളുടെ ആചാരമായിരുന്നു പെൺമക്കളെ ജീവനോടെ കുഴിച്ചുമൂടുക എന്നത്. അദ്ദേഹം കുഴിച്ചുമൂടാറുണ്ടായിരുന്നില്ല. മറിച്ച് ആരാണോ തന്റെ പെൺമക്കളെ കുഴിച്ചുമൂടാൻ ആഗ്രഹിച്ചിരുന്നത് അദ്ദേഹം അറിയുകയാണെങ്കിൽ അവളെ 'കൊല്ലരുത് കൊല്ലരുത്' എന്ന് അവരോടു പറയുമായിരുന്നു. ഞാൻ അവൾക്കുവേണ്ടുന്ന ചെലവ് നിങ്ങൾക്കു ലഭ്യമാക്കുന്നതാണ്. അങ്ങനെ അദ്ദേഹം ആ പെൺകുട്ടിയെ വാങ്ങുമായിരുന്നു. അവൾ യുവതിയാകുമ്പോൾ അവളുടെ പിതാവിനോടു പറയും താങ്കൾ ആഗ്രഹിക്കുന്നെങ്കിൽ ഞാൻ അവളെ താങ്കൾക്കു തരാം. താങ്കൾ ആഗ്രഹിക്കുകയാണെങ്കിൽ ഞാൻ അവളുടെ എല്ലാ ജോലികളും ചെയ്തുതരാം.(സ്വഹീഹ് ബുഖാരി, കിതാബുൽ ഫളാഇൽ, മനാഖിബുൽഅൻസ്വാർ, സയ്ദ് ബിൻ അംറ് ബിൻ നുഫയ്ൽ ഹദീഥ് 3828)

അതായത് വിവാഹം തുടങ്ങിയ ചെലവുകൾ നിറവേറ്റിത്തരുന്നതാണ്. മറ്റൊരു നിവേദനത്തിലുണ്ട്. ഹദ്റത്ത് അസ്മാ ബിൻത് അബൂബക്കർ(റ) വിവരിക്കുന്നു. ആദ്യത്തെ നിവേദനം ബുഖാരിയിലുള്ളതായിരുന്നു. രണ്ടാമത്തേത് അസ്മാ ഉർരിജാലിന്റെ ഗ്രന്ഥമായ 'ഉസുദുൽഗാബ'യിലുള്ളതാണ്. ഹദ്റത്ത് അസ്മാ ബിൻത് അബൂബക്കർ(റ) വിവരിക്കുന്നു. ഞാൻ സയ്ദ് ബിൻ അംറ് ബിൻ നുഫയ്ലിനെ കഅ്ബയിൽ ചാരി നില്ക്കുന്നത് കണ്ടു. അദ്ദേഹം പറയുകയായിരുന്നു, ഖുറയ്ശിലെ ആളുകളേ! ആരുടെ കൈയിലാണോ സയ്ദിന്റെ ജീവനിരിക്കുന്നത് അവനെക്കൊണ്ടു സത്യം. എന്നെക്കൂടാതെ നിങ്ങളിലാരും ഇബ്റാഹീമിന്റെ ദീനിൽ നേരം വെളുപ്പിച്ചിട്ടില്ല. അദ്ദേഹം പറയാറുണ്ടായിരുന്നു, അല്ലാഹുവേ! നീ ഇഷ്ടപ്പെടുന്ന ആരാധനാരീതി എനിക്കറിയാമായിരുന്നെങ്കിൽ ഞാൻ അതുപോലെ ആരാധിക്കുമായിരുന്നു. പക്ഷേ, എനിക്കത് അറിയില്ല. പിന്നീട് അദ്ദേഹം തന്റെ കൈവെള്ളയിൽ സുജൂദ് ചെയ്യുമായിരുന്നു.'(ഉസുദുൽഗാബ വാല്യം 2, പേജ് 369, 370, സയ്ദ് ബിൻ അംറ് ബിൻ നുഫയ്ൽ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2003)

സഈദ് ബിൻ മുസയ്യിബ് നിവേദനം. നബി(സ) തിരുമേനിയുടെ നിയോഗത്തിന് അഞ്ചുവർഷം മുമ്പേയാണ് സയ്ദ് ബിൻ അംറ് വഫാത്തായത്. ആ നേരത്ത് ഖുറയ്ശികൾ കഅ്ബാ ദേവാലയത്തിന്റെ പുനരുദ്ധാരണജോലി ചെയ്യുകയായിരുന്നു. അദ്ദേഹം മരിക്കുമ്പോൾ പറഞ്ഞു: 'ഞാൻ ഇബ്റാഹീമിന്റെ ദീനിലാണുള്ളത്.'

സയീദ് ബിൻ സയ്ദിനെ കുറിച്ചാണ് പറഞ്ഞുവന്നത്. അദ്ദേഹത്തിന്റെ പിതാവിന്റെ സ്മരണ അനുബന്ധമായി വന്നതാണ്. മകനും ഇസ്ലാമിൽ സ്ഥാനം കിട്ടി. പിന്നെ പിതാവിന്റെ നന്മകൾ കാരണത്താൽ അതും ചരിത്രത്തിൽ കാത്തുസൂക്ഷിക്കപ്പെട്ടു. അതുകൊണ്ട് ഞാനിവിടെ വിവരിക്കുകയും ചെയ്തു. കാരണം ഈ നിവേദനങ്ങൾ ബുഖാരിയിലും ലഭിക്കുന്നുണ്ട്. എന്തായാലും ഇനി ഹദ്റത്ത് സയീദ് ബിൻ സയ്ദിന്റെ ബാക്കി കാര്യം പറയുകയാണ്.

ഒരിക്കൽ ഹദ്റത്ത് സയീദ് ബിൻ സയ്ദും ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബും നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി നബിയോട് സയ്ദ് ബിൻ അംറിനെ സംബന്ധിച്ച് അന്വേഷിച്ചു. അതായത് ഹദ്റത്ത് സയീദിന്റെ പിതാവിനെ കുറിച്ച്. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'അല്ലാഹു സയ്ദ് ബിൻ അംറിന് മഗ്ഫിറത്തു നല്കുമാറാകട്ടെ. അദ്ദേഹത്തിനു മേൽ കാരുണ്യം വർഷിക്കുമാറാകട്ടെ. അദ്ദേഹത്തിന്റെ വഫാത്ത് നടന്നത് ഇബ്റാഹീമിന്റെ മതത്തിലാണ്. അതിനുശേഷം മുസ്ലിമീങ്ങൾ സയ്ദ് ബിൻ അംറിനെ സ്മരിക്കുമ്പോഴെല്ലാം അദ്ദേഹത്തിന്റെ റഹ്മത്തിനും മഗ്ഫിറത്തിനും വേണ്ടി ദുആ ചെയ്യുമായിരുന്നു.(അത്ത്വബക്കാത്തുൽ കുബ്റാ, വാല്യം 3, പേജ് 291, സയീദ് ബിൻ സയ്ദ്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, 1990) (രോശൻ സിത്താരെ, ഗുലാം ബാരി സയ്ഫ്, വാല്യം 2, പേജ് 156-157 ൽനിന്നെടുത്തത്)

ഒരു നിവേദനത്തിൽ ഇപ്രകാരം കാണാം. നബി(സ)തിരുമേനിയോട് ഹദ്റത്ത് സയ്ദ് ബിൻ അംറിനെ കുറിച്ച് ചോദിച്ചപ്പോൾ തിരുമേനി പറഞ്ഞു: 'ഖിയാമത്തുനാളിൽ ഒരു സമുദായത്തിന് സമാനമായി അദ്ദേഹം തനിച്ച് എഴുന്നേല്പിക്കപ്പെടുന്നതാണ്.' (ഉസുദുൽഗാബ വാല്യം 2, പേജ് 368, സയ്ദ് ബിൻ അംറ് ബിൻ നുഫയ്ൽ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2003)

മുമ്പേ പറഞ്ഞു കഴിഞ്ഞതുപോലെ ഹദ്റത്ത് സയീദ് ബിൻ സയ്ദ്, ഹദ്റത്ത് ഉമർ(റ)ന്റെ സഹോദരീ ഭർത്താവായിരുന്നു. ഹദ്റത്ത് സയീദ് ബിൻ സയ്ദിന്റെ സഹോദരിയായ ആത്തിക്ക ബിൻത് സയ്ദിനെ ഹദ്റത്ത് ഉമർ(റ) വിവാഹം ചെയ്തു. ഹദ്റത്ത് സയീദ് ബിൻ സയ്ദും അദ്ദേഹത്തിന്റെ ഭാര്യയായ ഹദ്റത്ത് ഫാത്വിമ ബിൻത് ഖത്ത്വാബും നബി(സ)തിരുമേനി ദാറു അർഖമിൽ പ്രവേശിക്കുന്നതിനു മുമ്പേഇസ്ലാം മതം സ്വീകരിച്ചിരുന്നു. ഞാൻ പറഞ്ഞതുപോലെ ഹദ്റത്ത് ഉമർ(റ)മുസ്ലിമാകാൻ കാരണക്കാരിയായത് അദ്ദേഹത്തിന്റെ ഭാര്യയായിരുന്നു.(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ വാല്യം 2, പേജ് 476, സയീദ് ബിൻ സയ്ദ്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2003) (അത്ത്വബക്കാത്തുൽ കുബ്റാ, വാല്യം 3, പേജ് 292, സയീദ് ബിൻ സയ്ദ്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, 1990)

ഇതിന്റെ വിശദീകരണം കഴിഞ്ഞ തവണ ഹദ്റത്ത് ഖബ്ബാബ് ബിൻ അറത്തിനെ കുറിച്ച് പറഞ്ഞപ്പോൾ വിശദീകരിച്ചു കഴിഞ്ഞതാണ്. ഇവിടെ ഹദ്റത്ത് സയീദിനെ ഉദ്ധരിക്കുന്നതുകൊണ്ട് ഹ്രസ്വമായി കുറച്ചു വിവരിക്കുകയാണ്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് സീറത്തു ഖാത്തമുന്നബിയ്യീനിൽ എഴുതിയിരിക്കുന്നു: ഹദ്റത്ത് ഹംസത്ത്(റ) ഇസ്ലാം സ്വീകരിച്ച് കുറച്ചു ദിവസം കഴിഞ്ഞപ്പോൾ അല്ലാഹു മുസ്ലിമീങ്ങൾക്ക് മറ്റൊരു സന്തോഷാവസരം കാണിച്ചു. ഇസ്ലാമിന്റെ കഠിനവിരോധിയായിരുന്ന ഹദ്റത്ത് ഉമർ(റ)ഉം മുസ്ലിമായി. ഹദ്റത്ത് ഉമറിൽ ദ്വേഷം ആദ്യമെ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പ്രകൃതിയിൽത്തന്നെ ഉള്ളതായിരുന്നു അത്. പക്ഷേ, ഇസ്ലാമിനോടുള്ള ശത്രുത അത് വീണ്ടും കൂട്ടി. മുസ്ലിമാകുന്നതിനുമുമ്പേ പാവപ്പെട്ടവരും ദുർബലരുമായ മുസ്ലിമീങ്ങളെ അവർ ഇസ്ലാം സ്വീകരിച്ച കാരണത്താൽ ഒരുപാടു ബുദ്ധിമുട്ടിക്കാറുണ്ടായിരുന്നു. താൻ അവരെ ബുദ്ധിമുട്ടിക്കുകയും വിഷമിപ്പിക്കുകയും ചെയ്തിട്ടും ഇക്കൂട്ടർ പിന്മാറുന്നില്ലെന്ന് കണ്ടപ്പോൾ എന്തുകൊണ്ട് ഇതുണ്ടാക്കിയ ആളെ വകവരുത്തി പ്രശ്നം പരിഹരിച്ചുകൂടാ എന്ന് ഉമർ വിചാരിച്ചു. ഈ ഉദ്ദേശ്യത്തോടെ കൈയിൽ ഊരിപ്പിടിച്ച വാളുമായി ഉമർ വീട്ടിൽനിന്നിറങ്ങി. വഴിയിൽ ഒരാളെ കണ്ടു. അയാൾ ഉമറിന്റെ അവസ്ഥകണ്ട് ചോദിച്ചു: ഉമറേ! വാളുമെടുത്ത് ദ്വേഷത്തോടെ എങ്ങോ

ട്ടാണ് പോകുന്നത്? ഉമർ പറഞ്ഞു: ഇന്നു ഞാൻ മുഹമ്മദിന്റെ കഥ കഴിക്കാൻ പോകുകയാണ്. അയാൾ പറഞ്ഞു: ആദ്യം താങ്കളുടെ വീട്ടുകാരുടെ അവസ്ഥ അന്വേഷിക്കുക. താങ്കളുടെ സഹോദരിയും അളിയനും മുസ്‌ലിമായിരിക്കുന്നു. ഇതുകേട്ടപ്പോൾ തന്റെ ദിശമാറ്റി. തന്റെ സഹോദരിയുടെ വീടിന്റെ ഭാഗത്തേക്ക് പോയി. വീടിന് അടുത്തെത്തിയപ്പോൾ ഉള്ളിൽ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്ന ശബ്ദം കേട്ടു. ഖബ്ബാബ് ബിൻ അറത്ത് വളരെ മനോഹരമായ നിലയിൽ അവരെ ഖുർആൻ കേൾപ്പിക്കുകയായിരുന്നു. അതുകേട്ട് ഉമറിന്റെ കോപം ആളിക്കത്തി. ഒറ്റ നിമിഷം കൊണ്ട് വാതിൽ തുറന്ന് അകത്തെത്തി. കാലൊച്ച കേട്ടപാടെ ഖബ്ബാബ് എവിടെയോ പോയി ഒളിച്ചു. ഫാത്വിമ(റ) വിശുദ്ധ ഖുർആന്റെ ഏടുകളും ഞൊടിയിടയിൽ ഒളിപ്പിച്ചു. അപ്പോൾ ഉമർ ഫാത്വിമയോടും അളിയൻ സയീദിനോടും ചോദിച്ചു: 'നിങ്ങൾ നിങ്ങളുടെ ദീനിൽനിന്ന് മാറിയെന്ന് കേട്ടു.' ഇതുപറഞ്ഞുകൊണ്ട് അളിയനെ കൊല്ലുന്നതിനുവേണ്ടി ചാടിപിടിച്ചു. ഫാത്വിമ തന്റെ ഭർതാവിനെ രക്ഷിക്കുന്നതിനുവേണ്ടു ഇടയിൽകയറി. അങ്ങനെ പിടിവലി നടക്കുമ്പോൾ ഹദ്റത്ത് ഫാത്വിമയുടെ മുഖത്ത് പരിക്കേറ്റു. ചോര ഒലിക്കാൻ തുടങ്ങി. മുറിവേറ്റപ്പോൾ ഫാത്വിമയക്ക് ധൈര്യംകൂടി. വളരെ ശക്തമായി അവർ പറഞ്ഞു: 'ഉമറേ! ഞങ്ങൾ മുസ്‌ലിമായിരിക്കുന്നു. നിനക്കു ചെയ്യാവുന്നതൊക്കെ ചെയ്തുകൊള്ളുക. ഞങ്ങൾ ഇസ്‌ലാം ഉപേക്ഷിക്കുകയില്ല.' സഹോദരിയുടെ അചഞ്ചലമായ വാക്കുകൾ കേട്ട് ഉമർ തലയുയർത്തിനോക്കി. സഹോദരിയുടെ മുഖത്തുനിന്ന് ചോര ഒലിക്കുന്നതു കണ്ടപ്പോൾ ഉമർ ആകെ മാറിപ്പോയി. നിങ്ങൾ എന്താണ് വായിച്ചിരുന്നതെന്ന് ഉമർ അവരോടു ചോദിച്ചു. അതു കാണിച്ചു തരാൻ പറഞ്ഞു. അങ്ങനെ തരാൻ പറ്റില്ലെന്ന് ഫാത്വിമ പറഞ്ഞു. നീ അത് നഷ്ടപ്പെടുത്തിക്കളയും. ഉമർ പറഞ്ഞു, ഇല്ല, നഷ്ടപ്പെടുത്തുകയില്ല. തിരിച്ചുതരുന്നതാണ്. അപ്പോൾ ഫാത്വിമ(റ) പറഞ്ഞു, അങ്ങനെ തരാൻ പറ്റില്ല. നീ കുളിച്ചു ശുദ്ധിയായി വരിക. എന്നിട്ടു കാണാം. ഉമർ കുളിച്ചുവന്നപ്പോൾ അവർ വിശുദ്ധ ഖുർആന്റെ ഏടുകളെടുത്ത് മുന്നിൽ വച്ചു. അദ്ദേഹം അതെടുത്തു നോക്കി. സൂറാ ത്വാഹായിലെ പ്രാരംഭ വചനങ്ങളായിരുന്നു അത്. ഹദ്റത്ത് ഉമർ ഭയഹൃദയത്തോടെ അത് വായിക്കാൻ തുടങ്ങി. പ്രകൃതി നല്ലതായിരുന്നു. നബി(സ)തിരുമേനിയുടെ ദുആയുമുണ്ടായിരുന്നു. വായിക്കാൻ തുടങ്ങിയപ്പോൾ ഓരോ വാക്കും ഉമറിന്റെ മനസ്സിൽ ആഴ്ന്നിറങ്ങി. വായിച്ച് വായിച്ച് ഈ രണ്ടു വചനത്തിലെത്തിയപ്പോൾ *ഇന്നനീ അനല്ലാഹു ലാ ഇലാഹ ഇല്ലാ അന ഫഅ്ബുദ്നീ വ അഖിമിസ്സ്വലാത്ത ലിദിക് രീ. ഇന്നസ്സാഅത്ത ആത്തിയത്തുൻ അകാദു ഉഖ്ഫീഹാ ലി തുജ്സാ കുല്ലു നഫ്സിൻ ബിമാ തസ്അ*(20:15,16) തീർച്ചയായും ഞാൻ തന്നെയാണ് അല്ലാഹു. ഞാൻ അല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അതിനാൽ എന്നെ ആരാധിക്കുക. എന്നെ സ്മരിക്കുന്നതിനുവേണ്ടി നമസ്കാരം നിലനിറുത്തുകയും ചെയ്യുക. തീർച്ചയായും അന്ത്യനാൾ വരുന്നതാണ്. ഓരോ ആത്മാവിനും അത് പ്രവർത്തിച്ചതനുസരിച്ച് പ്രതിഫലം നല്കുന്നതിനായി ഞാൻ അതിനെ (ആ സമയത്തെ) വെളിപ്പെടുത്തിയേക്കാം.

ഹദ്റത്ത് ഉമർ ഈ ആയത്ത് വായിച്ചപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ തുറന്നു. അനിയന്ത്രിതനായി പറഞ്ഞു: 'എത്ര അത്ഭുതകരമായ വചനങ്ങളാണ്. എത്ര പരിശുദ്ധമായ വചനങ്ങളാണ്.' ഒളിച്ചിരുന്ന ഖബ്ബാബ് ഇതുകേട്ടപ്പോൾ വെളയിൽവന്നു. അല്ലാഹുവിന് ശുക്ർ ചെയ്തു. പിന്നീട് പറഞ്ഞു, 'ഈ മാറ്റം ഉണ്ടായത് റസൂലുല്ലായുടെ ദുആയുടെ ഫലമായാണ്. അല്ലാഹുവാണ!ഇന്നലെയാണ് അവിടന്ന് ഇങ്ങനെ ദുആ ചെയ്യുന്നതായി ഞാൻ കേട്ടത്, 'അല്ലാഹുവേ! ഉമർ ബിൻ ഖത്ത്വാബിനേയോ അംറ് ബിൻ ഹിശാമിനേയോ അതായത് അബൂജഹൽ ഇവരിലൊരാളെ ഇസ്‌ലാമിന് നല്കിയാലും.' ഇതു കേട്ട് ഹദ്ത്ത് ഉമർ ഹദ്റത്ത് ഖബ്ബാബിനോടു പറഞ്ഞു, നബി(സ)തിരുമേനി എവിടെയാണുള്ളതെന്ന് എനിക്കുടനെ പറഞ്ഞു തരിക. അദ്ദേഹം എവിടെയാണ്? വാളും അദ്ദേഹം ഉറയിലിട്ടിരുന്നില്ല. അങ്ങനെത്തന്നെ പിടിച്ചിരിക്കുകയായിരുന്നു. നബി(സ)തിരുമേനി അക്കാലത്ത് ദാറു അർഖമിലാണുണ്ടായിരുന്നത്. ഖബ്ബാബ് അവിടുത്തെ മേൽവിലാസം പറഞ്ഞുകൊടുത്തു. ഹദ്റത്ത് ഉമർ അവിടെ പോയി. വാതിലിലെത്തി ശക്തമായി മുട്ടി. സ്വഹാബത്ത് താക്കോൽ പഴുതിലൂടെ നോക്കി. ഉമർ ഊരിയവാളുമായി നില്ക്കുന്നതാണ് കണ്ടത്. അതുകണ്ട് വാതിൽ തുറക്കാൻ താമസിച്ചു. വാതിൽ തുറക്കാൻ നബി(സ)തിരുമേനി പറഞ്ഞു.ഹദ്റത്ത് ഹംസത്തും പറഞ്ഞു, (അദ്ദേഹവും അവിടെ ഉണ്ടായിരുന്നു) വാതിൽ തുറക്കുക. സദുദ്ദേശ്യത്തോടെയാണ് വന്നിട്ടുള്ളതെങ്കിൽ നല്ലതുതന്നെ. ദുർവിചാരമാണെങ്കിൽ ഈ വാളുകൊണ്ട് തലകൊയ്യുന്നതായിരിക്കും. വാതിൽ തുറക്കപ്പെട്ടു. ഹദ്റത്ത് ഉമർ ഊരിപ്പിടിച്ച വാളുമായി അകത്തുവന്നു. നബി(സ)തിരുമേനി ഹദ്റത്ത് ഉമറിന്റെ വസത്രത്തിന്റെ കര പിടിച്ചു വലിച്ചുകൊണ്ട് ചോദിച്ചു, 'എന്തുദ്ദേശ്യത്തോടെയാണ് വന്നത്?' അദ്ദേഹം പറഞ്ഞു, 'യാ റസൂലല്ലാഹ്! ഞാൻ മുസ്‌ലിമാകാൻ വന്നതാണ്.' നബി(സ)തിരുമേനി ഈ വാക്കുകൾ സന്തോഷത്തോടെ കേട്ടപ്പോൾ 'അല്ലാഹു അക്ബർ' എന്നു പറഞ്ഞു. എഴുതിയിരിക്കുന്നു: അതിനോടൊപ്പം സ്വഹാബത്തും ഉച്ചത്തിൽ 'അല്ലാഹു അക്ബർ' മുഴക്കി. മക്കയിലെ മലനിരകളിൽ അത് മുഴങ്ങി.(സീറത്തു ഖാത്തമുന്നബിയ്യീൻ പേഡ് 157-159)

ഇതേ സയീദ് തന്നെയാണ് ഹദ്റത്ത് ഉമർ(റ)ന്റെ ഇസ്‌ലാം സ്വീകരണത്തിന് മാർഗമൊരുക്കിയത്. ഹദ്റത്ത് സയീദ് ബിൻ സയ്ദ് പ്രാരംഭ കാല മുഹാജിരീങ്ങളിൽപ്പെട്ട ആളായിരുന്നു. മദീനയിലെത്തി ഹദ്റത്ത് രിഫാഅ ബിൻ അബ്ദുൽമുൻദിറിന്റെ വീട്ടിൽ താമസിച്ചു. അദ്ദേഹം അബൂലുബാബയുടെ സഹോദരനായിരുന്നു.

നബി(സ)തിരുമേനി ഹദ്റത്ത് റാഫിഅ് ബിൻ മാലിക്കിനെ അദ്ദേഹത്തിന്റെ സാഹോദരനാക്കി. ഹദ്റത്ത് ഉബയ് ബിൻ കഅ്ബുമായിട്ടായിരുന്നുവെന്നും മറ്റൊരു നിവേദനത്തിലുണ്ട്. ഹദ്റത്ത് സയീദ് ബിൻ സയ്ദിന് ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാൻ സാധിച്ചിരുന്നില്ല. അദ്ദേഹം ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാതിരിക്കുവാനുള്ള കാരണമിതാണ്, അതായത് ഖുറയ്ശികളുടെ ഒരു സംഘം ശാമിൽനിന്ന് പുറപ്പെട്ടുവെന്ന നിഗമനത്തിൽ നബി(സ)തിരുമേനി മദീനയിൽനിന്ന് പുറപ്പെടുന്നതിനു പതിനഞ്ചു ദിവസം മുമ്പേ ഹദ്റത്ത് ത്വൽഹാ ബിൻ അബ്ദുല്ലാഹ്, ഹദ്റത്ത് സയീദ് ബിൻ സയ്ദ് എന്നിവരെ ആ സംഘത്തെകുറിച്ചറിയുന്നതിനായി അയക്കുകയുണ്ടായി. എന്നാൽ, ഹദ്റത്ത് ത്വൽഹയും ഹദ്റത്ത് സയീദും തിരിച്ചെത്തുന്നതിനു മുമ്പേതന്നെ ആ സംഘം അതുവഴി കടന്നുപോയി എന്ന വിവരം നബി(സ) തിരുമേനിക്കു ലഭിച്ചു. ഹദ്റത്ത് ത്വൽഹയും ഹദ്റത്ത് ഹദ്റത്ത് സയീദ് ബിൻ സയ്ദും ഈ വിവരം അറിയിക്കുന്നതിന് മദീനയിലേക്കു തിരിച്ചു. അവർക്കു രണ്ടുപേർക്കും നബി(സ)തിരുമേനി ബദ്ർ യുദ്ധത്തിന് പുറപ്പെടുന്ന വിവരമുണ്ടായിരുന്നില്ല. നബി(സ)തിരുമേനി ബദ്റിൽ ഖുറയ്ശികളുമായി ഏറ്റുമുട്ടിക്കൊണ്ടിരിക്കുമ്പോഴാണ് അവർ രണ്ടുപേരും മദീനയിലെത്തുന്നത്. അങ്ങനെ അവർ രണ്ടുപേരും നബി(സ)തിരുമേനിയുടെ മുന്നിൽ ഹാജരാകുന്നതിന് മദീനയിൽനിന്ന് പുറപ്പെട്ടെങ്കിലും നബി(സ)തിരുമേനി ബദ്റിൽ നിന്നും തിരിച്ചുവരുമ്പോൾ 'തുർബാൻ' എന്ന സ്ഥലത്തുവച്ച് അവരുമായി കണ്ടുമുട്ടുകയായിരുന്നു. അങ്ങനെ അവർ ബദ്ർ യുദ്ധത്തിൽ പങ്കെടുത്തില്ലെങ്കിലും നബി(സ)തിരുമേനി അവർക്ക് ഗനീമത്തു മുതലിൽ നിന്ന് പങ്ക് നൽകുകയും അവരെ ബദ്രീ സ്വഹാബാക്കളിൽ ഉൾപ്പെടുത്തുകയും ചെയ്തു.

അദ്ദേഹം ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാതിരുന്നതിന്റെ കാരണം ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലായുടെ വിവരണത്തിൽ വിവരിച്ചു കഴിഞ്ഞിട്ടുണ്ട്. എങ്കിലും ഇവിടേയും വിവരിക്കേണ്ടത് നിർബന്ധമാണ്. അതു വിവരിച്ചിട്ട് രണ്ടു മൂന്നുമാസം എന്തായാലും കഴിഞ്ഞു. അതുകൊണ്ടുതന്നെ ഇവിടേയും വിവരിക്കേണ്ടത് അനിവാര്യമാണ്.

അദ്ദേഹം ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാതിരിക്കാനുള്ള കാരണം ഇങ്ങനെ വിവരിക്കപ്പെട്ടിരിക്കുന്നു. നബി(സ)തിരുമേനി ഖുറയ്ശികളുടെ യാത്രാസംഘം സിറിയദേശത്തുനിന്ന് പുറപ്പെടുന്നതിന് ഉദ്ദേശിച്ചപ്പോൾ നബി(സ)തിരുമേനി തന്റെ പുറപ്പെടലിന് പത്തു ദിവസം മുമ്പേ ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലായേയും ഹദ്റത്ത് സയീദ് ബിൻ സഅ്ദിനേയും യാത്രാസംഘത്തിന്റെ വിവരം അറിയുന്നതിന് അയച്ചു. ഇരുവരും പുറപ്പെട്ട് ഹൗറാഅ് എന്ന സ്ഥലത്തെത്തി. അവർ യാത്രാസംഘം കടന്നു പോകുന്നതുവരെ അവിടെ നിന്നു. ചെങ്കടൽ തീരത്തുള്ള ഒരു ജനവാസ താമസസ്ഥലമാണ് ഹൗറാഅ്. ഹിജാസിന്റേയും സിറിയയുടേയും ഇടയിലൂടെ പോകുന്ന യാത്രാസംഘം ഇതിലൂടെയാണ് കടന്നുപോയിരുന്നത്. എന്തായാലും നബി(സ)തിരുമേനിക്ക് ഹദ്റത്ത് ത്വൽഹയും ഹദ്റത്ത് സയീദും മടങ്ങി വരുന്നതിനുമുമ്പേ തന്നെ ഈ വിവരം മനസ്സിലായി. അവിടന്ന്

## ഹദീഥുന്നബ്വി (സ):

***നബി(സ)തിരുമേനി പറഞ്ഞു:'ഒരു കാരക്കയുടെ കീറ് ധർമം ചെയ്തുകൊണ്ടെങ്കിലും നരകത്തെ നിങ്ങൾ സൂക്ഷിക്കുക.' (ബുഖാരി, മുസ്‌ലിം)***

**ത്വാലിബെ ദുആ**
**M.P.Haneef Ahmad**
**Ahmadiyya Jama-ath Koodali, Kerala.**

## ഹദീഥുന്നബ്വി (സ):

**നബി(സ)തിരുമേനി പറഞ്ഞു:മുസ്‌ലിമീങ്ങളെ ശല്യപ്പെടുത്തിയിരുന്ന വഴിവക്കിലെ ഒരു വൃക്ഷം മുറിച്ചു നീക്കിയതിന്റെ പേരിൽ സ്വർഗത്തിൽ സഞ്ചരിക്കാൻ കഴിഞ്ഞ ഒരാളെ ഞാൻ കാണാനിടയായി.' (മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Calicut (Kerala)**

തന്റെ സ്വഹാബത്തിനെ വിളിക്കുകയും ഖുറയ്ശി സംഘത്തിന്റെ പിന്നാലെ എന്ന നിലയിൽ പുറപ്പെടുകയും ചെയ്തു. എന്നാൽ, ഖുറയ്ശി സംഘം മറ്റൊരു വഴിയിലൂടെ അതായത് കടൽത്തീര വഴിയിലൂടെ അതിവേഗം പൊയ്ക്കളഞ്ഞു. ഇത് മുമ്പേയും ഒരിടത്ത് പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്. യാത്രാസംഘം തങ്ങളെ തിരയുന്നവരിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി രാപ്പകൽ നടന്നുകൊണ്ടിരുന്നു. അവിശ്വാസികളുടെ ഈ യാത്രാസംഘം മക്കക്കാരുടേതായിരുന്നു. ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലായും ഹദ്റത്ത് സയീദ് ബിൻ സയ്ദും നബി(സ)തിരുമേനിക്ക് വിവരം നല്കുന്നതിനുവേണ്ടി മദീനയിലേക്ക് പുറപ്പെട്ടു. നബി(സ)തിരുമേനി ബദ്ർ യുദ്ധത്തിനു പുറപ്പെട്ടിരിക്കുന്നുവെന്ന വിവരം അവരിരുവരും അറിഞ്ഞിരുന്നില്ല. നബി(സ)തിരുമേനി ബദ്റിൽ ഖുറയ്ശി സൈന്യത്തോടു യുദ്ധം ചെയ്യുന്ന ദിവസമാണ് അവരിരുവരും മദീനയിലെത്തിയത്. അവരിരുവരും നബി(സ) തിരുമേനിയുടെ സന്നിധിയിൽ ഹാജരാകുന്നതിന് മദീനയിൽനിന്ന് പുറപ്പെട്ടു. ബദ്റിൽനിന്നു തിരിച്ചുവരുമ്പോൾ തുർബാൻ എന്ന സ്ഥലത്ത് നബി(സ)തിരുമേനിയെ അവർ കണ്ടുമുട്ടി. മദീനയിൽനിന്ന് 19 മൈൽ അകലെയുള്ള ഒരു താഴ്വരയാണ് തുർബാൻ. അവിടെ സ്വാദിഷ്ടമായ ജലമുള്ള ധാരാളം കിണറുകളുണ്ട്. ബദ്ർ യുദ്ധത്തിന് പോകുന്ന വഴിക്ക് നബി(സ)തിരുമേനി ഇവിടെ താമസിച്ചു. ഹദ്റത്ത് ത്വൽഹയും ഹദ്റത്ത് സയീദും യുദ്ധത്തിൽ പങ്കെടുത്തിരുന്നില്ല. എന്നാൽ, നബി(സ)തിരുമേനി ബദ്റിൽ ലഭിച്ച യുദ്ധമുതലിൽനിന്ന് അവരിരുവർക്കും വിഹിതം നല്കി; മുമ്പേ പറഞ്ഞതുപോലെ. അവരിരുവരും ബദ്റിൽ പങ്കെടുത്തവരെപ്പോലെ കരുതപ്പെട്ടു. (അത്ത്വബഖാത്തുൽ ഖുബ്റാ ലി ഇബ്നി സഅ്ദ് വാള്യം 3, പേജ് 162, ത്വൽഹ ബിൻ ഉബയ്ദുല്ലാഹ് ഖുറയ്ശി, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)(അസ്സീറത്തുന്നബ്വിയ്യ ഫീ ളൗഇൽ ഖുർആൻ വസ്സുന്ന വാള്യം 2, പേജ് 123, പ്രസാധകർ ദാറുൽഖലം ദിമശ്ഖ്) (ഫർഹങ്കെ സീറത്ത്, സയ്യിദ് ഫള്ലുർറഹ്മാൻ, പേജ് 75, സവാർ അക്കാഡമി പബ്ലിക്കേഷൻസ് കറാച്ചി, 2003)

ഹദ്റത്ത് സയീദ് ബിൻ സയദ് 'അശ്റമുബശ്ശിറ'യിൽപ്പെട്ടയാളാണ്. സ്വർഗസ്ഥരാണെന്ന് നബി(സ)തിരുമേനിയിൽ ഈ ലോകത്തുതന്നെ സുവാർത്ത നല്കിയ സൗഭാഗ്യരായ പത്ത് സ്വഹാബിമാരാണ് അശ്റ മുബശ്ശിറ. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ് വിവരിക്കുന്നു, നബി(സ)തിരുമേനി, അബൂബക്കർ, ഉമർ, ഉഥ്മാൻ, അലി, സുബയ്ർ, അബ്ദുർറഹ്മാൻ ബിൻ ഔഫ്, സഅ്ദ് ബിൻ അബീ വഖാസ്, സയീദ് ബിൻ സയ്ദ്, അബൂ ഉബയ്ദാ ബിൻ അൽജറാഹ്(റ.ഹും) എന്നിവരുടെ ഓരോരുത്തരുടെയും പേരെടുത്തുകൊണ്ട് ഇവർ സ്വർഗസ്ഥരായിരിക്കും എന്ന് പറയുകയുണ്ടായി.(രോശൻ സിത്താരെ , ഗുലാം ബാരി സയ്ഫ്, വാള്യം 2, പേജ് 155)

ഹദ്റത്ത് സയീദ് ബിൻ സയ്ദ്(റ) വിവരിക്കുന്നു: ഞാൻ 9 പേരെക്കുറിച്ച് അവർ സ്വർഗത്തിലാണെന്ന കാര്യത്തിൽ സാക്ഷ്യം പറയുകയാണ്. 10-ാമത്തെ ആളെ കുറിച്ചും അതു പറയുകയാണെങ്കിൽ അതു പാപമായിരിക്കുകയില്ല. അതെങ്ങനെ എന്ന് ചോദിക്കപ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: ഞാൻ നബി(സ)തിരുമേനിയോടൊപ്പം ഹിറ മലയിലായിരുന്നു. അത് ഇളകാൻ തുടങ്ങി. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: ഹിറേ! ഇളകാതിരിക്കുക. തീർച്ചയായും നിന്നിൽ ഒരു നബി അല്ലെങ്കിൽ സ്വദ്ദീഖ് അല്ലെങ്കിൽ ശഹീദാണുള്ളത്. ആ പത്തു സ്വർഗവാസികളാരാണെന്ന് ആരോ ചോദിച്ചു. ഹദ്റത്ത് സയീദ് ബിൻ സയ്ദ്(റ) പറഞ്ഞു: റസൂൽ(സ), അബൂബക്കർ, ഉമർ, ഉഥ്മാൻ, അലി, ത്വൽഹ, സുബയ്ർ, സഅ്ദ്, അബ്ദുർ റഹ്മാൻ ബിൻ ഔഫ്(റ.ഹും). ചോദിക്കപ്പെട്ടു പത്താമത്തെ ആളാരാണ്?ഹദ്റത്ത് സയീദ് ബിൻ സയ്ദ്(റ) പറഞ്ഞു, അത് ഞാനാണ്.(സുനനുത്തിർമിദ് അബ് വാബുൽ മനാഖിബ് ഹദ്റത്ത് സയീദ് ബിൻ സയ്ദ്(റ), ഹദീഥ് 3757)(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ വാള്യം 2, പേജ് 478, സയീദ് ബിൻ സയ്ദ്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2016)

ഹദ്റത്ത് സയീദ് ബിൻ ജുബയ്ർ വിവരിക്കുന്നു: ഹദ്റത്ത് അബൂബക്കർ, ഹദ്റത്ത് ഉമർ, ഹദ്റത്ത് ഉഥ്മാൻ, ഹദ്റത്ത് അലി, ഹദ്റത്ത് ത്വൽഹ, ഹദ്റത്ത് സുബയ്ർ, ഹദ്റത്ത് സഅ്ദ്, ഹദ്റത്ത് അബ്ദുർ റഹ്മാൻ ബിൻ ഔഫ്, ഹദ്റത്ത് സയീദ് ബിൻ സയ്ദ് എന്നിവർ യുദ്ധമൈതാനത്ത് ശത്രുക്കളെ പ്രതിരോധിച്ച് നബി(സ)തിരുമേനിയുടെ മുമ്പിൽ നടക്കുമായിരുന്നു. നമസ്കാരത്തിൽ അവിടത്തെ പിന്നിൽ നിൽക്കുമായിരുന്നു.(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ വാള്യം 2, പേജ് 478, സയീദ് ബിൻ സയ്ദ്, ദാറുൽകുതുബുൽ ഇൽമിയ്യ)

ഹക്കം ബിൻ മുഹമ്മദ് തന്റെ പിതാവിൽനിന്ന് നിവേദനം: അദ്ദേഹം സയീദ് ബിൻ സയ്ദിന്റെ മോതിരത്തിൽ ഖുർആൻ ആയത്ത് എഴുതിക്കണ്ടു.(അത്ത്വബഖാത്തുൽ ഖുബ്റാ ലി ഇബ്നി സഅ്ദ് വാള്യം 3, പേജ് 294, സയീദ് ബിൻ സയ്ദ്, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഹദ്റത്ത് ഉമർ(റ)ന്റെ ഖിലാഫത്തുകാലത്ത് ശാമിലെ യുദ്ധനടപടിക്കായി സൈനികരെ നിയമിക്കുമ്പോൾ ഹദ്റത്ത് സയീദ് ബിൻ സയ്ദ്(റ) ഹദ്റത്ത് അബൂ ഉബയ്ദക്കു കീഴിൽ കാലാൾപ്പടയുടെ ഓഫീസറായി നിയമിതനായി. ദിമിശ്ഖിലെ ഉപരോധത്തിലും യർമൂക്കിലെ നിർണ്ണായകമായ യുദ്ധത്തിലുമെല്ലാം സധൈര്യം പങ്കെടുത്തിരുന്നു. യുദ്ധത്തിന്നിടയിൽ ഹദ്റത്ത് സയീദ് ബിൻ സയ്ദിനെ ഡമാസ്കസിലെ ഗവർണരായി നിയമിച്ചു. പക്ഷേ, അദ്ദേഹം ഹദ്റത്ത് അബൂഉബയ്ദായ്ക്കെഴുതി: നിങ്ങൾ ജിഹാദു ചെയ്യുകയും ഞാനതിൽ പങ്കെടുക്കാതിരിക്കുകയും ചെയ്യുക എന്നത് എനിക്ക് കഴിയുകയില്ല. അതുകൊണ്ട് കത്തു കിട്ടിയുടനെ എന്റെ സ്ഥാനത്ത് മറ്റാരെയെങ്കിലും അയക്കുക. ഞാൻ എത്രയും വേഗം അങ്ങയുടെ അടുത്ത് എത്തുകയാണ്. അങ്ങനെ ഹദ്റത്ത് അബൂഉബയ്ദ(റ) നിർബന്ധിതനായി യസീദ് ബിൻ അബൂസുഫിയാനെ അയച്ചു. ഹദ്റത്ത് സയീദ് ബിൻ സയ്ദ് വീണ്ടും യുദ്ധത്തിൽ ചേർന്നു.(രോശൻ സിത്താരെ , ഗുലാം ബാരി സയ്ഫ്, വാള്യം 2, പേജ് 164)(സയ്റുസ്സ്വഹാബ വാള്യം 2, പേജ് 138, ഹദ്റത്ത് സയീദ് ബിൻ സയ്ദ്, പ്രസാധകർ ദാറു ഇശാഅത്ത്)

ഹദ്റത്ത് സയീദു ബിൻ സയ്ദിന്റെ മുന്നിൽ ധാരാളം വിപ്ലവങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ, നിരവധി ആഭ്യന്തരകലഹങ്ങളുണ്ടായി. എങ്കിലും അദ്ദേഹം തന്റെ സ്വാത്മപരിത്യാഗവും ദൈവഭയവും കാരണത്താൽ ഈ കലഹങ്ങളിൽ നിന്നെല്ലാം മാറി നിന്നു. എന്നാൽ, തന്റെ നിലപാട് വ്യക്തമാക്കുന്നതിൽ ഒരുവിധ മടിയും കാണിച്ചിരുന്നില്ല. ഹദ്റത്ത് ഉഥ്മാൻ ശഹീദായി. അദ്ദേഹം പൊതുവെ കൂഫായിലെ ജാമിഅ മസ്ജിദിലാണ് ഉണ്ടാകാറുള്ളത്. നിങ്ങൾ ഉഥ്മാനോടു പെരുമാറിയതു മുഖേന ഉഹുദ് മലയിളകുകയാണെങ്കിൽ അതിലൊരു അത്ഭുതവുമില്ല. (സയ്റുസ്സ്വഹാബ വാള്യം 2, പേജ് 139)

ഇപ്രകാരം കൂഫായിലെ ജാമിഅ മസ്ജിദിൽ മുഗീറ ബിൻ ശെഅ്ബ, ഹദ്റത്ത് അലിയെ കുറിച്ച് ചീത്ത പറഞ്ഞു. അപ്പോൾ ഹദ്റത്ത് സയീദ് ബിൻ സയ്ദ് പറഞ്ഞു: 'മുഗീറാബിൻ ശെഅ് ബേ! മുഗീറാബിൻ ശെഅ്ബേ! മുഗീറാബിൻ ശെഅ്ബേ! ഞാൻ നബി(സ)തിരുമേനി ഇങ്ങനെ പറയുന്നതായി കേട്ടിട്ടുണ്ട്. ഇവർ പത്തുപേർ സ്വർഗത്തിലായിരിക്കും. അവരിൽ ഒരാൾ ഹദ്റത്ത് അലിയുമാണ്.(രോശൻ സിത്താരെ, ഗുലാം ബാരി സയ്ഫ്, വാള്യം 2, പേജ് 166)

ഹദ്റത്ത് സയീദു ബിൻ സയ്ദ്(റ) ദുആ സ്വീകരിക്കപ്പെടുന്ന വ്യക്തിയായിരുന്നു. ഒരിക്കൽ അദ്ദേഹത്തിനുമേൽ സ്ഥലം കൈയേറി എന്ന ആരോപണം ഉന്നയിക്കപ്പെട്ടു. അതിന്റെ വിശദീകരണം ഇങ്ങനെയാണ്. ഹദ്റത്ത് സയീദു ബിൻ സയ്ദ് (റ)ന്റെ സ്ഥലത്തോടു ചേർന്നുള്ള സ്ഥലം അർവാ ബിൻത് ഉവയ്സ് എന്ന ഒരു സ്ത്രീയുടേതായിരുന്നു. അവർ ഹദ്റത്ത് മുആവിയ നിശ്ചയിച്ച മദീനയിലെ ഗവർണറായ മർവാൻ ബിൻ ഹക്കമിന്റെ അടുത്ത് സയീദു ബിൻ സയ്ദ് തന്റെ സ്ഥലം കൈയേറിയിരിക്കുന്നുവെന്ന് പറഞ്ഞ് പരാതി കൊടുത്തു. മർവാൻ അന്വേഷണത്തിന് ആളെ അയച്ചു. അപ്പോൾ ഹദ്റത്ത് സയീദു ബിൻ സയ്ദ്(റ)അദ്ദേഹത്തിന് മറുപടി കൊടുത്തു: 'ഒരു ചാൺ മുഴം കൈയേറിയാൽ ഖിയാമത്തുന്നാൾ ഏഴു ഭൂമികളും കൈയേറുന്നവന്റെ കഴുത്തിൽ വളയമായിരിക്കും.' അതിനുശേഷം അദ്ദേഹം പറഞ്ഞു: 'അല്ലാഹുവേ! അർവാ കളവാണ് പറയുന്നതെങ്കിൽ അവളെ അവളുടെ കണ്ണിന്റെ കാഴ്ച പോകുന്നതുവരെ നീ മരിപ്പിക്കരുതേ! അവളുടെ ഖബ്ർ അവളുടെ വീടിന്റെ കിണറാകാതിരിക്കുവോളവും!' എഴുതിയിരിക്കുന്നു, അർവാക്ക് ആദ്യം കാഴ്ച നഷ്ടപ്പെട്ടു. പിന്നീട് ഒരു ദിവസം നടക്കുമ്പോൾ തന്റെ തന്നെ വീടിന്റെ കിണറിൽ വീണു മരിച്ചു. അതിനുശേഷം അതൊരു ചൊല്ലായി മാറി. മദീനക്കാർ പറയാൻ തുടങ്ങി, അഅ്മാക്കല്ലാഹു കമാ അഅ്മാ അർവാ അല്ലാഹു നിന്നെ അർവായെ അന്ധയാക്കിയതുപോലെ അന്ധയാക്കുമാറാകട്ടെ.

## ഹദീഥുന്നബ്വി (സ):

***നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹു പറയുന്നു,'എന്റെ ദാസരേ! രാവും പകലും നിങ്ങൾ കുറ്റകൃത്യങ്ങൾ ചെയ്യുന്നു. ഞാനാണെങ്കിൽ എല്ലാ പാപങ്ങളും പൊറുത്തു കൊടുക്കുന്നു. നിങ്ങളെന്നോടു പാപമോചനം അർഥിക്കുക. ഞാൻ നിങ്ങൾക്കു പൊറുത്തുതരാം.'(മുസ്ലിം)***

**ത്വാലിബെ ദുആ:**
**Ahmadiyya Muslim Jama'at Palluruthy, Ernakulam dist:**

## ഹദീസുന്നബ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പുണ്യകർമങ്ങളിൽ ഒന്നിനേയും നീ നിസാരമാക്കിത്തള്ളരുത്;അത് നിന്റെ സഹോദരനുമായി മുഖപ്രസന്നതയോടെ കണ്ടുമുട്ടുക എന്നതാണെങ്കിലും.' (മുസ്ലിം)**

**ത്വാലിബെ ദുആ:**
**Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala**

ഹദ്റത്ത് സയീദു ബിൻ സയ്ദ്(റ) ഹിജ്റ 50 ലോ 51 ലോ ഏകദേശം എഴുപതാം വയസ്സിൽ വെള്ളിയാഴ്ച ദിവസം വഫാത്തായി. ചില നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ പ്രായം എഴുപതിലധികമായിരുന്നു. മദീനയുടെ പരിസരത്തുള്ള അഖീഖ് ആയിരുന്നു അദ്ദേഹത്തിന്റെ സ്ഥിരവാസസ്ഥലം. അറേബ്യൻ ഉപദ്വീപിൽ ഇത്തരം പേരിൽ ധാരാളം താഴ്വരകളുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട മദീനയിലെ താഴ്വര അഖീഖയാണ്. അത് മദീനയുടെ തെക്കുപടിഞ്ഞാറുനിന്ന് വടക്കുകിഴക്കു വരെ വ്യാപിച്ചുകിടക്കുന്നു. അതിൽ മദീന മുനവ്വറയിലെ എല്ലാ താഴ്വരകളുംവന്നു ചേരുന്നു. എന്തായാലും ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ) ജുമാആക്കുവേണ്ടി തയ്യാറായിക്കൊണ്ടിരിക്കുകയായിരുന്നു. അപ്പോഴാണ് സയീദിന്റെ മരണവാർത്തയറിയുന്നത്. അങ്ങനെ അദ്ദേഹം ജുമുആക്കു പോകാതെ ഉടനെ അഖീഖിലേക്കു പോയി. ഹദ്റത്ത് സഅ്ദുബിൻ അബീവഖാസ് മയ്യിത്ത് കുളിപ്പിച്ചു. ജനങ്ങൾ അദ്ദേഹത്തിന്റെ ജനാസ തോളിലേറ്റി മദീനയിൽ കൊണ്ടുവന്നു. പിന്നീട് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ ജനാസ നമസ്കരിപ്പിച്ചു. മദീനയിൽ അദ്ദേഹത്തെ ഖബറടക്കി.(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ വാല്യം 2, പേജ് 478, സയീദ് ബിൻ സയ്ദ്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2003)(സയ്റുസ്സ്വഹാബ വാല്യം 2, പേജ് 138, ഹദ്റത്ത് സയീദ് ബിൻ സയ്ദ്, പ്രസാധകർ ദാറു ഇശാഅത്ത് കറാച്ചി)(ഫർഹങ്കെ സീറത്ത് പേജ് 204, സവാർസ് അക്കാഡമി, കറാച്ചി 2003).

മറ്റൊരു നിവേദനമനുസരിച്ച് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ) ഹദ്റത്ത് സയീദ് ബിൻ സയ്ദിന്റെ(റ) മരണവാർത്ത കേട്ടപ്പോൾ ജുമുഅ നമസ്കരിക്കാനുള്ള തയ്യാറെടുപ്പിലായിരുന്നു. എന്നാൽ, അദ്ദേഹം ജുമുഅയ്ക്ക് പോയില്ല. അദ്ദേഹത്തിന്റെ അടുത്തേക്ക് പോയി. അദ്ദേഹത്തിന്റെ മയ്യിത്ത് കുളിപ്പിച്ചു. സുഗന്ധദ്രവ്യം പൂശി. അദ്ദേഹത്തിന്റെ ജനാസ നമസ്കരിച്ചു. ആഇശ ബിൻത് സഅ്ദ് വിവരിക്കുന്നു, ഹദ്റത്ത് സയീദ് ബിൻ സയ്ദിനെ ഹദ്റത്ത് സഅ്ദ് ബിൻ അബീവഖാസ്(റ) കുളിപ്പിച്ചു. സുഗന്ധദ്രവ്യം പൂശി. പിന്നീട് വീട്ടിൽവന്നു അദ്ദേഹം കുളിക്കുകയും ചെയ്തു. പിന്നീട് വീട്ടിൽനിന്ന് പുറത്തിറങ്ങിയപ്പോൾ പറഞ്ഞു: ഹദ്റത്ത് സയീദ് ബിൻ സയ്ദിനെ കുളിപ്പിച്ച കാരണത്താലല്ല ഞാൻ കുളിച്ചത്. പ്രത്യുത ചൂടു കാരണത്താലാണ് കുളിച്ചത്. ഹദ്റത്ത് സയീദ് ബിൻ സയ്ദിന്റെ ജനാസ നമസ്കാരം ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ നമസ്കരിപ്പിച്ചു. ഹദ്റത്ത് സഅ്ദ് ബിൻ അബീവഖാസ്(റ),ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ)ഇരുവരും ജനാസ ലഹദിനുള്ളിൽ വെക്കുന്നതിനുവേണ്ടി ഖബ്റിൽ ഇറങ്ങി.(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ വാല്യം 2, പേജ് 478, സയീദ് ബിൻ സയ്ദ്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2003) (സയ്റുസ്സ്വഹാബ വാല്യം 2, പേജ് 138, സയീദ് ബിൻ സയ്ദ് ദാറു ഇശാഅത്ത് കറാച്ചി

ഹദ്റത്ത് സയീദ് ബിൻ സയ്ദ്(റ) വിവിധ ഘട്ടങ്ങളിലായി പത്ത് വിവാഹങ്ങൾ കഴിക്കുകയുണ്ടായി. ആ ഭാര്യമാരിൽനിന്ന് പതിമൂന്ന് ആൺമക്കളും പത്തൊൻപത് പെൺമക്കളുമുണ്ടായി. (അത്ത്വബക്കാത്തുൽ കുബ്റാ, വാല്യം 3, പേജ് 292, സയീദ് ബിൻ സയ്ദ്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, 1990)(സയ്റുസ്സ്വഹാബ വാല്യം 2, പേജ് 140, ഹദ്റത്ത് സയീദ് ബിൻ സയ്ദ്, പ്രസാധകർ ദാറു ഇശാഅത്ത് കറാച്ചി)

അടുത്തതായി പറയാൻ പോകുന്നത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)നെക്കുറിച്ചാണ്. ഹ്രസ്വമായി അദ്ദേഹത്തെ കുറിച്ച് പറയാം. ജാഹിലിയ്യാ കാലത്ത് ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫിന്റെ പേര് അബ്ദു അംറ് എന്നായിരുന്നു. മറ്റൊരു നിവേദനപ്രകാരം അബ്ദുൽ കഅ്ബ എന്നായിരുന്നു. മുസ്ലിമായതിനു ശേഷം നബി(സ)തിരുമേനി അദ്ദേഹത്തിന്റെ പേര് മാറ്റി അബ്ദുർറഹ്മാൻ എന്നു വച്ചു.അദ്ദേഹത്തിന്റെ ബന്ധം ബനൂ സഹ്റ ബിൻ കിലാബുമായിട്ടായിരുന്നു.(അത്ത്വബക്കാത്തുൽ കുബ്റാ, വാല്യം 3, പേജ് 92, അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, 1990)

സഹ്‌ല ബിൻത് ആസിം വിവരിക്കുന്നു, ഹദ്റത്ത് അബ്ദുർറഹ്മാന് വെളുത്ത നിറമായിരുന്നു. നീണ്ട കൺപീലികളുള്ള മനോഹരമായ കണ്ണുകളും നീണ്ട മൂക്കും, ചെവികൾക്കു കീഴെ വരെ നീണ്ടതലമുടിയുമുണ്ടായിരുന്നു. നീണ്ട കഴുത്തും ദൃഢമായ കൈപ്പത്തികളും തടിച്ച വിരലുകളുമായിരുന്നു.(അൽഇസ്തീആബ് വാല്യം 2, പേജ് 847, അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), പ്രസാധകർ ദാറുൽജീൽ, ബേറൂത്ത്)

ഇബ്റാഹിം ബിൻ സഅ്ദ് തന്റെ പിതാവിൽനിന്ന് നിവേദനം: ഹദ്റത്ത് അബ്ദുർറഹ്മാൻ പൊക്കുമുള്ളയാളും ചെമപ്പ് കലർന്നവെളുപ്പു നിറമുള്ള വ്യക്തിയും സൗന്ദര്യവാനും മൃദുലമായ തൊലിയുള്ള ആളുമായിരുന്നു. ഖിളാബ്(ഡൈ) ചെയ്യുമായിരുന്നില്ല. അദ്ദേഹത്തെ കുറിച്ച് പറയപ്പെടുന്നു, മുടന്തനായിരുന്നുവെന്ന്. അവിടത്തെ ഈ മുടന്ത് ഉഹുദ് യുദ്ധത്തിനുശേഷമുണ്ടായതാണ്. കാരണം ഉഹുദ് മൈതാനത്ത് ദൈവവഴിയിൽ മുറിവേറ്റിരുന്നു.(ഉസുദുൽഗാബ ഫീ തമീസിസ്സ്വഹാബ വാല്യം 4, പേജ് 292, അബ്ദുർറഹ്മാൻ ബിൻ ഔഫ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995)

ജീവിതകാലത്തുതന്നെ സ്വർഗത്തെക്കുറിച്ച് സുവാർത്ത ലഭിച്ച പത്ത് സ്വഹാബികളിൽപ്പെട്ടയാളായിരുന്നു ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ). ഹദ്റത്ത് ഉമർ(റ) ഖിലാഫത്തിന്റെ തിരഞ്ഞെടുപ്പിനായി നിശ്ചയിച്ച ആറ് ശൂറാ അംഗങ്ങളിൽപ്പെട്ടയാളായിരുന്നു അദ്ദേഹം. ഹദ്റത്ത് ഉമർ(റ) പറഞ്ഞു: നബി(സ)തിരുമേനി തന്റെ വഫാത്തിന്റെ നേരത്ത് ഇവരിലെല്ലാവരിലും തൃപ്തനായിരുന്നു.(അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ വാല്യം 4, പേജ് 290, അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995)

ആന സംഭവം നടന്നതിന്റെ പത്തുവർഷങ്ങൾക്കു ശേഷമാണ് ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) ജനിച്ചത്. ജാഹിലിയ്യാ കാലഘട്ടത്തിൽത്തന്നെ മദ്യപാനം നിഷിദ്ധമാക്കിയ വളരെ ചുരുക്കം ചിലരിൽ അദ്ദേഹവും പെടുന്നു. ആരംഭത്തിൽ ഇസ്‌ലാം സ്വീകരിച്ച എട്ടുപേരിൽ അദ്ദേഹമുണ്ട്. നബി(സ)തിരുമേനി ദാറു അർഖമിനെ തബ്‌ലീഗ് കേന്ദ്രമാക്കുന്നതിനുംമുമ്പേ ഹദ്റത്ത് അബൂബക്കറിന്റെ തബ്‌ലീഗുകൊണ്ട് ഇസ്‌ലാം സ്വീകരിച്ചുകഴിഞ്ഞിരുന്നു. ഹബ്ശയിലേക്കു ചെയ്യപ്പെട്ട രണ്ടു ഹിജ്റത്തുകളിലും അദ്ദേഹം ഉണ്ടായിരുന്നു. (രോശൻ സിത്താരെ പേജ് 103–104)(അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, വാല്യം 3, പേജ് 92, അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്)

ബുഖാരിയിലെ നിവേദനമാണ്, ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) പറയുന്നു: ഞങ്ങൾ മദീനയിൽ വന്നപ്പോൾ എന്റേയും റബീഅ്ന്റെ പുത്രൻ സഅ്ദിന്റേയും ഇടയിൽ നബി(സ) തിരുമേനി സാഹോദര്യബന്ധം സ്ഥാപിച്ചു. സഅ്ദ് പറഞ്ഞു: അൻസ്വാറിന്റെ കൂട്ടത്തിൽ കൂടുതൽ ധനമുള്ളവനാണ് ഞാൻ. എന്റെ ധനത്തിൽനിന്ന് പകുതി ഞാൻ താങ്കൾക്കു ഭാഗിച്ചു തരാം. എന്റെ രണ്ടു ഭാര്യമാരിൽ ആരെയാണ് താങ്കൾക്ക് കൂടുതൽ ഇഷ്ടപ്പെട്ടതെന്ന് നോക്കുക. ഞാൻ അവളേയും വിട്ടുതരാം(വിവാഹമോചനം നടന്ന്)അവളുടെ ഇദ്ദ കഴിഞ്ഞാൽ താങ്കൾക്ക് അവളെ വിവാഹം ചെയ്തു തരാം. അപ്പോൾ അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) പറഞ്ഞു: അതൊന്നും എനിക്കു ആവശ്യമില്ല. ഇവിടെ കച്ചവടം ചെയ്യാൻ പറ്റുന്ന വല്ല അങ്ങാടിയുമുണ്ടോ? സഅ്ദ് പറഞ്ഞു: ഉണ്ട്. ഖയ്നഖാഅ് അങ്ങാടിയാണത്. അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) ആ മാർക്കറ്റിലേക്ക് പ്രഭാതത്തിൽ പുറപ്പെട്ടു. കുറച്ചു പാൽക്കട്ടിയും നെയ്യുമായി വന്നു.(അതു വിറ്റു). പിന്നീടെന്നും അത് പതിവാക്കി. അധികം താമസിച്ചില്ല ഒരിക്കൽ അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) തന്റെ വസ്ത്രത്തിൽ മഞ്ഞ സുഗന്ധദ്രവ്യം പുരട്ടിവന്നു. അപ്പോൾ നബി(സ)തിരുമേനി ചോദിച്ചു: നീ വിവാഹം കഴിച്ചോ? കഴിച്ചുവെന്ന് അദ്ദേഹം പറഞ്ഞു. ആരെയെന്ന് നബി(സ) വീണ്ടും ചോദിച്ചു. ഒരു അൻസ്വാരി സ്ത്രീയെ എന്ന് അദ്ദേഹം മറുപടി പറഞ്ഞു. താങ്കൾ അവൾക്ക് മഹർ എത്രകൊടുത്തുവെന്ന് നബി(സ)തുടർന്നു ചോദിച്ചു. ഒരു ഈത്തപ്പഴക്കുരുവോളം സ്വർണം.നബി(സ)തിരുമേനി പറഞ്ഞു: ഒരാടിനെ അറുത്തെങ്കിലും നീ വിവാഹസദ്യ നടത്തുക.(സ്വഹീഹുൽബുഖാരി കിതാബുൽബുയൂഅ് ഹദീഥ് 2048,2049)

ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) വിവരിക്കുന്നു: ഞാൻ എന്നെ ഈ അവസ്ഥയിലും കണ്ടിട്ടുണ്ട്, ഞാൻ ഏതെങ്കിലും കല്ലു ഉയർത്തുകയാണെങ്കിൽ അതിനടിയിൽനിന്ന് വെള്ളിയോ സ്വർണമോ കിട്ടുമെന്ന് പ്രതീക്ഷിച്ചിരുന്നു. അതായത് അല്ലാഹു കച്ചവടത്തിൽ അത്രമാത്രം ബർക്കത്ത് വെച്ചിരുന്നു.(അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, വാല്യം 3, പേജ് 93, അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്1990)

ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) ബദ്ർ, ഉഹുദ് ഉൾപ്പെടെ എല്ലാ യുദ്ധങ്ങളിലും

## ഹദീഥുന്നബ്‌വി (സ):

*നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു,*
*'എന്റെ ദാസരേ!ഞാൻ ആരേയും അക്രമിക്കുകയില്ല. നിങ്ങളും ആരേയും അക്രമിക്കരുത്. അത് നിങ്ങൾക്കു നിഷിദ്ധമാണ്.'*
*(മുസ്‌ലിം)*

ത്വാലിബെ ദുആ:
K.Muhammad Shareef & Family
Ahmadiyya Jama-ath Vaniyambalam, Kerala.

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു:**
**'എന്റെ ദാസരേ! ഞാൻ നിങ്ങൾക്ക് ധരിപ്പിച്ചിട്ടില്ലെങ്കിൽ നിങ്ങളെല്ലാം നഗ്നരാണ്. അതുകൊണ്ട് നിങ്ങളെന്നോടു വസ്ത്രം ആവശ്യപ്പെടുക. ഞാൻ നിങ്ങൾക്കു ധരിപ്പിക്കാം.'(മുസ്‌ലിം)**

ത്വാലിബെ ദുആ:
P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.

നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തിരുന്നു. (അത്ത്വബക്കാത്തുൽ, വാല്യം 3, പേജ് 95, അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്1990)

ബദ്ർ യുദ്ധത്തിലെ ഒരു സംഭവം വിവരിച്ചുകൊണ്ട് ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), പറയുന്നു: ഞാൻ ബദ്ർയുദ്ധത്തിൽ അണിയിൽ നില്ക്കുകയായിരുന്നു. ഞാനെന്റെ ഇടതും വലതും നോക്കി. രണ്ടു അൻസ്വാരി കുട്ടികളെയാണ് ഞാൻ കണ്ടത്. അവർ ചെറുപ്രായക്കാരായിരുന്നു. ഇവരെക്കാൾ പ്രായമുള്ളവരുടേയും ആരോഗ്യമുള്ളവരുടേയും ഇടയിലായിരുന്നുവെങ്കിലെന്ന് ഞാൻ ആശിച്ചുപോയി. ഇത്രയുമായപ്പോൾ അവരിലൊരാൾ എന്റെ കൈ അമർത്തിക്കൊണ്ടു ചോദിച്ചു, ചച്ചാ!അങ്ങയ്ക്ക് അബൂജഹ്‌ലിനെ അറിയുമോ? അറിയാമെന്ന് ഞാൻ പറഞ്ഞു. നിങ്ങൾക്ക് അയാളെക്കൊണ്ടു എന്ത് ജോലിയാണുള്ളത്? ഞാൻ ചോദിച്ചു. അവർ പറഞ്ഞു, നബി(സ)തിരുമേനിയെ ചീത്ത പറയുന്നയാളാണ് അയാളെന്ന് പറയുന്നത് കേട്ടിട്ടുണ്ട്. ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണ!ഞാൻ അയാളെ കണ്ടാൽ എന്റെ കണ്ണിൽനിന്ന് അയാളുടെ കണ്ണു അകലുകയില്ല ഞങ്ങളിരുവരിൽനിന്ന് ഏതൊരാളുടെ ആയുസാണോ ആദ്യം വിധിക്കപ്പെട്ടിട്ടുള്ളത് അയാൾ മരിക്കാതെ! ഇതു കേട്ട് എനിക്ക് അത്ഭുതം തോന്നി. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) പറയുന്നു: പിന്നീട് രണ്ടാമത്തെയാളും അതേപോലെ ചോദിച്ചു. അധികസമയം കഴിഞ്ഞില്ല, അബൂജഹ്ൽ ആളുകളുടെ ഇടയിൽ നടക്കുന്നത് ഞാൻ കണ്ടു. ഞാൻ അവരോടു പറഞ്ഞു: നോക്കൂ! നിങ്ങളെന്നോടു ചോദിച്ച കൂട്ടുകാരനാണ് ദാ! നിൽക്കുന്നത്. ഇതു കേട്ടപാടെ അവരിരുവരും തങ്ങളുടെ വാളുകളെടുത്ത് അയാളുടെ നേരെ കുതിച്ചു. അയാളെ തുരുതുരെ വെട്ടി വധിച്ചു. പിന്നീട് നബി(സ)തിരുമേനിയുടെ അടുത്തുവന്ന് കൊന്നവിവരം അറിയിച്ചു. നിങ്ങളിലാരാണ് അയാളെ കൊന്നതെന്ന് നബി(സ)തിരുമേനി അവരോടു ചോദിച്ചു. ഇരുവരും പറഞ്ഞത് ഞാനാണ് കൊന്നതെന്നാണ്. അവിടന്ന് ചോദിച്ചു: നിങ്ങൾ നിങ്ങളുടെ വാളുകൾ തുടച്ചു വൃത്തിയാക്കിയോ? അവർ പറഞ്ഞു: ഇല്ല. നബി(സ)തിരുമേനി വാളുകൾ നോക്കി. അവിടന്ന് പറഞ്ഞു: നിങ്ങളിരുവരും തന്നെയാണ് അയാളെ കൊന്നത്. അയാളുടെ ഗനീമത്തു മുതൽ മുആദ് ബിൻ അംറ് ബിൻ ജമൂഹിന് ലഭിക്കുന്നതായിരിക്കും. അവരിരുവരുടേയും പേര് മുആദ് എന്നായിരുന്നു; മുആദ് ബിൻ അഫ്റാഅ്, മുആദ് ബിൻ അംറ് ബിൻ ജമൂഹ്. ഇത് ബുഖാരിയിലെ നിവേദനമാണ്.

അബൂജഹ്‌ലിന്റെ വധത്തെ സംബന്ധിച്ച ഈ വിശദീകരണം മുമ്പേയും കഴിഞ്ഞിട്ടുള്ളതാണ്. വീണ്ടും പറയുകയാണ്. ചില നിവേദനങ്ങളിലുണ്ട്; അഫ്റാഅ്ന്റെ രണ്ടു മക്കൾ മുഅവ്വിദും മുആദുമാണ് അബൂജഹ്‌ലിനെ മരണത്തിന്റെ വക്കിലെത്തിച്ചതെന്ന്. പിന്നീട് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) അയാളുടെ തല ഉടലിൽനിന്ന് വേർപെടുത്തി. ഇമാം ഇബ്നു ഹജർ ഈ സംശയമാണ് പ്രകടിപ്പിച്ചിട്ടുള്ളത്. അതായത് മുആദ് ബിൻ അംറിനും മുആദ് ബിൻ അഫ്റായ്ക്കുശേഷം മുഅവ്വിദ് ബിൻ അഫ്റാഉം അയാളുടെമേൽ വെട്ടിയിട്ടുണ്ടാകാം. ഇതും ബുഖാരിയുടെ ശറഹായ ഫത് ഹുൽബാരിയിൽ എഴുതിയിരിക്കുന്നു. (സ്വഹീഹുൽ ബുഖാരി, കിതാബു ഫർള് അൽഖുംസ് ഹദീഥ് 3141, കിതാബുൽ മഗാസി ഹദീഥ് 3961, 3962)(ഫത ഹുൽബാരി ശറഹ് സ്വഹീഹ് ബുഖാരി, ഭാഗം 7, പേജ് 295–296, അൽമക്തബത്തുസ്സലഫിയ)

ഈ സംഭവം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈ രീതിയിൽ വിശദീകരിച്ചിരിക്കുന്നു. അബൂജഹൽ മക്കയിലെ എല്ലാ വീട്ടുകാരുടേയും നേതാവും സത്യനിഷേധികളുടെ സൈന്യത്തിന്റെ കമാന്ററുമായിരുന്നു. ബദ്ർ യുദ്ധത്തിന്റെ അവസരത്തിൽ അയാൾ സൈന്യത്തെ ക്രമീകരിക്കുകയായിരുന്നപ്പോൾ പരിചയസമ്പന്നനായ ജേർണലായിരുന്ന ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) പറയുന്നു: ഞാൻ എന്റെ വലത്തും ഇടത്തും 15 വയസ്സുവീതമുള്ള രണ്ടു അൻസ്വാർ കുട്ടികളെ കണ്ടു. ആ കുട്ടികളെ കണ്ട് ഞാൻ എന്നോടു പറഞ്ഞു: ഇത് നിരാശനാവേണ്ട സമയമല്ല. ദൗർഭാഗ്യവശാൽ എന്റെ ചുറ്റും നില്ക്കുന്നത് യുദ്ധപരിചയമില്ലാത്ത രണ്ടു കുട്ടികളാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)എഴുതുന്നു. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) പറയുന്നു: ഞാൻ ഈ ചിന്തയിൽ നില്ക്കുമ്പോൾ വലതുഭാഗത്തുള്ള കുട്ടി എന്നെ താഴേക്ക് വലിച്ചു, ചെവിയിൽ എന്തോ പറയാനാഗ്രഹിക്കുന്നതുപോലെ. തന്റെ ഇടതുഭാഗത്തുള്ള കുട്ടി താൻ പറയുന്നത് കേൾക്കരുതെന്ന് ഇവൻ വിചാരിക്കുന്നതുപോലെ തോന്നി. ഞാൻ ചെവി അവനിലേക്ക് അടുപ്പിച്ചു. അവൻ പറഞ്ഞു: ചച്ചാ! റസൂലുല്ലായെ ബുദ്ധിമുട്ടിക്കുന്ന ആ അബൂജഹ്ൽ എവിടെയാണ്? അയാളെ വധിക്കാൻ എന്റെ മനസ്സ് ആഗ്രഹിക്കുന്നു. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) പറയുന്നു: ഞാൻ പറഞ്ഞുതീരുന്നതിനുമുമ്പേ ഇടതുഭാഗത്തുനിന്ന കുട്ടി എന്നെ പിടിച്ചു വലിച്ചു. അവനും ഇതുപോലെതന്നെ പറയുകയും ചോദിക്കുകയും ചെയ്തു. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) പറയുന്നു: ഞാൻ പരിചയവും തഴക്കവും പഴക്കവുമുള്ള പട്ടാളക്കാരനായിരുന്നിട്ടും അയാളെ വധിക്കാൻ കഴിയുമെന്നുള്ള ചിന്ത എനിക്കുണ്ടായിട്ടില്ല. ഞാൻ കൈയുയർത്തി വിരൽ ചൂണ്ടിക്കൊണ്ട് അബൂ ജഹ്‌ലിനെ കാണിച്ചുകൊടുത്തു. അയാളുടെ മുമ്പിൽ ശക്തരും പരിചയസമ്പന്നരുമായ ജേർണൽമാർ ഊരിപ്പിടിച്ച വാളുമായി കാവൽനില്പുണ്ടായിരുന്നു. നിങ്ങൾക്ക് അയാളെ വധിക്കാൻ കഴിയില്ലെന്ന് അവരോടു പറയാനാണ് ഞാൻ ആഗ്രഹിച്ചത്. എന്നാൽ, അവർ(അബ്ദുർറഹ്മാൻ പറയുന്നു:) ഞാൻ ചൂണ്ടിയവിരൽ താഴ്ത്തുന്നതിനെ മുമ്പേ പരുന്ത് പക്ഷികളുടെമേൽ ആക്രമണം നടത്തുന്നതുപോല ആ രണ്ടു അൻസ്വാർ കുട്ടികളും സത്യനിഷേധികളിടെ അണികൾ ഭേദിച്ചുകൊണ്ട് അബൂജഹ്‌ലിന്റെ മുമ്പിലേക്ക് കുതിക്കാൻ തുടങ്ങി. അബൂജഹ്‌ലിന്റെ മകൻ ഇക്രിമ അയാളുടെ മുമ്പിൽത്തന്നെ നില്പുണ്ടായിരുന്നു. അയാൾ പരിചയസമ്പന്നനായ ജേർണലായിരുന്നു. എന്നാൽ, ഈ അൻസ്വാർ കുട്ടികൾ അതിവേഗം തങ്ങളുടെ ലക്ഷ്യസ്ഥാനത്തേക്ക് പോയി. ഇവർ എന്തിനുവന്നുവെന്ന് ആർക്കും ഒരു ധാരണയുമുണ്ടായിരുന്നില്ല. അവർ കാവൽക്കാരുടെ അടുത്തെത്തി. അവർ ഊരിപ്പിടിച്ച വാളുമായി നിൽക്കുകയാണ്. അവർക്ക് തന്റെ വാളുകൾ താഴേക്കുകൊണ്ടുവരാൻ കഴിഞ്ഞില്ല. ഒരു കാവൽക്കാരന്റെ വാളുമാത്രം താഴേക്ക് പതിച്ചു, അത് ഒരു അൻസ്വാരി കുട്ടിയുടെ കൈമുറിച്ചു കളഞ്ഞു. എന്നാൽ, ആർക്കാണോ ജീവൻ വെടിയുന്നത് എളുപ്പമായി മനസ്സിലാകുന്നത് അവന് മുറിഞ്ഞ കൈ എന്തു തടസമുണ്ടാക്കാനാണ്? മലയുടെ മേൽ കല്ലുവീഴുന്നതുപോലെ കാവൽക്കാരെ പിന്നിലാക്കി ആ രണ്ടു കുട്ടികൾ അബൂജഹ്‌ലിന്റെ അടുത്തെത്തി. യുദ്ധം തുടങ്ങുന്നതിനു മുമ്പേതന്നെ സത്യനിഷേധികളുടെ കമാന്ററെ വെട്ടിവീഴ്ത്തി. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) പറയുന്നു: യുദ്ധത്തിന്റെ അവസാനഘട്ടത്തിലാണ് ഞാൻ അവിടെ എത്തിയത്. അബൂജഹ്ൽ അവിടെ ജീവൻ വെടിയാൻ പോകുകയായിരുന്നു. എന്താ അവസ്ഥയെന്ന് ഞാൻ അയാളോടു ചോദിച്ചു. അയാൾ പറഞ്ഞു: ഞാൻ മരിക്കുകയാണ്. ഞാൻ നിരാശനായാണ് മരിക്കുന്നത്. മരിക്കുക എന്നത് വലിയ കാര്യമൊന്നുമല്ല. വ്യസനമതല്ല. മനസ്സിന്റെ നിരാശ അകറ്റുന്നതിനുമുമ്പേ അൻസ്വാരീ കുട്ടികൾ എന്നെ വെട്ടിവീഴ്ത്തി. മക്കക്കാർ അൻസ്വാറിനെ വളരെ നിസാരരായാണ് കണ്ടിരുന്നത്. അതുകൊണ്ടാണ് അയാൾ വളരെ വിഷമത്തോടെ അത് സ്മരിച്ചത്. അയാൾ പറഞ്ഞു, ഇതാണെന്റെ നിരാശ. അതു നെഞ്ചിലേറ്റിയാണ് ഞാൻ മരിക്കുന്നത്. പിന്നീട് അയാൾ പറഞ്ഞു:ഞാനെത്രമാത്രം കഠിനമായ ബുദ്ധിമുട്ടിലാണെന്നാൽ താങ്കൾ ഒരുവെട്ടുകൊണ്ട് എന്നെ അവസാനിപ്പിച്ച് എന്റെ മേൽ ഒരു ഔദാര്യം ചെയ്യുമോ? എന്റെ കഴുത്ത് അല്പം നീട്ടി മുറിക്കുകയും വേണം. കഴുത്ത് നീട്ടി മുറിക്കൽ ജേർണലിന്റെ അടയാളമാണ്. 'തന്നെ വധിക്കുക, വേദനയിൽനിന്ന് രക്ഷിക്കുക' എന്ന് അയാൾ പറഞ്ഞത് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) സമ്മതിച്ചു. പക്ഷേ, മരണസമയത്തെ അയാളുടെ ആഗ്രഹം പൂർത്തിയാകാതിരിക്കാൻ താടിയോടു അടുത്തുവെച്ചാണ് കഴുത്ത് മുറിച്ചത്.(തഫ്സീറെ കബീർ വാല്യം 8, പേജ് 100–101)

എങ്ങനെയാണ് കുട്ടികളിലും നബി(സ)തിരുമേനിയോടുള്ള സ്നേഹവും പ്രേമവും ഉണ്ടായിരുന്നതെന്നും അവർ എങ്ങനെയാണ് നബിയുടെ ശത്രുക്കളോടു പകരം വീട്ടാൻ ആഗ്രഹിച്ചിരുന്നതെന്നും പറായാനാണ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈ സംഭവം വിവരിച്ചത്.

ഈ സംഭവം മുമ്പേയും ഒന്നുരണ്ടുപ്രാവശ്യം വിവരിച്ചു കഴിഞ്ഞിട്ടുള്ളതാണ്. എന്തായാലും ഇതായിരുന്നു അവർ വരിച്ച ത്യാഗങ്ങൾ. നബി(സ)തിരുമേനിയോടുള്ള സ്നേഹവും പ്രേമവും കാരണത്താൽ അവർ അവരുടെ ജീവനെ വക വെച്ചിരുന്നില്ല.

ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫിനെ കുറിച്ച് ഇൻശാ അല്ലാഹ് തുടർന്നും വിവരിക്കുന്നതാണ്.

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

(പേജ് 1ൽനിന്ന്)

പാപം ചെയ്യാതിരിക്കാൻ എന്തു കാര്യമാണ് വിരോധമായിട്ടുള്ളത്? അക്കാലത്തെ ക്രിസ്ത്യാനികളുടെ പാപം മാത്രമാണ് പരഹരിച്ചിട്ടുള്ളതെങ്കിൽ അത് മറ്റൊരു കാര്യമാകുമായിരുന്നു. പുനരുഥാനനാൾവരെ ജനിക്കുന്ന എല്ലാവരുടേയും പാപങ്ങളുടെ ഭണ്ഡാഗാരം യേശു തലയിലേറ്റികൊണ്ടുപോയി എന്നു വരുമ്പോൾ അദ്ദേഹം ശിക്ഷയും വഹിച്ചു! അപ്പോൾപ്പിന്നെ പാപികളെ പിടിക്കുക എന്നത് എത്രമാത്രം ദ്രോഹമാണ്! ഒന്നാമത്തേത് പാപികളല്ലാത്തവരെ പാപികൾക്കുപകരം ശിക്ഷിക്കുന്നതുതന്നെ കൊടും ദ്രോഹമാണ്. പിന്നെ രണ്ടാമത്തെ ദ്രോഹം ഒന്നാമതായി പാപികളുടെ പാപങ്ങളുടെ ഭണ്ഡാഗാരം യേശുവിന്റെ തലയിൽവെച്ചു. നിങ്ങളുടെ പാപം യേശുമിശിഹാ പേറിയിരിക്കുന്നുവെന്ന് പാപികൾക്ക് സുവിശേഷം അറിയിക്കുകയും ചെയ്തു. ഇനി അവർ പാപം ചെയ്താൽ പിടിക്കുകയും ചെയ്യും!! ഇത് അത്ഭുതകരമായൊരു വഞ്ചനയാണ്. ഇതിന്റെ മറുപടി ക്രിസ്ത്യാനികൾക്ക് ഒരിക്കലും നല്കാൻ സാധിക്കുകയില്ല."(മൽഫൂദാത്ത് വാല്യം 1, പേജ് 160–162, ഖാദിയാൻ 2018)

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ ജർമൻ പര്യടനം

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

## 2019 ജൂലൈ 02, ചൊവ്വാഴ്ച:

**ഇസ്‌ലാമാബാദിൽനിന്ന് ഫ്രാങ്ക്ഫോർട്ടിലേക്ക്**

യു.കെയിലെ ഇസ്‌ലാമാബാദിൽ അഹ്മദിയ്യാ ജമാഅത്തിന്റെ പുതിയ ആഗോള കേന്ദ്രം ഉല്ഘാടനത്തിനുശേഷം ഖലീഫ നടത്തുന്ന ആദ്യ വിദേശസന്ദർശനം എന്ന നിലയിൽ ഇന്നത്തെ ദിവസം ചരിത്രപരമായി വളരെ പ്രാധാന്യം അർഹിക്കുന്നു.

രാവിലെ 10 മണിക്ക് ഹുദൂർ താമസസ്ഥലത്തുനിന്ന് ജർമൻ യാത്രക്കായി പുറത്തു വന്നു. രാവിലെ മുതൽതന്നെ ഹുദൂറിന് യാത്രയയപ്പ് നല്കാൻ ജമാഅത്തിലെ ആബാലവൃദ്ധം അഹ്മദീ സഹോദരസഹോദരിമാർ താമസസ്ഥലത്തിനു പുറത്ത് തടിച്ചു കൂടിയിരുന്നു. ഹുദൂർ വാത്സല്യത്തോടെ ജമാഅത്ത് സഹോദരന്മാരുടെയിടയിൽ കുറച്ചു സമയം കഴിച്ചു കൂട്ടി. ഒടുവിൽ കൈയുയർത്തി എല്ലാവർക്കും അസ്സലാമുഅലയ്ക്കും പറഞ്ഞതിന്നുശേഷം ദുആയ്ക്ക് നേതൃത്വം നല്കി. തുടർന്ന് 5 വാഹനങ്ങളുടെ അകമ്പടിയോടെ ഹുദൂർ സമുദ്രതീരപ്രദേശമായ ഡോവറിലേക്ക് പുറപ്പെട്ടു. ബ്രിട്ടനിലെ പ്രസിദ്ധമായ തുറമുഖമാണ് ഡോവർ. ലണ്ടനിലും പരിസ്സര പ്രദേശങ്ങളിലും താമസിക്കുന്നവർ ഫെറി മുഖേന യാത്ര ചെയ്യുമ്പോൾ ഈ തുറമുഖത്തെയാണ് ഉപയോഗിക്കുന്നത്. ഡോവറിലെത്തുന്നതിന് 11 മൈലിനു മുമ്പേ ബ്രിട്ടന്റേയും ഫ്രാൻസിന്റേയും തീരപ്രദേശങ്ങളെ കൂട്ടിയിണക്കുന്ന പ്രസിദ്ധമായ ചാനൽ ടണലുണ്ട്. ഈ ടണലിലൂടെ കാറുകളും മറ്റു വാഹനങ്ങളും യാത്രക്കാരോടൊപ്പം ഫ്രാൻസിന്റെ തീരപ്രദേശമായ കലായിസിലെത്തിക്കുന്നു.

നാഇബ് അമീർ യു.കെ മൻസൂർ ശാഹ് സാഹിബ്, മുബല്ലിഗ് ഇൻചാർജ് യു.കെ അത്വാഉൽ മുജീബ് റാശിദ് സാഹിബ്, സ്വദ്ർ മജ്‌ലിസ് അൻസ്വാറുല്ലാഹ് യു.കെ ഇഅ്ജാസുർറഹ്മാൻ സാഹിബ്, അഡീഷണൽ വക്കീലുൽ മാൽ ലണ്ടൻ, പ്രിൻസിപ്പാൾ ജാമിയാ അഹ്മദിയ്യാ യു.കെ നാസിർ ഇനാം സാഹിബ്, വക്കാലത്ത് തബ്ശീർ അഖ്‌ലാഖ് അഹ്മദ് അഞ്ചും സാഹിബ്, ഖുദ്ദാമുൽ അഹ്മദിയ്യാ സ്വദ്ർ തന്റെ സെക്യൂരിറ്റി ടീമിനോടൊപ്പം ഹുദൂറിന് യാത്രയയപ്പ് നല്കാൻ ചാനൽ ടണൽവരെ എത്തിയിരുന്നു.

1 മണിക്കൂർ 40 മിനിറ്റ് യാത്രയ്ക്കുശേഷം ചാനൽ ടണലിലെത്തി. എമിഗ്രേഷൻ, ഇതര യാത്ര സംബന്ധമായ കാര്യങ്ങൾ പൂർത്തിയാക്കിയതിനുശേഷം കുറച്ചു സമയത്തേക്ക് ഹുദൂർ സ്പെഷ്യൽ ലോഞ്ചിലേക്കുപോയി. 12.35–ന് യാത്രാ വാഹനങ്ങൾ ബോർഡിംഗ് ചെയ്യപ്പെട്ടു. 12.50ന് മണിക്കൂറിൽ 140 കിലോ മീറ്റർ വേഗത്തിൽ ട്രെയിൻ ഫ്രാൻസിലേക്ക് പുറപ്പെട്ടു. 31 മൈൽ ദൂരമുള്ള ഈ ടണൽ 24 മൈൽ സമുദ്രാന്തർ പ്രദേശത്തൂടെയാണ് കടന്നു പോകുന്നത്. 75 മീറ്റർ അതായത് 250 അടി താഴ്ചയിലാണ് ഏറ്റവും ആഴമുള്ള ടണൽ ഭാഗം ഉള്ളത്. ലോകത്ത് നിർമിതമായ ടണലുകളിൽ ഏറ്റവും വലിയ ടണലാണിത്. 2 മണിക്കൂർ യാത്രയ്ക്കു ശേഷം ഫ്രാൻസിന്റെ പ്രാദേശിക സമയം 2.50–ന് കലായിസിലെത്തി. ഫ്രാൻസ് സമയം ബ്രിട്ടീഷ് സമയത്തേക്കാൾ 1 മണിക്കൂർ മുന്നിലാണ്. ട്രെയിനെത്തി 5 മിനിറ്റിനു ശേഷം വാഹനങ്ങൾ ട്രെയിനിൽനിന്ന് പുറത്തേക്ക് വരികയും മോട്ടർവേയിലൂടെ യാത്ര തുടരുകയും ചെയ്തു. ഇവിടെനിന്ന് ഏതാനും കിലോമീറ്റർ ദൂരത്ത് സ്ഥിതി ചെയ്യുന്ന ഒരു പെട്രോൾ പമ്പിന്റെ പാർക്കിംഗ് ഏരിയയിൽ ഹുദൂറിനെ വരവേൽക്കാൻ ഫ്രാൻസ് ജമാഅത്ത് അമീർ അശ്ഫാഖ് റബ്ബാനി സാഹിബ്, നാഇബ് അമീർ ഫ്രാൻസ് മുഹമ്മദ് അസ്‌ലം ദുബൂരി സാഹിബ്, ഫ്രാൻസ് മുബല്ലിഗ് ഇൻചാർജ് നസീർ അഹ്മദ് ശാഹ് സാഹിബ് നാഷണൽ ജനറൽസെക്രട്ടറി ഫഹീം അഹ്മദ് നിയാസ് സാഹിബ്, ഒരു നവഅഹ്മദി ഹുസയ്ൻ ശാഹ് സാഹിബ്, ഖുദ്ദാമുൽ അഹ്മദിയ്യാ ഡെപ്യൂട്ടി സ്വദ്ർ അസദ് വസീം സാഹിബ് തന്റെ സെക്യൂരിറ്റി ടീമിനോടൊപ്പം എത്തിയിരുന്നു.

ജർമനിയിൽനിന്ന് അമീർ വാഗസ് ഹൌസർ സാഹിബ്, മുബല്ലിഗ് ഇൻചാർജ് സ്വദാഖത്ത് അഹ്മദ് സാഹിബ്, ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ജരിയുല്ലാഹ് സാഹിബ്, അസിസ്റ്റന്റ് ജനറൽ സെക്രട്ടറി യഹ്‌യാ സാഹിദ് സാഹിബ്, അത്ഹർ സുബയ്ർ സാഹിബ്, അബ്ദുല്ലാഹ് സുപ്രാ സാഹിബ്, ജർമനി ഖുദ്ദാമുൽ അഹ്മദിയ്യാ സ്വദ്ർ അഹ്മദ് കമാൽ സാഹിബ് തന്റെ സെക്യൂരിറ്റി ടീമിനോടൊപ്പവും ഹുദൂറിനെ സ്വീകരിക്കാൻ എത്തിയിരുന്നു.

മോട്ടർവേയിൽ സ്ഥിതി ചെയ്യുന്ന ഹോളിഡെ ഇൻ ഹോട്ടലിൽ 2.40–ന് എത്തിയ ഹുദൂറിനെ അവർ സ്വീകരിച്ചു. ളുഹ്ർ അസ്ർ നമസ്കാരം ജംആക്കി നിർവഹിച്ചതിനുശേഷം ഉച്ച ഭക്ഷണവും കഴിച്ചു. തുടർന്ന് ഫ്രാങ്ക്ഫോർട്ടിലേക്ക് പുറപ്പെടുന്നതിന്നു മുമ്പേ ഹുദൂർ അല്പ സമയം സ്വീകരിക്കാൻ വന്ന സംഘത്തോടൊപ്പം ചെലവഴിച്ചു. ഈ വേളയിൽ ജമാഅത്തു സംബന്ധമായ ചില കാര്യങ്ങൾ ഫ്രാൻസ് അമീർ സാഹിബുമായി സംസാരിച്ച ഹുദൂർ തുടർന്ന് ദുആക്ക് നേതൃത്വം നല്കി. 3.50–ന് ഫ്രാങ്ക്ഫോർട്ടിലേക്ക് പുറപ്പെട്ടു. കലായിസിൽനിന്ന് 55 കിലോമീറ്റർ ദൂരത്തുള്ള ബോർഡർ ക്രോസ് ചെയ്ത് ബെൽജിയത്തിലേക്ക് പ്രവേശിച്ച് വഴിയിൽ ഏച്ചൻ എന്ന സ്ഥലത്ത് ബോർഡർ ക്രോസ് ചെയ്ത് അവർ ജർമനിയിൽ പ്രവേശിച്ചു. ഈ പട്ടണത്തിൽ താമസിച്ചു വരുന്ന സിദ്ദീഖ് അഹ്മദ് ഡോഗർ സാഹിബിന്റെ വീട്ടിൽ 07.40–ന് എത്തി ചേർന്ന അവർ ഹുദൂറിന്റെ ആതിഥ്യാർഥം ഒരുക്കിയ ചായ സൽകാരത്തിൽ പങ്കുകൊണ്ടു. തുടർന്ന് 8.25–ന് ഫ്രാങ്ക്ഫോർട്ടിലേക്ക് യാത്ര തുടർന്നു. ഏകദേശം 600 കിലോമീറ്റർ സഞ്ചരിച്ച അവർ 10.30–ന് ഫ്രാങ്ക്ഫോർട്ടിലെ ബയ്ത്തുസ്സബൂഹിൽ എത്തിച്ചേർന്നു.

ഹുദൂറിനെ വരവേൽക്കാൻ മസ്ജിദ് പരിസരത്ത് ജർമൻ ജമാഅത്തുകളിൽനിന്ന് ആബാല വൃന്ദം അഹ്മദി സ്ത്രീ പുരുഷന്മാരും കുട്ടികളും തടിച്ചു കൂടിയിരുന്നു. അന്തരീക്ഷം ഒരു ഭാഗത്ത് മുദ്രാവാക്യങ്ങൾ കൊണ്ട് മുഖരിതമായപ്പോൾ കുട്ടികൾ സ്വാഗത ഗാനവും പ്രാർഥനാ ഗാനങ്ങളും ആലപിച്ചു കൊണ്ടിരുന്നു. ഫ്രാങ്ക്ഫോർട്ട് ലോക്കൽ അമീർ ഇദ്‌രീസ് അഹ്മദ് സാഹിബ്, നാഇബ് അമീർ ഹൈദർ അലി സാഹിബ്, മുബല്ലിഗ് ഇംതിയാസ് ശാഹീൻ സാഹിബ്, ജനറൽ സെക്രട്ടറി മുബാറക് അഹ്മദ് ജാവേദ് സാഹിബ് ലോക്കൽ ഇമാറത്ത് ജനറൽ സെക്രട്ടറി മുബാറക് ജാവേദ് സാഹിബ് എന്നിവർ ചേർന്ന് ഹുദൂറിനെ സ്വീകരിച്ചു. താഴെ ചേർക്കുന്ന ജമാഅത്തുകളിൽ നിന്നുള്ള അഹ്മദികൾ വരവേൽക്കാൻ സന്നിഹിതരായിരുന്നു.

റസൽഹൈം, റോൻഹെയിം, എസച്ച്ബോൺ, ബാഡ് വിൽബൽ, ബട്സ്ബാച്ച്, മോർഫെൽഡൻ, സ്റ്റെയിൻ ഹെയിം, ഉസിൻജെൻ, ഒബെറസ്സൽ, ബാജ്ഹംബർഗ്, മാൻഹെയിം, കാസെൽ, ഫുൽഡ, കാൾസ് റോയ്, ഡാംസ്റ്റാറ്റ്, റൂഡെസ് ഹെയിം, ഹനാഉ, ഫ്രെഡ് ബെർഗ്, വേസ് ബാദൻ, ഗീസൺ, ഹൈഡൽബർഗ്.

തങ്ങളുടെ പ്രിയ നേതാവിനെ സ്വീകരിക്കാൻ ചില കുടുംബങ്ങളും ദീർഘദൂരം യാത്ര ചെയ്ത് എത്തിയിരുന്നു. കോളോണിൽനിന്ന് 200 കിലോമീറ്ററും ഡോസ്റ്റ്മണ്ടിൽ നിന്നും 250 കിലോമീറ്ററും ആച്ചൻ, ഹാനോവറിൽനിന്ന് 300 കിലോമീറ്ററും ഹംബർഗിൽനിന്ന് വന്നവർ 550 കിലോമീറ്ററും ബർലിനിൽനിന്നു വന്നവർ 600 കിലോമീറ്ററും ദീർഘ യാത്ര ചെയ്താണ് എത്തിയിരുന്നത്. ജൽസ സാലാന ജർമനിയിൽ പങ്കെടുക്കാൻ വിദേശ രാജ്യങ്ങളിൽ നിന്നുള്ള അതിഥികളുടേയും പ്രവാഹം തുടർന്നിരുന്നു. റഷ്യ, കിർഗിസ്ഥാൻ, ബുർക്കിനാ ഫാസോ, മാലി, കോംഗോ, സിയറാലിയോൺ, നൈജീരിയ, ഘാന, നൈജർ, ബെനിൻ, അൽബേനിയ, സെനിഗൾ, ഇന്തൊനേഷ്യ, മറ്റു ചില കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ള അതിഥികളും എത്തിയിരുന്നു. ഇവരും ഹുദൂറിനെ സ്വീകരിക്കാൻ സന്നിഹിതരായിരുന്നു. 3300 പേർ അവിടെ എത്തിയിരുന്നു.

10.50–ന് അവിടെ എത്തിച്ചേർന്ന എല്ലാവരും മഗ്‌രിബ്–ഇശാ നമസ്കാരങ്ങൾ ഹുദൂറിന്റെ നേതൃത്വത്തിൽ ജംആക്കി നമസ്കരിച്ചു. പാക്കിസ്താനിൽ നിന്നു കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഹിജ്റ ചെയ്തു വന്ന 200 അഹ്മദികളും ഹുദൂറിനെ സ്വീകരിക്കാനും നമസ്കാരങ്ങളിലും മറ്റും പങ്കെടുക്കാനും സന്നിഹിതരായിരുന്നു. ഹുദൂറിനെ ഒരു നോക്കു കണ്ടുകൊണ്ട് അവർ സായൂജ്യമടഞ്ഞുകൊണ്ടിരുന്നു. ഈ സൗഭാഗ്യങ്ങളും അനുഗ്രഹങ്ങളും നമുക്കും ഭാവി തലമുറകൾക്കും എടുക്കുവാൻ അല്ലാഹു തുണയ്ക്കുമാറാകട്ടെ.

## 2019 ജൂലൈ 03 ബുധനാഴ്ച

4.15–ന് ബയ്ത്തുസ്സബൂഹിലെത്തി ഹുദൂർ ഫജ്ർ നമസ്കരിപ്പിച്ചു. താമസസ്ഥലത്തേക്ക് മടങ്ങിയ ഹുദൂർ ഓഫീസ് സംബന്ധമായ കാര്യങ്ങളിൽ വ്യാപൃതനായി. ഓഫീസ് സംബന്ധമായതും അല്ലാത്തതുമായ കത്തുകളും റിപ്പോർട്ടുകളും പരിശോധിക്കുകയും ആവശ്യമായ നിർദേശങ്ങൾ നല്കുകയും ചെയ്തു.

**കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ച**

രാവിലെ 11.00 മണിക്ക് ഹുദൂർ ഓഫീസിലെത്തുകയും 35 കുടുംബങ്ങളിൽ നിന്നുള്ള 121 പുരുഷന്മാ


**ഹദീഥുന്നബ്‌വി (സ):**

*നബി(സ)തിരുമേനി പറഞ്ഞു:'അല്ലാഹു പറയുന്നു, എന്റെ ദാസൻ എന്നിലേക്ക് ഒരു ചാൺ അടുത്താൽ അവനിലേക്ക് ഞാൻ ഒരു മുഴം അടുക്കും. ഒരു മുഴം അവനടുത്താൽ ഒരു വാര ഞാനടുക്കും. എന്റെ അടുത്ത് അവൻ നടന്നുവന്നാൽ അവന്റെ അടുക്കലേക്ക് ഞാൻ ഓടിച്ചെല്ലും.'(ബുഖാരി)*

ത്വാലിബെ ദുആ
P.P.Raheem & Family
Ahmadiyya Jama-ath Payangadi, Kerala.

**ഹദീസുന്നബ്‌വി(സ)**

**നബി(സ)തിരുമേനി പറഞ്ഞു: നരകം ദേഹേച്ഛകൊണ്ടും സ്വർഗം കയ്പേറിയ കാര്യങ്ങൾകൊണ്ടും തടുക്കപ്പെട്ടിരിക്കുന്നു. (ആ തട ഭേദിച്ചാലല്ലാതെ അതിൽ കടക്കുക സാധ്യമല്ല) (ബുഖാരി മുസ്‌ലിം)**

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala.

രുമായും 38 സ്ത്രീകളുമായും കൂടിക്കാഴ്ചയ്ക്ക് തുടക്കം കുറിക്കുകയും ചെയ്തു. ജർമനിയിലെ 24 ജമാഅത്തിൽനിന്ന് വന്ന ഇവരെക്കൂടാതെ പാക്കിസ്താൻ, ചാഡ്, കോംഗോ, മാലി, ഘാന, ടൻസാനിയ, ഖത്തർ, ബുർക്കിനാ ഫാസോ,ഗാംബിയ, സെനിഗൾ, മൗറീഷ്യസ്, പോർച്ചുഗൽ, ഇന്തൊനേഷ്യ, സൗദി അറേബ്യ എന്നീ രാജ്യങ്ങളിൽ നിന്നു വന്ന അഹ്മദികളും കുടുംബങ്ങളും ഹുദൂറുമായി കൂടിക്കാഴ്ച നടത്തുകയുണ്ടായി. ജർമൻ ജമാഅത്തിൽനിന്നുള്ള ചിലർ നീണ്ട യാത്ര ചെയ്താണ് ഇവിടെ എത്തിയത്. Bielefeldൽ നിന്നുള്ളവർ 260 കിലോമീറ്ററും Aachenൽ നിന്നുള്ളവർ 265 കിലോമീറ്ററും Munchenൽ നിന്നുള്ളവർ 400ഉം ഹേബർഗിൽ നിന്നുള്ളവർ 500ഉം ബെർലിനിൽ നിന്നുള്ളവർ 539 കിലോമീറ്ററുകളും നീണ്ട ദൂരം താണ്ടിയാണ് എത്തിയത്. എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും ഭാഗ്യം ലഭിച്ചു. വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനയും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും ഹുദൂർ വാത്സല്യത്തോടെ നല്കി.

കൂടിക്കാഴ്ചയുടെ ഈ പരിപാടി 1.40 വരെയായിരുന്നു. അതിനു ശേഷം അല്പ നേരത്തേക്ക് താമസസ്ഥലത്തേക്ക് മടങ്ങിയ ഹുദൂർ 2.00 മണിക്ക് തിരിച്ചുവന്ന് ളുഹ്ർ–അസ്ർ ജംആക്കി നമസ്കരിപ്പിച്ചു.

**പൊതു കൂടിക്കാഴ്ച**

6.00 മണിക്ക് ഹുദൂർ മസ്ജിദ് ഹാളിലെത്തി. വിവിധ മാർഗേണ പാക്കിസ്താനിൽ നിന്ന് ജർമനിയിലെത്തിയ 200 ൽ അധികം വരുന്ന യുവ പാക്കിസ്താനി അഹ്മദികളുമായി ഹുദൂറിന്റെ കൂട്ടായ കൂടിക്കാഴ്ച നടന്നു. ഇവർക്ക് ആദ്യമായി ഹുദൂറിനെ കാണാൻ ഭാഗ്യം ലഭിച്ചു. ഇവർ സ്വന്തം നാട്ടിലെ ജനങ്ങളുടെ മർദനങ്ങൾക്കും ക്രൂരതകൾക്കും വിധേയമാകുകയും അല്ലാഹുവിന്റെ തൃപ്തിയിൽ മാത്രം പ്രതീക്ഷയർപിച്ച് നാടുവിടുകയും ചെയ്തവരായിരുന്നു.

ഹുദൂർ എല്ലാവരേയും ഹസ്തദാനം ചെയ്യുകയും ചിലരോട് വരുന്ന സ്ഥലത്തെ കുറിച്ചും ജമാഅത്തിനെ കുറിച്ചും ചോദിച്ചറിയുകയും ചെയ്തു. ചിലരുടെ അഭയാർഥി കേസുകളെ കുറിച്ചും ചോദിച്ചറിഞ്ഞു. ഇന്ന് ഹുദൂറിനെ കണ്ട് ഇവരെല്ലാവരും സൗഭാഗ്യരായി. ഹുദൂറിൽ നിന്ന് ഒരിക്കലും തീരാത്ത ദുആകളുടെ നിധികളും നേടിക്കൊണ്ട് മസ്ജിദ് ഹാളിൽനിന്ന് പുറത്തേക്കുവന്നുകൊണ്ടിരുന്ന അവരുടെ ഹൃദയാവസ്ഥ വിസ്മയിപ്പിക്കുന്നതായിരുന്നു. അധിക പേരുടേയും കണ്ണുകൾ ഈറനണിഞ്ഞിരുന്നു.

**ഈമാൻവർധക അനുഭവങ്ങളും പ്രതികരണങ്ങളും**

☆ റബ്വയിൽ നിന്നുവന്ന ഒരു യുവാവ് തന്റെ വികാരങ്ങൾ ഇങ്ങനെ പ്രകടിപ്പിച്ചു: ഇന്ന് ഞാൻ വളരെ സന്തോഷവാനാണ്. എന്റെ ജീവിതാഭിലാഷം പൂവണിഞ്ഞു. ഞാൻ ഹുദൂറിന്റെ കൈകളിൽ മുത്തി. എന്റെ ആഗ്രഹം ഇന്ന് പൂർത്തിയായി. അല്ലാഹുവിന് എത്ര നന്ദി പറഞ്ഞാലും മതിയാകുകയില്ല.

☆ ചോണ്ടയിൽ നിന്നുവന്ന ഒരു അഹ്മദി യുവാവ് പറയുന്നു: എനിക്ക് ഹുദൂറിന്റെ കൈയിൽ സ്പർശിക്കാൻ കഴിഞ്ഞു. ഹുദൂർ ഹസ്തദാനം ചെയ്തു. ഇന്നെന്റെ ഹൃദയാഭിലാഷം പൂർത്തിയായി. ഇന്ന് ഞാൻ എത്രമാത്രം സൗഭാഗ്യവാനാണ്.

☆സിയാൽക്കോട്ടിൽ നിന്നുവന്ന ഒരു യുവാവ് തന്റെ വികാരം ഈ വാക്കുകളിൽ പ്രകടിപ്പിച്ചു: എന്റെ പ്രിയപ്പെട്ട ഇമാമുമായുള്ള കൂടിക്കാഴ്ച നിമിഷങ്ങൾ എന്റെ ജീവിതത്തിലെ ഏറ്റവും സുപ്രധാന നിമിഷങ്ങളായിരുന്നു. ഇത് ഞാൻ ജീവിതത്തിലൊരിക്കലും മറക്കില്ല. ജീവിതമുണ്ടെങ്കിൽ ഇതുതന്നെയാണ് ജീവിതം.

☆ ഉക്കാഡയിൽ നിന്നുവന്ന ഒരു യുവാവ് പറയുന്നു: ഞാനെത്ര ഭാഗ്യവാനാണ്. ഞാൻ ഹുദൂറിന് സലാം പറഞ്ഞു. ഹുദൂർ എന്റെ കൈപിടിച്ചു. എനിക്ക് പുതിയ ജീവിതം ലഭിച്ചു. എന്റെയുള്ളിൽ ഒരു ആത്മീയാവസ്ഥ സംജാതമായി. ഞാൻ മുമ്പേതന്നെ മാറിക്കഴിഞ്ഞിരുന്നു. വിവരണാതീതമാണ് എന്റെ അനുഭവം.

☆കണ്ടിയാറു സന്ധിൽനിന്നുവന്ന ഒരു സാഹിബ് പറയുന്നു: എന്റെ ഹൃദയം ആ സമയത്ത് വികാരഭരിതമായിരുന്നു. വിവരണാതീതമാണ് അനുഭവം. എനിക്കിന്ന് പുതു ജീവിതം ലഭിച്ചു എന്നു മാത്രമേ പറയാനുള്ളൂ.

☆സിയാൽക്കോട്ടിൽനിന്നു വന്ന ഒരു യുവാവ് തന്റെ വികാരങ്ങൾ ഈ വാക്കുകളിൽ പ്രകടിപ്പിച്ചു: എന്റെ ഹൃദയം സമാധാനപൂരിതമായി. എനിക്ക് പുതിയ ജീവിതം ലഭിച്ചു. എന്റെയുള്ളിൽ ആത്മീയത അനുഭവിക്കാൻ എനിക്ക് കഴിയുന്നു. ഇന്നത്തെ കൂടിക്കാഴ്ച എന്റെ ജീവിതത്തിലെ ഒരു അത്ഭുത ദൃഷ്ടാന്തമാണ്. പാക്കിസ്താനിൽ താമസിക്കുമ്പോൾ ഹുദൂറിനെ കാണാൻ കഴിയുമെന്ന് ഒരിക്കലും വിചാരിച്ചിരുന്നില്ല. എന്റെ ജീവിതത്തിലെ ഏറ്റവും ആനന്ദകരമായ നിമിഷമായിരുന്നു ഈ കൂടിക്കാഴ്ച.

☆റബ്വയിൽ നിന്നുവന്ന ഒരു യുവാവ് പറയുന്നു: ഈ സമയം എന്റെ ഹൃദയം വളരെ ചലനാത്മകമാണ്. കൈകൾ വിറയ്ക്കുന്നു. സംസാരിക്കാൻ കഴിയുന്നില്ല. എന്റെയവസ്ഥ എന്താണെന്ന് വിവരിക്കാൻ ഞാൻ അശക്തനാണ്. എന്റെ ഹൃദയാഭിലാഷം പൂവണിഞ്ഞു എന്നും എന്റെ ലക്ഷ്യത്തിൽ വിജയിച്ചു എന്നുംമാത്രമേ എനിക്ക് പറയാനാകുന്നുള്ളൂ.

☆സിയാൽക്കോട്ടിൽനിന്നുവന്ന ഒരു സ്നേഹിതൻ പറയുന്നു: ഹുദൂറുമായുള്ള ഈ കൂടിക്കാഴ്ച മുഖേന അല്ലാഹു എന്റെ മേൽ വലിയ അനുഗ്രഹമാണ് ചൊരിഞ്ഞത്. ഹുദൂറിനെ വളരെ സമീപത്തു നിന്നു കാണാൻ കഴിഞ്ഞതിൽ ഞാൻ എത്രമാത്രം സൗഭാഗ്യവാനാണ്. എന്റെ ഹൃദയം ശാന്തി നിരഭരമായിരുന്നു. ഹുദൂർ എന്റെ കൈപിടിച്ചു വെച്ചിരുന്നു.

☆റബ്വയിൽ നിന്നുവന്ന ഒരു സ്നേഹിതൻ പറയുന്നു: എന്റെ ഹുദൂറുമൊത്തുള്ള ആദ്യ കൂടിക്കാഴ്ചയായിരുന്നു ഇത്. എന്റെ ഹൃദയം വികാരനിർഭരമായിരുന്നു. വാക്കുകൾ എനിക്ക് പ്രകടിപ്പിക്കാൻ കഴിയുന്നില്ല. ഹുദൂറിന്റെ മുഖത്ത് പ്രകടമായിരുന്ന പ്രകാശം വിവരിക്കാൻ എനിക്ക് വാക്കുകളില്ല.

☆റഹീംയാർ ഖാനിൽനിന്നുവന്ന ഒരു യുവാവ് തന്റെ വികാരങ്ങൾ ഇങ്ങനെ പ്രകടിപ്പിച്ചു: എനിക്ക് മാതാപിതാക്കളില്ല. ഇന്നെന്റെ ജീവിതത്തിന് വളരെ ശാന്തി ലഭിച്ചു. നമ്മുടെ ജീവിതത്തിന്റെ ലക്ഷ്യം എന്താണെന്ന് ഇന്നെനിക്ക് മനസ്സിലായി. ഈ ഏതാനും നിമിഷങ്ങൾ എന്റെ ജീവിതത്തെ മാറ്റിമറിച്ചു.

☆റബ്വയിൽനിന്നുവന്ന ഒരു സ്നേഹിതൻ പറയുന്നു: ഇന്ന് ഹുദൂറുമൊത്തുള്ള എന്റെ ആദ്യ കൂടിക്കാഴ്ചയായിരുന്നു. റബ്വയിൽ ഞങ്ങൾ ഹുദൂറിനെ ടീവിയിലാണ് കണ്ടിരുന്നത്. എപ്പോഴെങ്കിലും ഹുദൂറിനെ ഒന്ന് കാണണമെന്നത് ഹൃദയത്തിന്റെ ശക്തിമത്തായ ആഗ്രഹമായിരുന്നു. അല്ലാഹു അവന്റെ ഔദാര്യത്താൽ ഈ ആഗ്രഹം പൂർത്തിയാക്കി തന്നു. ഹുദൂറിനെ എന്റെ കൺമുന്നിൽ കാണാൻ കഴിഞ്ഞു. ഹുസൂറിന് കൈകൊടുക്കാനും സംസാരിക്കാനും കഴിഞ്ഞു.

☆റാവൽപിണ്ടിയിൽ നിന്നു വന്ന ഒരു യുവാവ് പറയുന്നു: കൂടിക്കാഴ്ചക്ക് ശേഷമുള്ള എന്റെ ഹൃദയാവസ്ഥ വാക്കുകളിൽ വിവരിക്കാൻ ഞാൻ അശക്തനാണ്. ഞങ്ങൾ എം. ടി. ഏയിലൂടെയായിരുന്നു ഹുദൂറിനെ കണ്ടിരുന്നത്. ഹുദൂറിനെ വളരെയടുത്ത് ഇന്ന് കാണാൻ സാധിച്ചതിലും വലിയ സൗഭാഗ്യം എന്റെ ജീവിതത്തിൽ മറ്റൊന്നുമില്ല. ഹുദൂറിന്റെ കൈ സ്പര്ശിക്കാനും മുത്താനും സംസാരിക്കാനും കഴിഞ്ഞു. ജർമനിയിൽവന്ന എന്റെ ലക്ഷ്യം പൂവണിഞ്ഞിരിക്കുന്നു. അത്യുന്നതനായ ദൈവം ഹുദൂറിന് ദീർഘകാല ജീവിതം പ്രദാനം ചെയ്യുമാറാകട്ടെ. ഖിലാഫത്തുമായുള്ള നമ്മുടെ ബന്ധം കൂറോടു കൂടി എന്നും നിലനില്ക്കുമാറാകട്ടെ. നമ്മുടെ മക്കളും എന്നും ഖിലാഫത്തിനോട് ചേർന്ന് നിൽക്കുന്നവരാകട്ടെ. കൂറോടെയുള്ള ബന്ധം നിലനിറുത്തുമാറാകട്ടെ.

☆റബ്വയിൽനിന്നുവന്ന ഒരു യുവാവ് പറയുന്നു: എന്റെ ഹൃദയം ഇപ്പോഴും തുടിച്ചു കൊണ്ടിരിക്കുന്നു. ശരീരം വിറയൽ കൊള്ളുന്നു. എന്റെ ഹൃദയത്തിന് വളരെ സൗഖ്യം ലഭിച്ചു എന്ന് മാത്രമേ ഞാൻ പറയാൻ ആഗ്രഹിക്കുന്നുള്ളൂ. എന്റെ ജീവിതത്തിലെ എല്ലാം എനിക്ക് ലഭിച്ചു കഴിഞ്ഞു.

☆റബ്വയിൽനിന്നുവന്ന ഒരു യുവാവ് പറയുന്നു: ഇത് എന്റെ വളരെ വലിയ സൗഭാഗ്യമാണ്. വാക്കുകളിൽ വിവരിക്കാൻ ഞാൻ അശക്തനാണ്. എം.ടി.എയിലൂടെ ഹുദൂറിനെ ഞങ്ങൾ കാണാറുണ്ടായിരുന്നു. ഇന്ന് ഹുദൂറിനെ നേരിൽ കാണാൻ സാധിച്ച ദാഹിക്കുന്ന ആത്മാവിന്റെ ഉടമകളിൽ ഒരാളായി ഞാനും. ഇന്നും ഹുദൂറുമായി കൂടിക്കാഴ്ച നടത്താൻ കാത്തുനില്ക്കുകയാണ്. ഇന്ന് ഞാൻ ഹുദൂറിനെ അടുത്തുനിന്നു കണ്ടു. ഹുദൂർ അൻവറിന്റെ കരങ്ങൾ സ്പർശിച്ചു. ബർക്കത്തുകൾ കരസ്ഥമാക്കി. ഞാൻ ഇത്രമാത്രം പറയാനാഗ്രഹിക്കുകയാണ്, ഞാൻ പ്രകാശമൊന്നുമാത്രമാണ് കണ്ടത്.

☆ഘോരിയാനിൽനിന്നു വന്ന ഒരു സാഹിബ് ചോദിച്ചു: ഹുദൂർ അൻവറിന്റെ മുഖകമലത്തിലുള്ള പ്രകാശം കാരണത്താൽ എനിക്കു സംസാരിക്കാൻ കഴിയുന്നില്ല. ഇന്ന ഇന്ന കാര്യങ്ങൾ പറയണമെന്ന് വിചാരിച്ചാണ് ഞാൻ വന്നത്. പക്ഷേ, ഒന്നും പറയാൻ സാധിക്കുന്നില്ല. എന്റെ ശരീരം വിറയ്ക്കുകയാണ്. എനിക്കു സംസാരിക്കാൻ കഴിയുന്നില്ല.

☆ ഗുജ്റാത്തിൽനിന്നു വന്ന ഒരു യുവാവ് പറഞ്ഞു, ഞാൻ ഹുദൂറുമായി സംസാരിക്കാൻ ശ്രമിച്ചു. പക്ഷേ, എനിക്കു സംസാരിക്കാൻ കഴിഞ്ഞില്ല. എന്റെ ഹൃദയം ഇടിക്കുകയാണ്. ഹുദൂർ അൻവർ സ്വയം എന്നോടു സംസാരിച്ചു. എന്റെ കേസിനെ കുറിച്ച് ചോദിച്ചു. ആ നേരത്തും എന്റെ ശരീരത്തിൽ വിറയൽ അനുഭവപ്പെട്ടിരുന്നു.

☆റബ്വയിൽനിന്ന് വന്ന ഒരു യുവാവ് പറഞ്ഞു: എന്റെ ഹൃദയം ഇടിക്കുകയാണ്. എന്റെ ശരീരം വിറയ്ക്കുകയാണ്. ഹുദൂറിന്റെ മുഖത്ത് എത്രത്തോളം പ്രകാശമായിരുന്നുവെന്നാൽ എനിക്ക് ഒന്നും കാണാൻ കഴിഞ്ഞില്ല. എനിക്കു സംസാ

**ഹദീഥുന്നബ്വി (സ):**

*നബി(സ)തിരുമേനി പറഞ്ഞു: 'നീ ധാരാളം സുജൂദ് ചെയ്യണം. എന്തുകൊണ്ടെന്നാൽ അല്ലാഹുവിനുവേണ്ടി നീ ചെയ്യുന്ന ഒരു സുജൂദിനു പകരം അല്ലാഹു നിന്നെ ഒരു പടി ഉയർത്തുകയും അതു കൊണ്ടുതന്നെ ഒരു പാപം നിനക്കു പൊറുക്കുകയും ചെയ്യും.'(മുസ്ലിം)*

ത്വാലിബെ ദുആ:
Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.

**ഹദീസുന്നബ്വി(സ)**

**നബി(സ)തിരുമേനി പറഞ്ഞു:**
**'സദ്വൃത്തിയോടൊപ്പം ദീർഘായുസ്സ് ലഭിച്ചിട്ടുള്ളവനാണ് ജനങ്ങളിൽ മഹോന്നതൻ.'**
**(തിർമുദി)**

ത്വാലിബെ ദുആ:
Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.

രിക്കാൻ സാധിച്ചില്ല. അദ്ദേഹത്തിന്റെ കണ്ണുകൾ കണ്ണീരുകൊണ്ട് നിറഞ്ഞിരിക്കുകയായിരുന്നു.

☆ഘാരിയാനിൽനിന്നു വന്ന ഒരു യുവാവ് പറഞ്ഞു: ഇന്നു ഹുദൂർ അൻവറുമായി നടന്ന കൂടിക്കാഴ്ചയ്ക്കുശേഷം ഞാൻ എന്നെ സൗഭാഗ്യവാനായി മനസ്സിലാക്കുന്നു. അല്ലാഹു ഹുദൂറിന് ദീർഘായുസ് നല്കുമാറാകട്ടെ. ഖിലാഫത്തിന്റെ തണൽ എപ്പോഴും നമ്മുടെമേൽ ഉണ്ടായിരിക്കട്ടെ.

☆സാംഗ്ലാ ബെല്ലിൽനിന്ന് വന്ന ഒരു യുവാവ് പറഞ്ഞു: 'ഇന്ന് ഞാനെന്റെ സന്തോഷാവസ്ഥ വാക്കുകളിൽ പറയാൻ ശക്തിയില്ലാത്തവനാണ്. ഏതെങ്കിലും ഒരു മനുഷ്യന് തന്റെ വിലപിടിച്ച വസ്തു കളഞ്ഞുപോകുകയും പിന്നീട് ലഭിക്കുകയും ചെയ്യുമ്പോളുണ്ടാകുന്ന സന്തോഷത്തെക്കാൾ പതിന്മടങ്ങ് സന്തോഷമാണ് എനിക്കുളളത്. ഞങ്ങൾ ഞങ്ങളുടെ ആഖായെ കാണാൻ വെമ്പൽ കൊള്ളുകയായിരുന്നു. ഇന്ന് ആ ദർശനമുണ്ടായി. ഇന്ന് എനിക്ക് വലിയൊരു നിഅ്മത്തു കിട്ടിയപോലെയാണ് അനുഭവപ്പെടുന്നത്. ഈ കൂടിക്കാഴ്ച ഞാൻ ജീവിതംമുഴുവൻ ഓർമവെക്കുന്നതാണ്.

☆ശെയ്ഖുപുരയിൽനിന്നു വന്ന ഒരു സ്നേഹിതൻ പറഞ്ഞു:അല്ലാഹുവിന് ലക്ഷോപലക്ഷം നന്ദി. അവൻ ഇന്ന് കൂടിക്കാഴ്ചയ്ക്കുള്ള അവസരം നല്കി അനുഗ്രഹിച്ചു. ഞാൻ വളരെ ഭാഗ്യവാനാണ്. എനിക്ക് ഈ കൂടിക്കാഴ്ച ജീവിതംമുഴുവൻ ഓർമയുണ്ടായിരിക്കും.

☆റബ്വയിൽനിന്ന് വന്ന ഒരു യുവാവ് പറഞ്ഞു: എനിക്കിവിടെ ഹാളിൽനിന്ന് പുറത്തുപോകാൻ തോന്നുന്നില്ല. ഒരു മൂലയിൽനിന്ന് ഹുദൂറിനെ നോക്കിക്കൊണ്ടിരിക്കാൻ മനസ് ആഗ്രഹിക്കുന്നു. എന്റെ ഹൃദയം ഇടിക്കുകയാണ്. കൈകൾ വിറയ്ക്കുകയാണ്. കണ്ണുകൾ നിറഞ്ഞൊഴുകുകയാണ്.

☆റബ്വയിൽനിന്ന് വന്ന മറ്റൊരു യുവാവ് പറഞ്ഞു: ഈ സമയത്ത് എന്റെ ഹൃദയം ഉള്ളിൽനിന്ന് കരയുകയാണ്. എന്റെ മാതാപിതാക്കൾ വഫാത്തായിപ്പോയി. ഇന്ന് ഞാൻ അവരിരുവർക്കും വേണ്ടി ദുആയ്ക്ക് അപേക്ഷിച്ചു. എനിക്കിന്ന് ഒരുപാട് സമാധാനം കിട്ടി. ഇന്നത്തെ ദിവസം എന്റെ ജീവിതത്തിലെ സുപ്രധാന ദിവസമാണ്.

☆ഗുജറൻവാലയിൽനിന്ന് വന്ന ഒരു യുവാവ് പറഞ്ഞു:'എന്റെ ജീവിതത്തിലെ എല്ലാ ആഗ്രഹങ്ങളും ഇന്ന് പൂർത്തിയായിരിക്കുന്നു. എന്നെ എന്റെ ജീവിതത്തിലെ ഒരു ആഗ്രഹവും അവശേഷിക്കുന്നില്ല. ജീവിതത്തിൽ ഇത്തരം അവസ്ഥ എപ്പോഴാണ് ഇനി കിട്ടുകയെന്ന് അറിയില്ല. ഞാൻ വലിയ ഭാഗ്യവാനാണ്; അല്ലാഹുവിന്റെ ഖലീഫയുടെ കരങ്ങൾ സ്പർശിച്ചു.

☆റബ്വയിൽനിന്ന് വന്ന മറ്റൊരു യുവാവ് പറഞ്ഞു: ജീവിതത്തിൽ ഹുദൂറുമായി കൂടിക്കാഴ്ച ഉണ്ടാകണമെന്ന് ഞാൻ ദുആ ചെയ്യാറുണ്ടായിരുന്നു; എനിക്കും ഹുദൂറിനെ കാണാൻ ഭാഗ്യം കിട്ടണമെന്നും. ഇന്നു ഞാൻ ഭാഗ്യവാനാണ്. എന്റെ ദുആ സ്വീകരിക്കപ്പെട്ടു. ഇന്ന് ഹുദൂറിനെ ദർശിക്കാനുള്ള നിമിഷം എനിക്ക് കൈവന്നു. ഞാൻ എന്റെ കൈ ഹുദൂർ അൻവറിന്റെ കൈകളിൽ കൊടുത്തു. ഹുദൂർ അൻവറിനോടു ദുആയ്ക്കും അപേക്ഷിച്ചു.

അധികം യുവാക്കളും പറഞ്ഞത് ഇന്ന് തങ്ങൾക്കുണ്ടായ സന്തോഷം വിവരിക്കാൻ വാക്കുകളില്ലെന്നാണ്. ഇന്ന് ഞങ്ങൾ കണ്ടതിനേയും പ്രാപിച്ചതിനേയും കുറിച്ച് ആദ്യമൊരിക്കലും ചിന്തിച്ചിട്ടുപോലമില്ല. ഇന്ന് കൂടിക്കാഴ്ച നടത്തിയ എല്ലാ സഹോദരങ്ങളും യുവാക്കളും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനുള്ള സൗഭാഗ്യവും കരസ്ഥമാക്കിയിരുന്നു. കൂടിക്കാഴ്ചയുടെ ഈ പ്രോഗ്രാം 6.32 വരെ തുടർന്നു.

**കുടുംബങ്ങളുമൊത്തുള്ള കൂടിക്കാഴ്ച**

അതിനുശേഷം ഹുദൂർ ഓഫീസിലെത്തി. അവിടെ പരിപാടിയനുസരിച്ച് കൂടിക്കാഴ്ചകൾ ആരംഭിച്ചു. ഇന്നു വൈകുന്നേരത്തെ ഈ സെഷനിൽ 29 കുടുംബത്തിൽ നിന്നുള്ള118 അംഗങ്ങളും ഇതു കൂടാതെ 40 പേർ വ്യക്തിപരമായും കൂടുക്കാഴ്ചയ്ക്കുള്ള സൗഭാഗ്യം കരസ്ഥമാക്കി. കൂടിക്കാഴ്ച നടത്തിയ കുടുംബങ്ങൾ ജർമനിയിലെ 70 വിവിധ ജമാഅത്തുകളിൽനിന്നു വന്നവരായിരുന്നു.

അവരിൽ ചിലർ ഹുദൂറുമായി കൂടിക്കാഴ്ച നടത്താൻ ദീർഘയാത്രചെയ്ത് വന്നവരാണ്. കാസിൽ,കോലൻ,ഡോർട്ടുമെന്റ് എന്നീ സ്ഥലങ്ങളിൽ നിന്നുവന്നവർ 200 കിലോ മീറ്ററും ഡസ്സൽ ഡോർട്ട്, ബോൺ എന്നീ സ്ഥലത്തുനിന്നുവന്നവർ 230 കിലോമീറ്ററും Reutlingen നിന്നുവന്നവർ 250 കിലോമീറ്ററും ബോഖാൾട്ട് എന്ന സ്ഥലത്തുനിന്ന് വന്നവർ 300 കിലോ മീറ്ററും യാത്ര ചെയ്താണ് വന്നത്. ഇതിനു പുറമെ ഇന്ന് കൂടിക്കാഴ്ച നടത്തിയവരിൽ പാക്കിസ്താൻ, ഘാന, ബുർക്കിനാ ഫാസോ, സ്വിറ്റ്സർലാന്റ്, ടൻസാനിയ, സൗദി അറബ്, ബെനിൻ, സെനഗൾ, ആസ്ത്രേലിയ, ലൈബീരിയ, കോംഗോ, മാലി, നൈജീരിയ, സിയറ ലിയോൺ, ഗാംബിയാ, യുനാൻ,ഫിൻലാന്റ് തുടങ്ങിയ രാജ്യങ്ങളിൽനിന്നുള്ള ജമാഅത്തംഗങ്ങളും കുടുംബങ്ങളും കൂടിക്കാഴ്ചയ്ക്കുള്ള ഭാഗ്യം കരസ്ഥമാക്കി.

കൂടിക്കാഴ്ച നടത്തിയ എല്ലാ അംഗങ്ങളും ഹുദൂറുമൊത്ത് ഫോട്ടോയും എടുത്തു. ഹുദൂർ വിദ്യാർഥിവിദ്യർഥിനികൾക്ക് പേനകളും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും വാത്സല്യത്തോടെ നല്കി. കൂടിക്കാഴ്ചയുടെ ഈ പരിപാടി വൈകുന്നേരം എട്ടരമണിവരെ നീണ്ടുനിന്നു. അതിനുശേഷം ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി.

**ആമീൻ പരിപാടി.**

അതിനുശേഷം പരിപാടിയനുസരിച്ച് 9.25ന് ഹുദൂർ അയ്യദുല്ലാഹ് മസ്ജിദിന്റെ പുരുഷന്മാരുടെ ഹാളിൽ ആഗതരായി. ആമീൻ പരിപാടിക്ക് തുടക്കം കുറിച്ചു. താഴെ പറയുന്ന 38 കുട്ടികളാണ് ഈ പരിപാടിയിൽ പങ്കെടുത്തത്. ഹുദൂർ ഓരോരുത്തരിൽനിന്നും ഓരോരോ ആയത്തുകൾ കേട്ടു. അവസാനം ദുആ ചെയ്തു.

അസീസം ഫൗസാൻ അഖ്തർ, ത്വലാൽ അഹ്മദ്, ഹസീബ് മലിക്, ശായാൻ അഹ്മദ് കാഹിലൂൺ, ജാദിബ് അഹ്മദ്, നായാബ് അഹ്മദ് ത്വാഹിർ, ശുഅയ്ബ് അഹ്മദ് ഖാൻ, നൂറുദ്ദീൻ ചെഗ്ത്തായി, ആയാൻ അഹ്മദ്, ഹസീബ് അഹ്മദ്, റാണാ മസ്റൂർ അഹ്മദ് മഹ്മൂദ്, ഫാരിസ് അഹ്മദ്, ഫാറാൻ അഹ്മദ് മുസ്തഫാ, തഹ്രീം അത്വാ, ഫഹീം അഹ്മദ്, തൗഹീദ് അഹ്മദ്, കൃഷ്ണൻ അഹ്മദ്, ദർമാൻ അഹ്മദ്, മുബാറക്, ലുഖ്മാൻ മഹ്മൂദ്, ശായാൻ ഹഫീള്, നവേദ് അഹ്മദ് നിഥാർ, മസ്വൂർ അഹ്മദ്.

അസീസ അലീശ മലിക്, ഖുബാൻ ഖമർ, അലീന രൂപ് റഫീഖ്, അൻവിശ് അത്തീഖ് കാഇന ഇംതിയാസ്,ലബീന സൂസൺ അഹ്മദ്, മാരിയ ത്വാരിഖ്, അർജ് ലില്ലി മുബാറക്, ഹാനിയ അഫ്സാ ശഹ്റോസ്, ഹിബത്തുശ്ശാഫി മുബാറക്, ആഫിയ ആസിം, സ്വബീയ അഞ്ചും പാൽ, ഹൂറിയ കാഇനാത്ത് കാശിഫ്, അറൂസ അഹ്മദ്, ഫരീദ തൻവീർ, ആബിദ ബിലാൽ

ആമീൻ പരിപാടിക്കുശേഷം ഹുദൂർ അയ്യദഹുല്ലാഹ് മഗ്രിബ് ഇശാ ജംആക്കി നമസ്കരിപ്പിച്ചു.

## 2019 ജൂലായാ 04

ഹുദൂർ അയ്യദഹുല്ലാഹ് 4.15 ന് ആഗതരായി സുബ്ഹി നമസ്കരിപ്പിച്ചു. രാവിലെ ഓഫീസ് സംബന്ധമായ കാര്യങ്ങളിൽ മുഴുകി.കത്തുകളും റിപ്പോർട്ടുകളും വായിച്ചു നിർദേശങ്ങൾ കൊടുത്തു. രണ്ടു മണിക്ക് ആഗതരായി ളുഹർ അസ്ർ ജംആക്കി നമസ്കരിപ്പിച്ചു.

**കൾസറോയി ജൽസഗാഹിലേക്ക് പുറപ്പെടൽ:**

ഇന്ന് പ്രോഗ്രാം അനുസരിച്ച് കാൾസറോയി ജൽസാഗാഹിലേക്കുള്ള യാത്രയായിരുന്നു. 5.45 ന് ഹുദൂർ താമസസ്ഥലത്തുനിന്നു പുറത്തു വന്നു. ദുആ ചെയ്തു. ഇവിടെനിന്ന് Karisruhe ലേക്ക് യാത്ര പുറപ്പെട്ടു.

ഫ്രാങ്കഫോർട്ട് ബയ്ത്തുസ്സുബൂഹിൽനിന്ന് Karis-ruhe ലേക്ക് 160 കിലോമീറ്ററാണ്. ഇവിടെ ജൽസ നടക്കുന്ന സ്ഥലത്തിന്ഗങ്ങളലലൈ എന്നാണ് പറയുന്നത്. ഇതിന്റെ മൊത്തം വിസ്തീർണം ഒരു ലക്ഷത്തി അമ്പതിനായിരം സ്ക്വയർ മീറ്ററാണ്. അതിന്റെ കവേഡ് ഭാഗം എഴുപതിനായിരം സ്ക്വയർ മീറ്ററാണ്. ഇതിൽ നാലു വലിയ ഹാളുകളുണ്ട്. ഈ നാലു ഹാളുകളും എയർകണ്ടീഷൻസാണ്. ഓരോ ഹാളിന്റേയും വിസ്തീർണം 1250 സ്ക്വയർ മീറ്ററാണ്. ഓരോ ഹാളിലും കസേരയിൽ പന്ത്രണ്ടായിരം പേർക്കിരിക്കാം. ഓരോ ഹാളിലും 18000 ആളുകൾക്ക് നമസ്കരിക്കാം. ഈ നാലു ഹാളുകളോടു ചേർന്ന് മൊത്തത്തിൽ 128 ശുചിമുറുകളുണ്ട്. ധാരാളം ചെറിയ ഹാളുകളും മുറികളുമുണ്ട്. ഇവിടെ 10000 വാഹനങ്ങൾക്ക് പാർക്കുചെയ്യാൻ സൗകര്യമുണ്ട്.

ഏകദേശം ഒരു മണിക്കൂർ 55 മിനിറ്റ് ഡ്രൈവിംഗിനുശേഷം 7.40ന് ഹുദൂർ അൻവർ ജൽസാഗാഹിലെത്തി. ഹുദൂർ വാഹനത്തിൽനിന്നിറങ്ങിയ ഉടനെ അഫ്സർ ജൽസാസാലാന മുഹമ്മദ് ഇൽയാസ് മജൂക്കെ സാഹിബും ജൽസാഗാഹ് അഫ്സർ ഹാഫിള് മുസഫർ ഇംറാൻ സാഹിബും ഹുദൂറിനെ വരവേറ്റു. അതിനുശേഷം ഹുദൂർ അൻവർ കുറച്ചുസമയത്തേക്ക്താമസസ്ഥലത്തേക്ക്പോയി.

**പരിശോധന**

ഏകദേശം 8 മണിക്ക് ജൽസാസാലാനയുടെ ഒരുക്കങ്ങൾ പരിശോധന ആരംഭിച്ചു. നാഇബ് അഫ്സറാൻ ജൽസാസാലാന–അവരുടെ എണ്ണം 14 ആണ്–ഒരു വരിയിൽ നില്പുണ്ടായിരുന്നു. ഹുദൂർ അൻവർ അവരുടെ അടുത്തൂടെ കടന്നുപോകുമ്പോൾ കൈയുയർത്തി എല്ലാവർക്കും അസ്സലാമുഅലയ്ക്കും പറഞ്ഞു. ഹുദൂർ പറഞ്ഞു, 'ഇവരാണ് നാഇബ് അഫ്സറാൻ അല്ലേ!' ഹംബർഗ് ജമാഅത്തിൽനിന്ന് 7 ഖുദ്ദാമും 4 അത്ഫാലും 680 കിലോമീറ്റർ യാത്ര അഞ്ചു ദിവസംകൊണ്ട് സൈക്കിളിൽ യാത്ര ചെയ്ത് എത്തി. അവരെല്ലാവരും ഒരു ഭാഗത്ത് നില്പുണ്ടായിരുന്നു. ഹുദൂർ അൻവർ അവരുടെ അടുത്തു പോകുകയും തങ്ങൾ 680 കിലോമീറ്റർ സൈക്കിൾ യാത്ര ചെയ്തു ഇന്നു വന്നതാണെന്ന് അവർ ഹുദൂറിനോടു പറയുകയും ചെയ്തു. അപ്പോൾ ഹുദൂർ അൻവർ പറഞ്ഞു: 'മാശാഅല്ലാഹ്, 680 കിലോമീറ്റർ യാത്ര ചെയ്തുവോ'എന്നു ചോദിക്കുകയും ചെയ്തു.

അതിനുശേഷം ഏറ്റവുമാദ്യം ഹുദൂർ അൻവർ രജിസ്ട്രേഷൻ വകുപ്പും കാർഡ് സ്കീനിംഗ് സിസ്റ്റവും നോക്കിക്കണ്ടു.

പുരുഷന്മാരുടെ ജൽസാഗാഹിനോടു ചേർന്ന് ഒരു തുറന്ന ഏരിയായിൽ ഒരു വലിയ പന്തലിട്ടിരുന്നു. ഹാളിൽ സ്ഥലം കിട്ടാത്തവരെ ഉദ്ദേശിച്ചാണ് ഈ പന്തലിട്ടിരുന്നത്. ഇവിടെ നമസ്കാരത്തിന് സ്വഫ്ഫുകൾ അറിയാൻ ലൈനുകൾ ഇട്ടിരുന്നു. നമസ്കാരത്തിന് സ്ഥലമൊരുക്കിയിരുന്നു. ഹൂദൂർ ഈ പന്തലിനെ സംബന്ധിച്ച് കാര്യങ്ങൾ ചോദിച്ചറിഞ്ഞു.

അതിനുശേഷം ഹുദൂർ ഭക്ഷണസാധനങ്ങളും മറ്റു അത്യാവശ്യ സാധനങ്ങളും വെച്ചിരുന്ന സ്റ്റോറിൽ പോയി. ഇവിടെ നിന്നാണ് ആവശ്യത്തിനനുസരിച്ച് ഓരോ സാധനങ്ങളും വിവിധ വകുപ്പുകളിലേക്ക് ലഭ്യമാക്കിയിരുന്നത്.

ഈ സ്റ്റോറിനെ എതിർവശത്ത് മറ്റൊരു ഭാഗവും കണ്ടു. അതിനെക്കുറിച്ചും ചോദിച്ചു.

അതിനുശേഷം ഹുദൂർ അൻവർ ലങ്കർഖാന പരിശോധിച്ചു. ഏറ്റവുമാദ്യം ഹുദൂർ മാംസം മുറിക്കുന്നതിനെ സംബന്ധിച്ച് ചോദിച്ചു. സംഘാടകരുമായി ഇക്കാര്യത്തിൽ സംസാരിച്ചു. ഈ മാംസത്തെ ഒരു പ്രത്യേക ഊഷ്മാവിൽ സൂക്ഷിക്കുന്നതിനുവേണ്ടി ഒരു കണ്ടയ്നർ പോലുള്ള ഫ്രീസർ കരസ്ഥമാക്കിയിരുന്നു. അതിൽ ടൺകണക്കിന് മാംസം സൂക്ഷിക്കാവുന്നതാണ്.

അതിനുശേഷം ഹുദൂർ ലങ്കർഖാന നോക്കിക്കണ്ടു. ഭക്ഷണം പാകം ചെയ്യുന്ന ഏർപാടുകൾ പരിശോധിച്ചു. ഭക്ഷണത്തിന്റെ നിലവാരവും പരിശോധിച്ചു. **(തുടരും)**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 16 July 2020 Issue-29

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

(പേജ് 2ൽനിന്ന്)

അശക്തനുമാണ്. തന്റെ ഇൽഹാമുകളിൽ ഒരു ശക്തിപ്രഭാവത്തിന്റേയും ഉന്നതപദവിയിലുള്ള അദൃശ്യസംസാരത്തിന്റേയും മാതൃകകാണിക്കാൻ കഴിയുകയില്ല.[6] അവന്റെ തൊണ്ട അടഞ്ഞിരിക്കുന്നു. പ്രതാപനിർഭരതയോടും ഉയർന്ന ശബ്ദത്തിലും സംസാരിക്കാൻ കഴിയില്ല. ഹിജഡകളെപ്പോലെ അവന്റെ ശബ്ദം പതിഞ്ഞതാണ്. ഈ അടയാളങ്ങളാൽ സാത്താനിക ഇൽഹാമുകളെ തിരിച്ചറിയാവുന്നതാണ്. പക്ഷേ, അല്ലാഹു ഊമയെപോലെയോ മൂകനെപോലെയോ അശക്തനെപോലെയോ അല്ല. അവൻ എല്ലാത്തിനും മറുപടി നല്കുന്നു. അവന്റെ ഭാഷണത്തിൽ പ്രതാപവും ഗാംഭീര്യവും ഉയർന്നതലത്തിലുള്ളതുമായ ശബ്ദമുണ്ടാകുന്നു. ഭാഷണത്തിൽ ആകർഷണനിർഭരതയും തികവാർന്ന രുചിയും ഉണ്ടാകുന്നു. ശയ്ത്വാന്റെ ഭാഷണം പതിഞ്ഞും സ്ത്രൈണഭാവത്തിലും സന്ദേഹ വർണത്തിലുമാണുണ്ടാകുന്നത്. അതിൽ പ്രതാപവും ഗാംഭീര്യവും ഉയർന്നതലത്തിലുള്ള ശബ്ദവുമുണ്ടാകുകയില്ല. കൂടുതൽ സമയം തുടരുകയുമില്ല. പെട്ടെന്ന് ക്ഷീണിക്കുന്നതുപോലെ! അതിൽനിന്നും ബലഹീനതയും ഭീരുത്വവും ഇറ്റുന്നു. എന്നാൽ, അല്ലാഹുവിന്റെ ഭാഷണം ക്ഷീണിക്കുന്നതാകുകയില്ല. എല്ലാ തരത്തിലുള്ള ശക്തിയും ഉൾക്കൊള്ളുന്നു. അത് വലിയ വലിയ അദൃശ്യപരമായ കാര്യങ്ങളും ആധികാരികമായ വാഗ്ദാനങ്ങളും അടങ്ങിയതായിരിക്കും. ദൈവികപ്രതാപത്തിന്റേയും മഹത്ത്വത്തിന്റേയും സമ്പൂർണശക്തിയുടേയും പവിത്രതയുടേയും സുഗന്ധം അതിൽനിന്നുണ്ടാകുന്നു. ശയ്ത്വാന്റെ ഭാഷണത്തിൽ ഈ പ്രത്യേകത ഉണ്ടാകുകയില്ല. ഇപ്രകാരംതന്നെ ദൈവവചനം ഒരുശക്തമായ ആകർഷണം ഉൾക്കൊള്ളുന്നതും അടിച്ചുകയറ്റിയ ഒരു ആപ്പുപോലെ മനസ്സിൽ തുളച്ചു കയറുന്നതും മനസ്സിൽ പരിശുദ്ധമായ ഒരു സ്വാധീനമുണ്ടാക്കുന്നതും മനസ്സിനെ തന്നിലേക്ക് വലിച്ചെടുക്കുന്നതുമായിരിക്കും. ആരിലാണോ ഇറങ്ങുന്നത് അവനെ യോദ്ധാവാക്കിത്തീർക്കുന്നു. എത്രത്തോളമെന്നാൽ, അവനെ മൂർച്ചയേറിയ വാളുകൊണ്ട് കഷണംകഷണമാക്കിയാലും അല്ലെങ്കിൽ കഴുമരത്തിൽ കയറ്റിയാലും അല്ലെങ്കിൽ ലോകത്തു സാധ്യമാകാവുന്ന ഏതു തരത്തിലുള്ള പീഢനത്തിന് വിധേയനാക്കിയാലും എല്ലാ തരത്തിലും നിന്ദിക്കുകയും അപമാനിക്കുകയും ചെയ്താലും വറചട്ടിയിൽ ഇരുത്തിയാലും കത്തിച്ചാലും തനിക്കിറങ്ങി കൊണ്ടിരിക്കുന്നത് ദൈവത്തിന്റെ വചനമല്ലെന്ന് അവൻ പറയുകയില്ല. കാരണം അല്ലാഹു അവന് സമ്പൂർണമായ ദൃഢജ്ഞാനം പ്രദാനം ചെയ്യുന്നു. തന്റെ മുഖകമലത്തിന്റെ പ്രേമിയാക്കുന്നു. ജീവനും അന്തസും സമ്പത്തും അവന്റെ പക്കൽ ഒരു കച്ചിത്തുരുമ്പ് പോലെയായിരിക്കും. ലോകം മുഴുവൻ അവനെ ചവുട്ടിമെതിച്ചാലും അവൻ അല്ലാഹുവിന്റെ കോന്തല വിടുകയില്ല. തന്നെ അല്ലാഹുവിൽ ഭരമേല്പിക്കുന്നതിലും ധീരതയിലും സ്ഥൈര്യത്തിലും അതുല്യനായിരിക്കും. എന്നാൽ, ശയ്ത്വാനിൽനിന്ന് ഇൽഹാം പ്രാപിക്കുന്നവനിൽ ഈ ശക്തി ഉണ്ടാകുകയില്ല. അവൻ ഭീരുവായിരിക്കും. കാരണം ശയ്ത്വാൻ ഭീരുവാണ്.(ഹഖീഖത്തുൽ വഹ്യ് റൂഹാനീ ഖസായിൻ വാല്യം 22 പേജ് 134-144) (തുടരും)

---

*4. ഇതിനുകാരണം മാനുഷികമായ ബലഹീനത കൊണ്ട് മനുഷ്യപ്രകൃതിയിൽ ഒരു പിശുക്കുമുണ്ടെന്നതാണ്. സ്വർണത്തിന്റെ ഒരു മലതന്നെ അവന്റെ പക്കലുണ്ടെങ്കിലും പിശുക്കിന്റെ ഒരു ഭാഗം അവന്റെ ഉള്ളിലുണ്ടാകുന്നു. തന്റെ എല്ലാ സ്വത്തും തന്റെ കൈയിൽനിന്ന് വിട്ടുപോകുന്നത് അവൻ ആഗ്രഹിക്കുന്നില്ല. പക്ഷേ, ഹുദല്ലിൽ മുത്തഖീന്റെ ആയത്തു കാരണം ഒരു വരദാനപരമായ ശക്തി അവനോടൊപ്പം ചേരുന്നു. അപ്പോൾ എത്രമാത്രം വിശാല ഹൃദയനാകുമെന്നാൽ എല്ലാ പിശുക്കും സകല ദോഷാത്മാവും അകന്നുപോകുന്നു. അപ്പോൾ അല്ലാഹുവിന്റെ ഇഷ്ടം എല്ലാ സമ്പത്തുകളെക്കാളും പ്രിയപ്പെട്ടതായി തോന്നുന്നു. ഭൂമിയിൽ നശ്വരമായിട്ടുള്ള ഖജനാവുകൾ വാരിക്കൂട്ടണമെന്ന് അവൻ ആഗ്രഹിക്കുകയില്ല. എന്നല്ല ആകാശത്തിൽ തന്റെ സ്വത്തുക്കൾ വാരിക്കൂട്ടുന്നതായിരിക്കും.*

*5. യഥാർഥത്തിൽ പൂർണമായ അനുധാവനമെന്നത് അതേ വർണം പതിയുകയും അതേ പ്രകാശം ഹൃദയത്തിൽ വരികയും ചെയ്യുക എന്നതാണ്. ദഖൽത്തുന്നാർ ഹത്താ സ്വിർത്തു നാറൻ*

*6. സാത്താനിക സ്വപ്നങ്ങളിലും ഇൽഹാമുകളിലും അദൃശ്യമായ വർത്തമാനം എന്തെങ്കിലും ഉണ്ടായിരിക്കുമോ എന്ന ചോദ്യം നിലനില്ക്കുന്നുണ്ട്. ഇതിനുള്ള മറുപടി ഇതാണ്. സാത്താനിക സ്വപ്നങ്ങളിലും ഇൽഹാമുകളിലും വിശുദ്ധ ഖുർആനിൽനിന്ന് പ്രകടമാകുന്നതുപോലെ ചിലപ്പോൾ അദൃശ്യവാർത്ത ഉണ്ടാകാവുന്നതാണ്. എന്നാൽ, അത് മൂന്നു ലക്ഷണങ്ങൾ ഉൾക്കൊള്ളുന്നതാണ്. (1)ഒന്നാമത്തേത് ആ അദൃശ്യത ഒരു ആധികാരികമായ അദൃശ്യതയായിരിക്കുകയില്ല; ദ്രോഹങ്ങളിൽ നിന്ന് പിൻമാറാത്ത വ്യക്തിയെ നാം നശിപ്പിക്കുകയും സത്യസന്ധത കാണിച്ച വ്യക്തിയ്ക്ക് നാം അന്തസ്സ് നല്കുകയും നാം നമ്മുടെ നബിയെ സഹായിക്കുന്നതിന് ഇന്ന അടയാളം കാണിക്കുകയും ചെയ്യുമെന്നും അതിനെ നേരിടാൻ ആർക്കും സാധിക്കുകയില്ലെന്നും നാം നിഷേധികളുടെമേൽ ഇന്ന ശിക്ഷ ഇറക്കുന്നതായിരിക്കുമെന്നും മുഅ്മിനീംകൾക്ക് ഇന്ന രീതിയിലുള്ള വിജയവും സഹായവും നല്കുന്നതായിരിക്കുമെന്നുമുള്ള അദൃശ്യത അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ ഉള്ളതുപോലെ. ഇത് ആധികാരികമായ അദൃശ്യതയാണ്. ഇത് ഭരണകൂടത്തിന്റെ ശക്തി ഉൾക്കൊള്ളുന്നു. ഇത്തരം പ്രവചനങ്ങൾ ശയ്ത്വാന് ചെയ്യാൻ സാധിക്കുകയില്ല. (2) രണ്ടാമത്തേത് സാത്താനികമായ സ്വപ്നമോ ഇൽഹാമോ പിശുക്കനെ പോലെയായിരിക്കും. അധികമായ അദൃശ്യത ഉണ്ടായിരിക്കുകയില്ല. റഹ്മാനിയായ മുൽഹമിന്റെ എതിരിൽ അത്തരം വ്യക്തി ഓടി മറയുന്നതാണ്. കാരണം റഹ്മാനിയായ മുൽഹമെന്നെതിരിൽ ഇവന്റെ അദൃശ്യത എത്രമാത്രം കുറഞ്ഞ അളവിലായിരിക്കുമെന്നാൽ സമുദ്രത്തിന്നെതിരിൽ ഒരു തുള്ളി! (3)മൂന്നാമത്തേത് കളവ് അവനിൽ അധികവും അതിജയിച്ചിരിക്കും. എന്നാൽ, റഹ്മാനിയായ സ്വപ്നം അല്ലെങ്കിൽ ഇൽഹാമിനുമേൽ സത്യം വിജയിച്ചു നില്ക്കുന്നു. അതായത് മൊത്തത്തിലുള്ള ഇൽഹാമുകളെ നോക്കുകയാണെങ്കിൽ റഹ്മാനിയായ ഇൽഹാമിൽ സത്യത്തിന്റേതായിരിക്കും അധികമുണ്ടാകുക. സാത്താനികമായതിൽ അതിനു നേരെ വിരുദ്ധവും. നാം മൊത്തം എന്ന പദം റഹ്മാനീ സ്വപ്നങ്ങളേയും ഇൽഹാമുകളേയും കുറിച്ച് ഉപയോഗിക്കാതിരുന്നത് അവയിലും ചില ഇൽഹാം അല്ലെങ്കിൽ സ്വപ്നം സാദൃശത്തിന്റെ വർണത്തിൽ ഉണ്ടാകുന്നതുകൊണ്ടാണ്. അല്ലെങ്കിൽ ഗവേഷണപരമായ നിലയിൽ എന്തെങ്കിലും തെറ്റ് ഉണ്ടായിപ്പോകുന്നു. അജ്ഞനും വിഡ്ഢിയുമായവൻ അത്തരം പ്രവചനങ്ങളെ കളവായി മനസ്സിലാക്കുന്നു. അവരുടെ അസ്തിത്വം കേവലം പരീക്ഷണത്തിനായിട്ടുള്ളതാണ്. ചില റബ്ബാനീ പ്രവചനങ്ങൾ ശിക്ഷാപരമായിട്ടുള്ളതുണ്ടാകും. അവയുടെ പിന്തിക്കൽ അനുവദനീയമാണ്. ഇപ്രകാരംതന്നെ ശയ്ത്വാനീ ഇൽഹാം ആജ്ഞാലംഘകനും അവിശുദ്ധനുമായ മനുഷ്യനുമായി ബന്ധമുള്ളതാകുന്നു. എന്നാൽ, റഹ്മാനീ ഇൽഹാമുകളുടെ ആധിക്യം വെറും പരിശുദ്ധ ഹൃദയർക്കും അല്ലാഹുവിനോടുള്ള സ്നേഹത്തിൽ ലയിച്ചവർക്കുമാണുണ്ടാകുന്നത്.*

## ഹദീഥുന്നബ്വി (സ):

**നബി(സ)തിരുമേനി പറഞ്ഞു:'രണ്ടാളുടെ ഇടയിൽ നീ നീതി പുലർത്തൽ ധർമമാണ്. ഒരാൾ തന്റെ വാഹനത്തിലേറാനോ യാത്രോപകരണങ്ങൾ അതിനുമുകളിൽ കയറ്റിവെക്കാനോ നീ സഹായിക്കലും ഒരു ധർമമാണ്. നല്ല വാക്കു പറയുന്നതും ധർമമാണ്. നമസ്കാരത്തിന് നടന്നുപോകലും ധർമമാണ്. വഴിയിലുള്ള ശല്യം ദൂരീകരിക്കലും കൂടി ഒരു ധർമമാണ്.' (ബുഖാരി മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)**

## നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:

**രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.**
**വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.**

**1800 3010 2131**

**ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin